വേദപ്രചാര

# മദ്ധ്യസ്ഥൻ

വാല്യം 94 ലക്കം 09 । 2022 മാർച്ച്



The official organ of the Archeparchy of Changanacherry

# നാമഹേതുക തിരുനാളാശംസകൾ



നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

അഭിവന്ദ്യ പെരുന്തോട്ടം പിതാവിനും

അഭിവന്ദ്യ പവ്വത്തിൽ പിതാവിനും

പെരിയ ബഹു. വാണിയപ്പുരയ്ക്കലച്ചനും

അതിരൂപത കുടുംബത്തിന്റെ **പ്രാർത്ഥനാശംസകൾ**



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 94 ● ലക്കം 09 ● മാർച്ച് 2022

വേദപ്രചാര
# മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

## ഉള്ളടക്കം


സർക്കുലർ (കെ.സി.ബി.സി.) - മദ്യവിരുദ്ധ ഞായർ ..... 05
കച്ചേരിക്കാര്യം ..... 08
പഞ്ചവത്സര അജപാലനപദ്ധതി ..... 14
പബ്ലിക് റിലേഷൻസ് & ജാഗ്രതാസമിതി ..... 15
MAAC (Media Apostolate Archeparchy of Changanachery) ..... 16
സന്ദേശനിലയം ..... 17
ചെറുപുഷ്പ മിഷൻലീഗ് ..... 20
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ..... 23
ഫാമിലി അപ്പോസ്റ്റലേറ്റ് ..... 26
യുവദീപ്തി - എസ്.എം.വൈ.എം. ..... 29
കെ.സി.എസ്.എൽ ..... 30
CARP ..... 31
ചാസ് ..... 32
ജീവകാരുണ്യനിധി ട്രസ്റ്റ് ..... 38
ദീപിക ഫ്രണ്ട്സ് ക്ലബ്ബ് ..... 40
ആതുരശുശ്രൂഷാ മേഖല ..... 42
പ്രവാസി അപ്പോസ്തലേറ്റ് ..... 44
കെ.എൽ.എം. ..... 45
ആത്മതാകേന്ദ്രം ..... 46
ദലിത് കത്തോലിക്കാ മഹാജനസഭ ..... 47
ഫ്രാൻസിസ്കൻ അല്മായസഭ ..... 49
വിൻസെൻഷ്യൻ വേദി ..... 51
കരിസ്മാറ്റിക് നവീകരണം ..... 53
പൗരോഹിത്യ ആദ്ധ്യാത്മികത ..... 54
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ..... 60



Annual Subscription: Rs. 300/-



Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

## കെ.സി.ബി.സി. സർക്കുലർ
## 20 മാർച്ച് 2022

# മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സന്ദേശം

വന്ദ്യവൈദികരേ, സന്യാസസഹോദരരേ, മിശിഹായിൽ വിശ്വാസികളെ,

2022 ലെ ഈ വലിയ നോമ്പുകാലത്ത് മാർച്ച് 20 മദ്യവിരുദ്ധ ഞായറായി കേരളകത്തോലിക്ക സഭ ഒന്നടങ്കം ആചരിക്കുകയാണ്. മദ്യവും മയക്കുമരുന്നും മനുഷ്യ സമൂഹത്തിൽ ഉണ്ടാക്കുന്ന മഹാവിപത്തിനെതിരെ പ്രതികരിക്കാനും ജനങ്ങളെ ബോധവല്ക്കരിക്കാനുമുള്ള നമ്മുടെ ദൗത്യം നിറവേറ്റുന്നതിന് ഇത് അവസരമൊരുക്കുന്നു. ഇത്തരം ദിനാചരണവും ലഹരിവിരുദ്ധ ബോധവല്ക്കരണവും ലോകാരോഗ്യസംഘടനതന്നെ ആഹ്വാനം ചെയ്തിട്ടുള്ളതാണ്. ഈ കഴിഞ്ഞ ക്രിസ്മസ്-നവവത്സരാഘോഷങ്ങളുടെ പേരുംപറഞ്ഞ് 138 കോടി മദ്യം കുടിച്ചു തീർത്തവരാണ് സമ്പൂർണ സാക്ഷരരെന്നഭിമാനിക്കുന്ന കേരള ജനത. ഇക്കൂട്ടത്തിൽ ഒട്ടുംകുറവല്ലാത്ത ഒരുവിഭാഗം നമ്മുടെ മക്കളാണ് എന്നത് നമ്മുടെ കണ്ണുതുറപ്പിക്കണം. പലപ്പോഴും മദ്യവിരുദ്ധ പ്രസ്ഥാനക്കാരുടെ പ്രധാനപ്രവർത്തനം സർക്കാരിന്റെ മദ്യനയത്തെ വിമർശിക്കലാണ്. തീർച്ചയായും ഭരിക്കുന്നവരുടെ വികലവും ജനദ്രോഹപരവുമായ നടപടികളെ നാം അപലപിക്കണം. എന്നാൽ അതിലും പ്രധാനപ്പെട്ടതാണ് സഭാമക്കൾ മദ്യവും മയക്കുമരുന്നുകളും ഉപേക്ഷിക്കണമെന്ന് ഊന്നിപ്പറയുക എന്നുള്ളത്. കേരളത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം സാമൂഹ്യതിന്മകളാണെന്നും ക്രിസ്തീയജീവിതശൈലിക്ക് നിരക്കാത്തതാണെന്നും ബോധ്യപ്പെടുത്തുന്നതിനുള്ള ശ്രമമാണ് ഈ സർക്കുലർ.

ക്രൈസ്തവവിശ്വാസവും ക്രിസ്തീയ ധാർമ്മികതയും വേർതിരിക്കാനാവാത്തവിധം ബന്ധപ്പെട്ടവയാണ്. രണ്ടിന്റെയും അടിസ്ഥാനം ബൈബിളും സഭയുടെ പഠനങ്ങളും പാരമ്പര്യങ്ങളുമാണ്. സൂനഹദോസുകളുടെ തീരുമാനങ്ങൾക്കും വിശുദ്ധരുടെ ജീവിതമാതൃകകൾക്കും നമ്മുടെ വിശ്വാസ ജീവിതത്തിൽ വലിയസ്ഥാനമുണ്ട്.

**1. ബൈബിൾ:** നമ്മെ വിശുദ്ധീകരിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന ദൈവവചന സമാഹാരമായ ബൈബിളിൽ മദ്യപാനത്തെ കുറ്റപ്പെടുത്തുന്ന 80-ൽ കൂടുതൽ തിരുമൊഴികളുണ്ട്. 'വീഞ്ഞ് പരിഹാസകനും മദ്യം കലഹക്കാരനുമാണ്. അവയ്ക്ക് അടിമപ്പെടുന്നവന് വിവേകമില്ല' (സുഭാഷിതങ്ങൾ 20/1). 'സുഖലോലുപതയിലോ മദ്യലഹരിയിലോ അവിഹിത വേഴ്ചകളിലോ വിഷയാസക്തിയിലോ കലഹങ്ങളിലോ

അസൂയയിലോ വ്യാപരിക്കരുത്' (റോമാ 13/13). വചന വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ മദ്യപിക്കുന്നവർ ചെറുതോ വലുതോ ആയ അളവിൽ ദൈവവചനത്തെ ലംഘിക്കുന്നു.

**2. സഭാപഠനങ്ങൾ:** കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നമ്പർ 2290, 2291 എന്നിവ മദ്യവും മയക്കുമരുന്നുകളും ഗൗരവമായ കുറ്റവും നാശവുമാണെന്ന് വ്യക്തമായി പഠിപ്പിക്കുന്നു. ആരോഗ്യം പരിപോഷിപ്പിക്കുന്നതിനെക്കുറിച്ചാണ് നമ്പർ 2288- ൽ പ്രതിപാദിക്കുന്നത്. മദ്യവും മയക്കുമരുന്നുകളും മനുഷ്യനിലെ സ്നേഹഭാവവും ദൈവികച്ഛായയും തകർത്തെറിയും. ഒരിക്കലും ഒരുവിശ്വാസി അവയെ താലോലിക്കരുത്.

**3. പുണ്യചരിതരുടെ സദുപദേശങ്ങൾ:** വിശുദ്ധരുടെ തിരുനാളുകൾ കൊണ്ടാടുവാൻ സഭാമക്കൾക്ക് ഏറെ സന്തോഷമാണ്. നമ്മുടെ ചർച്ചാവിഷയവുമായി ബന്ധപ്പെട്ട ഏതാനും മാതൃകാ വ്യക്തികളുടെ സന്ദേശങ്ങളും സാക്ഷ്യങ്ങളും ഇവിടെ പ്രസക്തമാണ്. പതിനാറാം നൂറ്റാണ്ടിൽ കേരളത്തിന്റെ കടലോരങ്ങളിൽ സുവിശേഷ വേലചെയ്ത വി. ഫ്രാൻസീസ് സേവ്യർ അക്കാലത്ത് ഇവിടെ സർവ്വസാധാരണമായിരുന്ന മദ്യപാനത്തെ നഖശിഖാന്തരം എതിർത്തിരുന്നു. നവോത്ഥാന നായകനും സി.എം.ഐ സഭാസ്ഥാപകനുമായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ വാക്കുകളിൽ, 'മദ്യപാനം ലോകത്തിന്റെ മുമ്പാകെ അപമാനമുള്ളതും തമ്പുരാന്റെ മുമ്പിൽ എത്രയും ദോഷമുള്ളതുമാണ്'. ചങ്ങനാശേരി രൂപതയുടെ പ്രഥമ തദ്ദേശീയമെത്രാനും SABS സന്യാസസമൂഹത്തിന്റെ സ്ഥാപകനുമായ ധന്യൻ മാർ തോമസ് കുര്യാളശേരി പിതാവ് പ്രസ്താവിച്ചു: 'മദ്യം എന്ന വിഷം മനുഷ്യനുള്ളിൽ പ്രവേശിച്ചാൽ അത് കാട്ടിക്കൂട്ടുന്ന ഗോഷ്ടികളും അനർത്ഥങ്ങളും എന്തുമാത്രമെന്ന് പറഞ്ഞറിയിപ്പാൻ സാധിക്കുന്നതല്ല'. തൃശ്ശൂർ രൂപതയുടെ ഒന്നാമത്തെ മെത്രാനായ അഡോൾഫ് എഡ്വിൻ മെഡ്‌ലിക്കോട്ട് 1891 മീനമാസത്തിലെ ഇടയലേഖനത്തിൽ മദ്യപാനം വരുത്തിവയ്ക്കുന്ന വൻദുരന്തങ്ങൾ വിശദീകരിച്ചുകൊണ്ട് മദ്യപാനികളും മദ്യവില്പനക്കാരും അബ്ക്കാരികളും ഇതിൽ നിന്ന് പിന്തിരിയണമെന്ന് ശക്തമായി ആവശ്യപ്പെട്ടു. തിരുക്കുടുംബ സന്യാസസമൂഹസ്ഥാപകയായ വിശുദ്ധ മറിയം ത്രേസ്യ വീടുവീടാന്തരം കയറിയിറങ്ങി മദ്യപാനികളെ തേടുകയും അവരെ നവീകരിക്കുകയും ചെയ്തിരുന്നു. സി.എം.സി. സഭാംഗമായ വി.എവുപ്രാസ്യ മദ്യപാനികളുടെ ഭാര്യമാരെ സാന്ത്വനിപ്പിക്കുകയും മദ്യവിമുക്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. മലബാറിന്റെ 'മോസസ്' എന്നറിയപ്പെടുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവ് അരനൂറ്റാണ്ടുകാലം മദ്യവിപത്തിനെതിരെ പടപൊരുതി. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ഭാഗ്യസ്മരണാർഹനായ ആർച്ചുബിഷപ്പ് ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് തിരുമേനി, തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആർച്ചുബിഷപ്പ് അഭിവന്ദ്യനായ സൂസൈപാക്യം ഇവ

രൊക്കെ മദ്യം- മയക്കുമരുന്ന് ഇവയുണ്ടാക്കുന്ന വിപത്തുകളെ പൊതുസമക്ഷം നഖശിഖാന്തരം എതിർത്ത് മാതൃക നൽകിയവരാണ്. ദീപ്തമായ ഈ മാതൃകകൾ നമ്മുക്ക് വഴിവെട്ടം പകരട്ടെ.

മദ്യവും മയക്കുമരുന്നുകളും വരുത്തിവയ്ക്കുന്ന കുടുംബകലഹങ്ങൾ, തകർച്ചകൾ, വാഹനാപകടങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ ഇവയൊക്കെ ആർക്കാണ് അറിഞ്ഞുകൂടാത്തത്? നാടിനെയും വീടിനെയും വ്യക്തികളെയും നശിപ്പിക്കുന്ന ഈ തിന്മകൾക്കെതിരെ നമുക്ക് ഒത്തൊരുമിച്ചു പ്രവർത്തിക്കാം. മദ്യമുക്തമായ സഭയും സമൂഹവുമെന്ന പ്രഖ്യാപിത ലക്ഷ്യപ്രാപ്തിക്കായി അക്ഷീണം അദ്ധ്വാനിക്കാം, പ്രാർത്ഥിക്കാം. ലഹരിവിരുദ്ധമായ തിരുവചനങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യാം. ലഹരിവിരുദ്ധമായ സഭാപഠനങ്ങൾ നമുക്ക് നെഞ്ചിലേറ്റാം. ഒരുകാരണവശാലും നമ്മുടെ വീടുകളെ മദ്യപാനപരിശീലന കളരികളാക്കില്ലെന്ന് പ്രതിജ്ഞയെടുക്കാം. അടുത്ത തലമുറയെക്കരുതിയെങ്കിലും ഈ സാമൂഹ്യതിന്മക്കെതിരെ ശക്തമായ നിലപാടുകളെടുത്ത് മുന്നോട്ട് നീങ്ങാൻ സർവ്വശക്തനായ ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടെ! സമൂഹത്തെ മദ്യാസക്തിയുടെ നീരാളിപ്പിടുത്തത്തിൽ നിന്നും മോചിപ്പിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്ന എല്ലാവരും മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഉദാരമായ സംഭാവനകൾ നല്കാൻ മുന്നോട്ടുവരണം. 2022 മാർച്ച് 20-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾക്കായി നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,


**ബിഷപ് യുഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
(വൈസ് ചെയർമാൻ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ് ക്രിസ്തുദാസ് ആർ.**
(വൈസ് ചെയർമാൻ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

കേരളകത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യലായം
പി.ഒ.സി. കൊച്ചി - 682025

N.B: 2022 മാർച്ച് 20-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സിറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാദൈവാലയങ്ങളിലും വായിക്കണം. ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധഞായർ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.




# I
# TRANSFERS & APPOINTMENTS

| Very Rev/Rev Fr | Transferred from | Transferred to |
|---|---|---|
| Alencherry Isaac (Jr) | Moncompu | Relieved |
| Athikkalam James | Kadainikadu | Chennamkary St Joseph |
| Bangalavuparampil Joseph | | Moncompu |
| Chackupurackal Kurian | Manimala F | Kadainickadu |
| Chamakala Sebastian | Thazhathangady | Dir., Family Apostolate, AKCC |
| Cheruplavil Jose O Praem | Palode, Vithura | Aryad |
| Chorattuchamakala Joseph | Thiruvananthapuram F | Asst Dir, Lourde Matha Care, TVM |
| Edachethra Varghese | Bursar, LMCET, Rajagiri | Karumady |
| Kachamkode Antony | | Edapalayam, Kulathupuzha |
| Kadaprakunnil Joseph | Punnavely | Dir., Puthujeevan Nalukody |
| Kavithazhe Philip | Laikadu | Relieved |
| Kayithara Varghese | | Philgiri (addl.) |
| Kochumalayil John | Pangada | Thazhathangady |
| Kollara Joseph | Cheeramattam | Relieved |
| Kossackal Varghese | Champakulam | Punalur, Cherukadavu, Chenkulam |
| Kunnumpuram Thomas | Ettumanoor | Eravuchira |
| Kuzhiyadiyil Joseph | Aickarachira | Pangada |
| Madathiparampil Mathew | Aryad | Amala Past. Centre, Venjaram-modu, Attingal |
| Mukalel Jose | Family Apostolate, AKCC | Ettumanoor |
| Mullanpara John | Philigiri | Kottangal |

| | | |
|---|---|---|
| Nadamukath Mathew | | Laikadu (addl) |
| Nalpathamkalam Cyril | Muttar New | Aickarachira |
| Neriamparampil Emmanuel | | Nedumangadu, Bursar, LMCET |
| Panakezham George | Chennamkary St Joseph | Koduppunna |
| Panamparambil Andrews | Chanjody | Dir., Sandesanilayam, CML |
| Pazhayamadom James | Vettickalpurayidam | Relieved |
| PeediackalKuriakose | Pampady | Co-Vicar, Kodinattumkunnu |
| Perumbalathussery Abraham | Sandesanilayam CML | Muttar New, Coordinator – Renewal Programs |
| Pottemparampil Thomas MCBS | SL Puram, Paduvapuram | Relieved |
| Pulickassery Devasia | | Co- Vicar, in charge of Vazhappally Changanacherry |
| Puthiyidom Joseph | Edapalayam, Kulathupuzha | Paduvapuram, SL Puram |
| Puthumanamoozhiyil George | Eravuchira | Relieved |
| Thanniyath Mathew | Coordinator – Renewal Programs | Relieved |
| Thekkedath Kuriakose | | Rajagiri (addl.) |
| Thottackattukalayil Joseph | Punalur, Cherukadavu, Chenkulam | Pampady |
| Thundiyil Johnson | Vaipur New | Priest-in-charge, Cheeramattam |
| Vadakeparampil Jomon O Carm | | Nedumkunnam B Ed Coll., Vettickalpurayidam |
| Vathyakary George | Kottangal | Vaipur New |
| Vellanickal Louis | Pallikoottumma | Punnavely |
| Vengasserry Joseph | Koduppunna | Pallikkottumma |
| Vengasserry Thomas | Thuruthy F | Palode, Vithura |
| Vetticad Joseph | Lourde Matha Care, Tvm | Relieved |

## Parochial Vicars

| Rev Fr | Transferred from | Transferred to |
|---|---|---|
| Anchil Mathew (Jerin) | Nalukody | Kurumpanadom F |
| Chechottu Ankith CMI | | Chethipuzha |
| Chooravady Antony | Kurumpanadam F | Mudiyoorkara |
| Elamthuruthiyil Joseph | Changanacherry M. | Warden, SB Boarding |
| Ettolil Joseph | Mammoodu | Dir Vocation Bureau, Asst. Dir Sandeshnilayam& CML (addl.) |
| Appassery Inson CMI | Kottayam F | Relieved |
| Kaithakalam Cyril MCBS | Mudiyoorkara | Relieved |

| | | |
|---|---|---|
| Kaithaparampil Joseph (Mijo) | Thrickodithanam F | Edathua-Koilmuck F |
| Kakkaparambil Antony | Kottayam F | SEERI (Resi) |
| Karikandathil Elias | Amboory F | Ithithanam |
| Karikandom Mathew | | Changanacherry M |
| Karinganamattom Joseph | | Pulincunnoo F |
| Keeranchira Joseph | Villoonni | Virudhunagar Mission |
| Kizhakkethalakkal Antony | | Kottayam F |
| Kocheethra Joseph | Athirampuzha F | Nedumkunnam F |
| Kodikulam Gervasis MST | | Muttar Old |
| Kollarettu Dominc Savio | Madappally | Veroor |
| Kunnath Andrews | | Athirampuzha F |
| Kunnuthara Sijo CMI | | Chethipuzha |
| Kureekkattu Savio MCBS | Champakulam-Kalloorkad F | Relieved |
| Kuttanal Jibin CMI | | Meenkulam |
| Eettickal Mathew MCBS | | Thuruthy F |
| Meppuram Gregory | Edathua-Koilmuck F | Athirampuzha F |
| Moonnuparayil Varghese | | Madappally |
| Moonnupeedikayil Mathew MCBS | Nedumkunnam F | Relieved |
| Nadooparampil Tinse CMI | Chethipuzha | Relieved |
| Naduthundathil Sebastian | | Thathampally |
| Nambisserykalam Varghese | Athirampuzha F | Champakulam-Kalloorkad F |
| Narithuruthel Joseph | Thathampally | Villoonni |
| Parathanam Joseph | Veroor | Chanjody |
| Pathinarilchira Robin CMI | Chethipuzha | Relieved |
| Plathottam Jijo CRM | Kodinattumkunnu | Relieved |
| Ponnattil Joseph | | Thrickodithanam F |
| Punnasserry Xavier | | Kudamaloor F |
| Puthenpurachirathykalam Xavier | | Athirampuzha F |
| Puthiyaparambil Thomas | | Edathua-Koilmuck F |
| Srambickal Thomas | Thiruvananthapuram F | Nalukody |
| Thadathil Mathew | Kudamaloor F | Manimala F |
| Thanikkal Justin MSFS | Ithithanam | Relieved |

| | | |
|---|---|---|
| Thattaradyil Varghese | | Champakulam-Kalloorkad F |
| Thondikkakuzhyil Abraham | | Amboory F |
| Thundukalam Antony | | Parampuzha |
| Varavukalayil Varghese | | Thiruvananthapuram F |
| Vettithanam Xavier | Parampuzha | Kottayam F |
| Vettuvelikkalam Luka | | Mammoodu |

## II

## വലിയ നോമ്പുകാലത്തെ വിവാഹാഘോഷങ്ങൾ

വലിയ നോമ്പിന്റെ ആദ്യ തിങ്കളാഴ്ച മുതൽ പീഡാനുഭവ ശനിയാഴ്ച ഉൾപ്പെടെയുള്ള ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾക്ക് മുടക്കമാണെന്ന വസ്തുത ഇടവകജനങ്ങളെ ഓർമ്മിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## III

## കാരിത്താസ് ചങ്ങനാശേരി

നോമ്പുകാലത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് ഇടവകാംഗങ്ങൾ ഒരു ദിവസം ഉപവസിച്ച്, അതിൽ നിന്ന് ലഭിക്കുന്ന തുക അതിരൂപതയുടെ അടിയന്തരദുരിതാശ്വാസസഹായപദ്ധതിയായ 'കാരിത്താസ് ചങ്ങനാശേരിക്കു'വേണ്ടി സമാഹരിക്കേണ്ടതാണ്.

## IV

## 2022–2023 സാമ്പത്തിക വർഷത്തെ കൈക്കാരന്മാരുടെയും ഓഡിറ്ററുമാരുടെയും തിരഞ്ഞെടുപ്പ്

സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ പള്ളിയോഗ നടപടിക്രമവും (arts. 8.2; 41; 42; 43) ചങ്ങനാശേരി അതിരൂപതയുടെ പ്രത്യേകനിയമവും (arts. 8.2.1; 8.2.2; 42.1; 42.2) അനുസരിച്ച് 2022–2023 സാമ്പത്തിക വർഷത്തേയ്ക്കുള്ള കൈക്കാരന്മാരെയും ഓഡിറ്ററുമാരെയും തിരഞ്ഞെടുത്ത്, 2022 ഏപ്രിൽ 1-ന് പ്രാബല്യത്തിൽവരത്തക്കവിധം അതിരൂപതാദ്ധ്യക്ഷന്റെ അംഗീകാരത്തിനായി അതിരൂപത കച്ചേരിയിൽ സമർപ്പിക്കുവാൻ ബഹു. വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്. തിരഞ്ഞെടുപ്പ് സംബന്ധിച്ച വിവരം പള്ളിയോഗ നടപടിക്രമം art. 18 പ്രകാരം ഇടവകയിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

## V

## പീഡാനുഭവ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ

പെസഹാവ്യാഴം, പീഡാനുഭവവെള്ളി, വലിയ ശനി എന്നീ ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾ നമ്മുടെ ആരാധനാക്രമത്തിനനുസൃതമായി സായംകാലത്തുമാത്രം ദൈവാലയങ്ങളിൽ പരികർമ്മം ചെയ്യേണ്ടതാണ്. **മാർ നെസ്തോറിയസിന്റെ കൂദാശക്രമം** പെസഹാ വ്യാഴാഴ്ച ഉപയോഗിക്കേണ്ടതാണ്.

# VI
## വാർഷിക കണക്ക്

2020–21 സാമ്പത്തിക വർഷത്തെ കണക്കുകൾ ഇതുവരെയും അതിരൂപതാ കേന്ദ്രത്തിൽ സമർപ്പിച്ചിട്ടില്ലാത്ത പള്ളികൾ, കുരിശുപള്ളികൾ 2022 മാർച്ച് 31–ന് മുമ്പായി നൽകേണ്ടതാണ്. 2021–2022 സാമ്പത്തിക വർഷത്തെ കണക്കുകൾ യഥാസമയങ്ങളിൽ കൃത്യമായി സമർപ്പിക്കുവാൻ വികാരിമാർ കൈക്കാരന്മാർക്കും കണക്കനും നിർദ്ദേശം നൽകുകയും ചെയ്യേണ്ടതാണ്.

# VII
## പ്രത്യേക പിരിവുകൾ

1. **നോമ്പുകാല പിരിവ് (Lenten Collection):** ഓശാന ഞായറാഴ്ച പള്ളിയിൽ എടുക്കുന്ന സ്തോത്രക്കാഴ്ച വിശപ്പിനും, രോഗത്തിനുമെതിരെയുള്ള പ്രത്യേക പദ്ധതിക്കായി (Campaign against Hunger and Disease) 'കാരിത്താസ് ഇന്ത്യ'ക്ക് അയച്ചു കൊടുക്കാനുള്ളതാണ്.
2. **വൈദിക പരിശീലന ഫണ്ട്:** പെസഹാ വ്യാഴാഴ്ച വി. കുർബാന മധ്യേ നടത്തുന്ന സ്തോത്രകാഴ്ച വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ളതാണ്.
3. **വിശുദ്ധനാട് സംരക്ഷണത്തിനുള്ള പിരിവ്:** പീഡാനുഭവ വെള്ളിയാഴ്ച നമ്മുടെ പള്ളികളിലെടുക്കുന്ന സ്തോത്രക്കാഴ്ച വിശുദ്ധനാട് സംരക്ഷണത്തിനായി പരിശുദ്ധ പിതാവിന് നൽകാനുള്ളതാണ്.
4. **ഹോം മിഷൻ ഫണ്ട്:** ഉയിർപ്പുതിരുനാളിലെ സ്തോത്രക്കാഴ്ച ഹോം മിഷൻ ഫണ്ടിനായുള്ളതാണ്.

ഈ പിരിവുകൾ നടത്തി ലഭിക്കുന്ന തുക 2022 ഏപ്രിൽ മാസം 30–ാം തീയതിക്കു മുമ്പായി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.


## വേദപ്രചാരമദ്ധ്യസ്ഥൻ വാർഷിക വരിസംഖ്യ

വേദപ്രചാരമദ്ധ്യസ്ഥന്റെ വരിക്കാരായിട്ടുള്ളവർ 2022 മാർച്ചുമാസം വരെയുള്ള വാർഷിക വരിസംഖ്യ 300/- രൂപ കുടുംബക്കൂട്ടായ്മ ഓഫീസിൽ അടയ്ക്കേണ്ടതാണ്.

പരസ്യനിരക്ക്:

Full page : 1500/- രൂപ

Half page : 750/- രൂപ.

**Contact No. 9447776920** (Fr. Jenny Kayamkulathussery)

**പുസ്തകപ്രകാശനം**

**മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തായുടെ രചനകളിൽനിന്നും പ്ര ാഷണങ്ങളിൽനിന്നും തിരഞ്ഞെടുത്ത ാഗങ്ങൾ സമാഹരിച്ച് തയ്യാറാക്കിയിരിക്കുന്ന ഗ്രന്ഥം**



# അജപാലനശുശ്രൂഷ ദർശനവും പ്രയോഗവും

2022 മാർച്ച് 19–ന് പ്രസിദ്ധീകരിക്കുന്നു.

- ഡെമ്മി 1/8 സൈസിൽ മൊത്തം അഞ്ഞൂറ്റിയൻപതോളം പേജുകൾ, രണ്ട് വാല്യങ്ങളായി പ്രസിദ്ധീകരിക്കുന്നു.
- അജപാലനശുശ്രൂഷയുടെ വിശുദ്ധഗ്രന്ഥ, ആരാധനക്രമ, ദൈവ ശാസ്ത്രദർശനങ്ങളും പ്രായോഗികതലങ്ങളും അവതരിപ്പിക്കുന്ന വിശിഷ്ടഗ്രന്ഥം
- അജപാലകർക്ക് എന്നും ഒരു വിലപ്പെട്ട കൈപ്പുസ്തകമായി ഉപ യോഗിക്കാവുന്ന പ്രസിദ്ധീകരണം

ഒരു **മദ്ധ്യസ്ഥൻ ബുക്സ്** പ്രസിദ്ധീകരണം

**NB:** കോപ്പികൾ ചങ്ങനാശേരി സെന്റ് ജോസഫ്സ് ഓർഫനേജ് ബുക്സ്റ്റാളിൽ ല ്യമായിരിക്കും.

പ്രിയപ്പെട്ടവരേ,

പഞ്ചവത്സര അജപാലനപദ്ധതി സമാപനവർഷത്തിലെ പഠനവിഷയമായ *'വിശ്വാസവും ക്രിസ്തീയ ധാർമികതയും'* എന്ന പുസ്തകത്തിന്റെ പ്രകാശനം ഫെബ്രുവരി 12-ാം തീയതി അഭിവന്ദ്യ ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം നിർവഹിച്ചു. പുസ്തകം കുടുംബക്കൂട്ടായ്മ ഓഫീസിൽ ലഭ്യമാണ്.

രണ്ടു ഭാഗങ്ങളായാണ് ഈ പുസ്തകം ക്രമീകരിച്ചിരിക്കുന്നത്. ഭാഗം 1: സത്യവിശ്വാസം : വെല്ലുവിളികൾ - മറുപടികൾ, ഭാഗം 2: ക്രൈസ്തവധാർമ്മികത : പ്രശ്നങ്ങൾ - പരിഹാരങ്ങൾ. ഓരോ ഭാഗത്തും 5 വിഷയങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരും, സിസ്റ്റേഴ്സും അല്മായരും ഈ വിഷയങ്ങൾ മനസിലാക്കേണ്ടതാണ്. അതിനായി ഫെബ്രുവരി മുതൽ നവംബർവരെ എല്ലാ മാസങ്ങളിലും സൂം പ്ലാറ്റ്ഫോമിലൂടെയും മാക് ടിവിയിലൂടെയും വിഷയാവതരണം നടത്തുന്നതാണ്. അതിൽ അതിരൂപതയിലെ എല്ലാവരും പങ്കെടുക്കുന്ന കാര്യം അറിയിക്കുന്നു.

*'ദൈവവിശ്വാസം ഇല്ലാത്തവർ ഉന്നയിക്കുന്ന ചോദ്യങ്ങൾ'* എന്ന വിഷയത്തെക്കുറിച്ച് ഫെബ്രുവരി 27-ാം തീയതി ഞായറാഴ്ച വെള്ളാമത്തറ ബഹു. സെബാസ്റ്റ്യൻ അച്ചൻ ക്ലാസ് നയിച്ചു. മാർച്ചുമാസത്തെ ക്ലാസ് **20-ാം തീയതി ഞായറാഴ്ച വൈകുന്നേരം 6.30 മുതൽ** ക്രമീകരിക്കുന്നതാണ്.

Zoom ID : 88302877319; Passcode: 830113(എല്ലാമാസവും ഇതുതന്നെ ആയിരിക്കും)

സ്നേഹത്തോടെ,

**ഫാ. തോമസ് പാടിയത്ത്**

| ARCHEPARCHY OF CHANGANACHERRY<br>Flood Relief fund -2021-22 Received List - till 25-02-2022 | | |
|---|---|---|
| 163 | Nirmalapuram St.Mary's Church | 1700 |
| 164 | Thuruthi Marth Mariam (F) Church | 11000 |
| 165 | Pazhavangady Mar Sleeva (F) Church | 50000 |
| 166 | Thiruvallam SH Church | 4450 |
| 167 | Thathampally Sahrudaya Hospital (Social Wlefare Society) | 100000 |
| 168 | St.Mary's Church,Punnamada | 10000 |
| 169 | Assumption College Changanacherry | 30000 |
| **All Total** | **Thirty eight Lakhs forty thousand two Hundred and Seventy only** | **3840270** |

Continue.....

### സുറിയാനി സ്കോളർഷിപ്പ്

സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് ഉർദു ഭാഷയുടെ പ്രോത്സാഹനത്തിനായി നടപ്പിലാക്കുന്ന ഇബ്രാഹിം സുലൈമാൻ സേട്ട് സ്കോളർഷിപ്പിന്റെ മാതൃകയിൽ ഫാ. പ്ലാസിഡ് ജെ. പൊടിപ്പാറയുടെ അനുസ്മരണാർത്ഥം സുറിയാനി ഭാഷയുടെ പ്രോത്സാഹനത്തിനായി സ്കോളർഷിപ്പ് ഏർപ്പെടുത്തണമെന്ന് സമിതി ന്യൂന പക്ഷക്ഷേമവകുപ്പുകൂടി കൈകാര്യം ചെയ്യുന്ന ബഹു. മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു. സുറിയാനി രണ്ടാംഭാഷയായി പഠിച്ച് പ്ലസ്ടുവിന് എല്ലാ വിഷയ ങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്കും ബിരുദതലത്തിൽ ഇപ്ര കാരം സുറിയാനി പഠിച്ച് ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പുകൾ നൽകാൻ സർക്കാർ തയ്യാറാകണം. ഫെബ്രുവരി 16 ബുധനാഴ്ച ഓൺലൈനായികൂടിയ യോഗത്തിൽ ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ വിഷയം അവതരിപ്പിച്ചു. പിആർഒ അഡ്വ. ജോജി ചിറയിൽ, ഫാ. ജോസഫ് പനക്കേഴം, അഡ്വ. ജോർജ് വർഗീസ്, ജോബി പ്രാക്കുഴി, ടോം ജോസഫ്, ബിനു വെളിയനാടൻ, ഷിജോ ജോസഫ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിച്ചു.

### കർദിനാൾ ടിസറാങ്ങിന്റെ 50–ാം ചരമവാർഷികം ആചരിച്ചു

പൗരസ്ത്യ തിരുസംഘത്തിന്റെ തലവൻ എന്ന നിലയിൽ കേരളം സന്ദർ ശിക്കുകയും സീറോമലബാർ സഭയുടെ ആവശ്യങ്ങൾ മനസിലാക്കി അടിയന്തര നടപടികൾ സ്വീകരിക്കുകയും ചെയ്ത മഹത് വ്യക്തിയാണ് കർദ്ദിനാൾ യുജിൻ ടിസറാങ്ങ്. പമ്പയ്ക്കും ഭാരതപ്പുഴയ്ക്കും ഇടയിൽ ഒതുക്കപ്പെട്ടുപോയ സീറോ മലബാർസഭയുടെ അതിർത്തികൾ വ്യാപിപ്പിച്ചത് അദ്ദേഹത്തിന്റെ പരി ശ്രമഫലമായിട്ടാണ്. 'ഞാൻ നിങ്ങളുടെ സഭയെ സ്നേഹിക്കുന്നു കാരണം എനിക്ക് അതിന്റെ ചരിത്രമറിയാം' എന്നത് അദ്ദേഹത്തിന്റെ വിഖ്യാതമായ പ്രസ്താവനയാണ്. 1972 ഫെബ്രുവരി 21 ന് ഭാഗ്യമരണം പ്രാപിച്ച അദ്ദേഹത്തിന്റെ 50–ാം ചരമവാർഷികം ആചരിച്ചു. ഓൺലൈൻ ആയി കൂടിയ യോഗത്തിൽ റവ.ഫാ. ജോസഫ് പനക്കേഴം അനുസ്മരണ പ്രഭാഷണം നടത്തി.

### നാടാർ സംവരണത്തെ സ്വാഗതം ചെയ്തു

നാളിതുവരെ യാതൊരുവിധ സംവരണവും ലഭിക്കാതിരുന്ന സുറിയാനി സഭകളിലെ നാടാർ ക്രിസ്ത്യൻ വിഭാഗത്തെ OBC സംവരണത്തിൽ ഉൾപ്പെ ടുത്തിയ സംസ്ഥാന സർക്കാർ നടപടി സമിതി സ്വാഗതം ചെയ്തു.

**അഡ്വ. ജോജി ചിറയിൽ**
(പി.ആർ.ഒ.)

**ഫാ. ജയിംസ് കൊക്കാവയലിൽ**
(ഡയറക്ടർ)

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

നമ്മുടെ അതിരൂപതയുടെ മാധ്യമപ്രേഷിത വി ാഗമായ MAAC team ന് എല്ലാവരും നൽകികൊണ്ടിരിക്കുന്ന പിന്തുണയ്ക്കും പ്രോത്സാഹനത്തിനും നന്ദി.

**സമ്മാനവിതരണം**

MAAC TEAM സംഘടിപ്പിച്ച CHRISMAAC Seaosn 2 ക്രിസ്തുമസ് മത്സരങ്ങളുടെ സമ്മാനവിതരണം മാർച്ച് 20–ന് 90.8 റേഡിയോ മീഡിയാ വില്ലേജിന്റെ പത്താം വാർഷികത്തോട് അനുബന്ധിച്ച് നടക്കുന്ന സമ്മേളനത്തിൽ വിതരണം ചെയ്യുന്നതാണ്. മത്സരത്തിൽ പങ്കെടുത്തവർക്കും വിജയികളായവർക്കും അ ിനന്ദനങ്ങൾ.

**മത്സരം – എന്റെ പള്ളിയും കരോൾ പാട്ടും**

1. ഒന്നാം സമ്മാനം : മാർത്ത് മറിയം ഫൊറോന ചർച്ച്, തുരുത്തി
2. രണ്ടാം സമ്മാനം : ലിറ്റിൽ ഫ്ലവർ ചർച്ച്, മാടപ്പള്ളി
3. മൂന്നാം സമ്മാനം : ലൂർദ് മാതാ ചർച്ച്, മാമൂട്

**മത്സരം – കുഞ്ഞുമാലാഖ**

1. ഒന്നാം സമ്മാനം : ജോഹാൻ എസ് ജോർജ്, സെന്റ് മേരീസ് ചർച്ച്, മുണ്ടുപാലം
2. രണ്ടാം സമ്മാനം : റോസ്മേരി അനൂപ്, പാലത്തറ ഹൗസ്, പുനലൂർ കൊല്ലം
3. മൂന്നാം സമ്മാനം : ആൽഫ്രെഡ് ടിറ്റു, ലൂർദ് മാതാ ചർച്ച്, മാമൂട്

**യൂത്ത് മീഡിയാ ടീം പരിശീലനം**

ചങ്ങനാശേരി അതിരൂപതാ യുവദീപ്തി എസ്.എം.വൈ.എം സഹായത്തോടെ യുത്ത് മീഡിയാ ടീമിന്റെ ONLINE മീറ്റിംഗ് നടത്തി. MAAC TV, MAAC RADIO തുടങ്ങിയ നമ്മുടെ മീഡിയാ സംവിധാനങ്ങളോട് ചേർന്ന് പ്രവർത്തിക്കാനും അതിരൂപതയുടെ മാധ്യമപ്രേഷിത പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും യുവ ജനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യമാണ് ഇതിനുള്ളത്. ഇവരുടെ OFFLINE പരിശീലനം മാർച്ച് 1 ന് ചങ്ങനാശേരി മീഡിയാ വില്ലേജിൽ നടത്തപ്പെടും.

**നന്ദി**

വിവിധ ഫൊറോനകളിൽ രൂപതയുടെ മാധ്യമ പ്രേഷിത രംഗത്ത് ഡയ റക്ടർമാരായി പ്രവർത്തിച്ച് സ്ഥലം മാറിപ്പോയ പ്രിയപ്പെട്ട വൈദികർക്ക് MAAC MEDIA TEAM ന്റെ നന്ദിയും പുതിയ ഡയറക്ടർമാരായി കടന്നുവന്നവർക്കു അ ിനന്ദനങ്ങളും ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോഫി പുതുപ്പറമ്പ്** (9496935651)
**ഫാ. ലൈജു കണിച്ചേരിൽ** (9496802254)
**ഫാ. ആന്റണി ഏത്തയ്ക്കാട്**

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും അരൂപിയിൽ നാം ഒരിക്കൽകൂടി നോമ്പുകാലത്തേക്ക് പ്രവേശിച്ചിരിക്കുകയാണ്. ഈശോമിശിഹായുടെ പീഢാനുഭവങ്ങളെയും കുരിശുമരണത്തെയും ധ്യാനിച്ച് വിശ്വാസജീവിതത്തിൽ ആഴപ്പെടാനുള്ള അവസരമായി ഈ നോമ്പുകാലം മാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ 4 വർഷങ്ങൾ സന്ദേശനിലയത്തിന്റെ പ്രവർത്തനങ്ങൾക്ക് വളരെ സ്തുത്യർഹമായ രീതിയിൽ നേതൃത്വം നല്കിയ ബഹു. ജോബിൻ പെരുമ്പ ളത്തുശേരി അച്ചനെ നന്ദിയോടെ ഓർക്കാം. വിശ്വാസ പരിശീലനരംഗത്ത് കോവിഡ് മഹാമാരി ഉയർത്തിയ വെല്ലുവിളികളെ ശക്തമായി നേരിടാൻ അച്ചന്റെ നേതൃത്വത്തിൽ സന്ദേശനിലയത്തിനു സാധിച്ചു. കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി വിശ്വാസ പരിശീലനമേഖലയുടെ ഉന്നമനത്തിനായി അച്ചൻ നടത്തിയ സർഗാത്മകമായ എല്ലാ പ്രവർത്തനങ്ങളെയും നന്ദിയോടെ സ്മരിക്കുന്നു. അച്ചന്റെ പുതിയ ശുശ്രൂഷ മേഖലകളുടെ വിജയത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. അസി.ഡയറക്ടറായി സന്ദേശനിലയത്തിലേക്ക് കടന്നുവന്നിരിക്കുന്ന ബഹു. ജോസഫ് ഈറ്റോലിൽ അച്ചന് പ്രാർത്ഥനാശംസകൾ നേരുന്നു. സഭയുടെ ഏറ്റവും മഹനീയമായ ശുശ്രൂഷാമേഖലകളിൽ ഒന്നായ വിശ്വാസപരിശീലനരംഗത്ത് നമുക്കൊരുമിച്ച് കൂട്ടായ്മയോടെ പ്രവർത്തിക്കാം. നിങ്ങളുടെ പ്രാർത്ഥനകളും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. നിബിൻ പഴയമഠം**
(അസി. ഡയറക്ടർ)

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**2022 മാർച്ച്**

6 ഞായർ - നോമ്പുകാലം രണ്ടാം ഞായർ, ക്ലാസ്സ് - 40

13 ഞായർ - നോമ്പുകാലം മൂന്നാം ഞായർ, ക്ലാസ്സ് - 41

19 ശനി - മാർ യൗസേപ്പിതാവിന്റെ തിരുനാൾ (ഓഫീസ് അവധി)

20 ഞായർ - നോമ്പുകാലം നാലാം ഞായർ, ക്ലാസ്സ് - 42

25 വെള്ളി - മംഗളവാർത്ത തിരുനാൾ

27 ഞായർ - നോമ്പുകാലം അഞ്ചാം ഞായർ
അടിസ്ഥാന ക്രിസ്തീയ വിശ്വാസങ്ങളും, നമസ്കാരങ്ങളും ആധാരമാക്കിയുള്ള **രണ്ടാം ടേം വാചിക പരീക്ഷ** (1 മുതൽ 9 വരെ ക്ലാസ്സുകാർക്ക്)

**2022 ഏപ്രിൽ**

3 ഞായർ - നോമ്പുകാലം ആറാം ഞായർ

10 ഞായർ - ഓശാന ഞായർ, നോമ്പുകാലം ഏഴാം ഞായർ

13 ബുധൻ - ഓഫീസ് അവധി
(13 ബുധൻ മുതൽ 17 വരെ ഓഫീസ് അവധിയായിരിക്കും)

14 വ്യാഴം - പെസഹാവ്യാഴം

15 വെള്ളി - പീഡാനുഭവവെള്ളി

16 ശനി - വലിയശനി

17 ഞായർ - ഉയിർപ്പുഞായർ

18 തിങ്കൾ - **വിശ്വാസോത്സവം ആരംഭിക്കുന്നു.**

## ജോബിനച്ചന് നന്ദി

കഴിഞ്ഞ 4 വർഷക്കാലം സന്ദേശനിലയം - മിഷൻലീഗിന്റെ ഡയറക്ടറായിരുന്നുകൊണ്ട് ചങ്ങനാശേരി അതിരൂപതയിലെ ആയിരക്കണക്കിന് കുഞ്ഞുങ്ങളെ ഈശോയുടെ സ്നേഹത്തിൽ ഉൾച്ചേർത്തുകൊണ്ട് സഭയ്ക്കും ചങ്ങനാശ്ശേരി അതിരൂപതയ്ക്കും പ്രിയ ബഹുമാനപ്പെട്ട ജോബിൻ പെരുമ്പളത്തുശ്ശേരിയച്ചൻ ചെയ്ത ശുശ്രൂഷകളെ സ്നേഹപൂർവ്വം ഓർക്കുന്നു. ഈ കോവിഡ് കാലത്ത് വിശ്വാസപരിശീലനത്തിന് ഒരു നൂതനമായ ദിശാബോധം നല്കി കാലഘട്ടത്തിന്റെ അനിവാര്യമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് എന്നാൽ സത്യവിശ്വാസത്തിന്റെ പ്രകാശത്തിനു മങ്ങലേല്പിക്കാതെ 'വഴിയും സത്യവും ജീവനുമായ' ഈശോയെ കുഞ്ഞുങ്ങൾക്ക് നല്കാൻ അച്ചൻ കാണിച്ച ആത്മാർത്ഥമായ പരിശ്രമങ്ങൾക്ക് ഹൃദയംഗമമായ നന്ദി അറിയിക്കുന്നു. ദൈവമഹത്വത്തിനായി അച്ചൻ ചെയ്ത എല്ലാ ശുശ്രൂഷകൾക്കും അച്ചനെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. പുതിയ പ്രവർത്തനമേഖലയിൽ അച്ചന് എല്ലാ വിജയാശംസകളും നേരുന്നു. ജോബിനച്ചന് സന്ദേശനിലയം കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ

സൺഡേസ്കൂൾ രണ്ടാംടേം എഴുത്തുപരീക്ഷയും 10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള വാചികപരീക്ഷയും ഭംഗിയായി പൂർത്തിയാക്കുവാൻ സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു. **മാർച്ച് 27 ഞായറാഴ്ച** 1 മുതൽ 9 വരെ ക്ലാസ്സുകൾക്ക് അടിസ്ഥാന ക്രിസ്തീയ വിശ്വാസങ്ങളും നമസ്ക്കാരങ്ങളും ആധാരമാക്കിയുള്ള വാചികപരീക്ഷ നടത്തേണ്ടതാണ്. ചോദ്യങ്ങൾ അധ്യാപകർ തന്നെയാണ് തയ്യാറാക്കേണ്ടത്. കുട്ടികൾ കൂടുതലുള്ള സൺഡേസ്കൂളുകളിൽ മാർച്ച് 20ന് ശേഷമുള്ള ദിവസങ്ങളിൽ വാചിക പരീക്ഷ ആരംഭിക്കാവുന്നതാണ്.

## വിശ്വാസോത്സവം

ഈ വർഷത്തെ വിശ്വാസോത്സവം ഏപ്രിൽ 18-ാം തീയതി തിങ്കളാഴ്ച മുതൽ 27 ബുധൻ വരെ ആയിരിക്കും. വിശ്വാസോത്സവത്തിന്റെ വിഷയം

''വിശ്വാസവും ക്രിസ്തീയ ധാർമ്മികതയും'' എന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**ഓർഗനൈസേഴ്സിന് നന്ദി**

സൺഡേസ്കൂൾ ഫൊറോന ഓർഗനൈസർമാരായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച റവ. ഫാ. ഏലിയാസ് കരിക്കണ്ടത്തിൽ (അമ്പൂരി), റവ. ഫാ. ജോസഫ് അപ്പശ്ശേരി CMI (കോട്ടയം), റവ. ഫാ. മാത്യു തടത്തിൽ (കുടമാളൂർ), റവ. ഫാ. ജോസഫ് ഇറ്റോലിൽ (കുറുമ്പനാടം), റവ. ഫാ. മാത്യു മൂന്നുപീടിയേക്കൽ MCBS (നെടുംകുന്നം), റവ. ഫാ. വർഗ്ഗീസ് മൂന്നുപറയിൽ (മണിമല), റവ. ഫാ. തോമസ് വേങ്ങാശ്ശേരി (തുരുത്തി) എന്നിവർക്ക് അതിരൂപതാ സന്ദേശനിലയം കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

**ആദരാഞ്ജലികൾ**

സന്ദേശനിലയം മുൻ അസി. ഡയറക്ടറായിരുന്ന ബഹു. ജോസഫ് ചാലാശ്ശേരി അച്ചന്റെ മാതാവിന്റെയും മണലാടി സൺഡേസ്കൂൾ മുൻ ഹെഡ്മാസ്റ്റർ ശ്രീ. ബേബിച്ചന്റെയും താഴത്തുവടകര സൺഡേസ്കൂൾ മുൻ ഹെഡ്മാസ്റ്റർ ശ്രീ കെ.എം. ജോസഫിന്റെയും സെന്റ് സേവ്യേഴ്സ് മിത്രക്കരി സൺഡേസ്കൂൾ മുൻ ഹെഡ്മാസ്റ്റർ കെ.എം. കുരുവിളയുടെയും നർബോനപുരം സൺഡേസ്കൂൾ അധ്യാപിക ശ്രീമതി ലിസമ്മ ജോസഫിന്റെ പിതാവിന്റെയും അയർക്കുന്നം സൺഡേസ്കൂൾ അധ്യാപിക സി. റിൻസി പാറേക്കാട്ടിൽ എസ്.എ.ബി.എസിന്റെ മാതാവിന്റെയും കാവാലം ലിസ്യു സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ബെന്നിച്ചൻ പി.സി.യുടെ പിതാവിന്റെയും ഏറ്റുമാനൂർ സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. സുബിൻ തോമസിന്റെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

# ചെറുപുഷ്പ മിഷൻലീഗ്
## CHERUPUSHPA MISSION LEAGUE

ഈശോയിൽ പ്രിയ കുഞ്ഞുമിഷനറിമാരേ,

നോമ്പുകാലത്തേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഈശോ നമുക്കു വേണ്ടി സഹിച്ച പീഡാസഹനങ്ങളെ ഓർത്ത് ധ്യാനിച്ച് ഈ നോമ്പുകാലം ഏറ്റവും ഫലദായകമാക്കാൻ നമുക്ക് പരിശ്രമിക്കാം. നോമ്പിന്റെ അമ്പത് ദിനങ്ങളിൽ പരിത്യാഗ പ്രവർത്തികളിലൂടെയും ആത്മസംയമനത്തിലൂടെയും ഈശോയുടെ ഉയർപ്പ് തിരുനാളിന് നമ്മെ ഒരുക്കുന്ന ''പുണ്യവഴികളിലൂടെ'' നമുക്ക് സഞ്ചരിക്കാം. കഴിഞ്ഞ 4 വർഷങ്ങൾ നമ്മുടെ സംഘടനയുടെ അതിരൂപത ഡയറക്ടർ ആയിരുന്ന ബഹു. ജോബിൻ പെരുമ്പളത്തുശ്ശേരിയച്ചനെ നന്ദിയോടെ ഓർക്കാം. ഒന്നിച്ചു കൂടാനും, ഒന്നിച്ചു പ്രാർത്ഥിക്കാനും ഒരുപാട് ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്ന ഈ വർഷങ്ങളിൽ അത്തരം വെല്ലുവിളികളെയൊക്കെ അതിജീവിച്ച് മിഷൻലീഗ് സംഘടനയുടെ പ്രവർത്തനങ്ങളെ സജീവമായി നിലനിർത്താൻ അച്ചന് സാധിച്ചു. അച്ചൻ ഏറ്റെടുത്തിരിക്കുന്ന അജപാലന പ്രവർത്തനങ്ങൾക്ക് എല്ലാ വിധ പ്രാർത്ഥനാശംസകളും നേരുന്നു. അതിരൂപതാ മിഷൻലീഗ് അസി. ഡയറക്ടറും വൊക്കേഷൻ ബ്യൂറോ ഡയറക്ടറുമായി നിയമിതനായിരിക്കുന്ന ബഹു. ജോസഫ് ഈറ്റോലിൽ അച്ചന് എല്ലാവിധ ഭാവുകങ്ങളും നമുക്കാശംസിക്കാം. മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും പ്രോത്സാഹനവും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം

| | |
|---|---|
| **ഫാ. നിബിൻ പഴയമഠം** | **ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ** |
| (അസി. ഡയറക്ടർ) | (ഡയറക്ടർ) |

## അറിയിപ്പുകൾ

**2022 മാർച്ച്**

12 ശനി – **പ്ലാറ്റിനം ജൂബിലി മെഗാ ക്വിസ്**

19 ശനി – മാർ യൗസേപ്പിതാവിന്റെ തിരുനാൾ (ഓഫീസ് അവധി)

25 വെള്ളി – മംഗളവാർത്ത തിരുനാൾ

**2022 ഏപ്രിൽ**

3 ഞായർ – നോമ്പുകാലം ആറാം ഞായർ

10 ഞായർ – ഓശാന ഞായർ, നോമ്പുകാലം ഏഴാം ഞായർ

13 ബുധൻ – ഓഫീസ് അവധി

(13 ബുധൻ മുതൽ 17 വരെ ഓഫീസ് അവധിയായിരിക്കും)

### ജോബിനച്ചന് നന്ദി

കഴിഞ്ഞ 4 വർഷക്കാലം അതിരൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ വളർച്ചയ്ക്കായി നൂതന വഴികളും പദ്ധതികളും ആവിഷ്കരിച്ചുകൊണ്ട് മിഷൻ

ലീഗ് കൂട്ടായ്മയെ ശക്തിപ്പെടുത്തുകയും കുഞ്ഞുമിഷനറിമാരെ ഇടവകകൾ തോറും സന്ദർശിച്ച് അവരുടെ ആത്മീയ വളർച്ചയ്ക്കായി ക്ലാസ്സുകൾ നല്കുകയും അവർക്കായി പ്രശ്നസങ്കീർണ്ണമായിരുന്ന (പ്രളയം, കോവിഡ്) ഈ കാലഘട്ടത്തിൽ ഓൺലൈനായി പ്രോഗ്രാമുകളും മത്സരങ്ങളും സംഘടിപ്പിക്കുന്ന കാര്യത്തിൽ അതീവജാഗ്രത പുലർത്തുകയും മിഷൻലീഗിനെ ഏറെ സ്നേഹിക്കുകയും ചെയ്ത ഞങ്ങളുടെ പ്രിയ ബഹുമാനപ്പെട്ട ജോബിൻ പെരുമ്പളത്തുശ്ശേരിയച്ചന് പ്രാർത്ഥനാനിർഭരമായ നന്ദി. കുഞ്ഞുമിഷനറിമാരെ ഒരുമിച്ച് കൂട്ടുക അസാധ്യമായിരുന്ന ഈ കാലഘട്ടത്തിൽ വ്യതിരിക്തമായ രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് അവരെ വളർച്ചയിലേയ്ക്ക് നയിച്ച അച്ചന്റെ തീക്ഷ്ണത അഭിനന്ദനാർഹവും സ്തുത്യർഹവുമാണ്. ദൈവം കനിഞ്ഞു നല്കിയ അനുഗ്രഹങ്ങളോടു സഹകരിച്ച് പ്രവർത്തിച്ച ജോബിനച്ചന് പുതിയ പ്രവർത്തന മേഖലയായ കുമരംചിറ - മുട്ടാർ ഇടവകയിലെ ദൈവജനത്തെയും അതുപോലെ അച്ചനെ സമീപിക്കുന്ന ഓരോ വ്യക്തിയേയും ദൈവസാന്നിധ്യാനുഭവത്താൽ നിറയ്ക്കുവാനാകട്ടെയെന്നു പ്രാർത്ഥിക്കുകയും എല്ലാ വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു. ജോബിനച്ചന് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## പുണ്യവഴികളിലൂടെ

നോമ്പുകാലം കർത്താവിന്റെ പീഡാനുഭവ-കുരിശുമരണ- സംസ്കാര രഹസ്യങ്ങളിലൂടെ കടന്നുപോകുന്ന ദിനങ്ങളാണ്. ഈ ദിവസങ്ങൾ നമ്മുടെ ജീവിതത്തിൽ മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിച്ചു പുണ്യങ്ങളിൽ വളരാനുള്ള ദിവസങ്ങളാണ്. അതിരൂപത മിഷൻലീഗ് കുട്ടികൾക്കായി ഒരുക്കുന്ന **''പുണ്യവഴികളിലൂടെ''** എന്ന പോസ്റ്റർ തലേദിവസം വൈകുന്നേരം അതിരൂപത സന്ദേശനിലയം-മിഷൻലീഗ് വാട്സ്ആപ് ഗ്രൂപ്പിൽകൂടി നൽകുന്നതായിരിക്കും. അധ്യാപകർ യഥാസമയം പോസ്റ്ററുകൾ ക്ലാസ് ഗ്രൂപ്പിൽ ഷെയർ ചെയ്യുമല്ലോ? കുഞ്ഞുമിഷനറിമാർ പുണ്യപാതയിൽ നടക്കുന്നുവെന്ന് മതാധ്യാപകർ ഉറപ്പുവരുത്തുകയും ചെയ്യുമല്ലോ.

## പ്ലാറ്റിനം ജൂബിലി മെഗാക്വിസ്

ചെറുപുഷ്പമിഷൻലീഗ് പ്ലാറ്റിനം ജൂബിലി മെഗാക്വിസ് അതിരൂപതാതല മത്സരം മാർച്ച് 12, ശനിയാഴ്ച രാവിലെ 10.00 മണിക്ക് സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടുന്നു. രജി. ഫീസ് 50 രൂപ. മേഖലാതലത്തിലെ മത്സരത്തിൽ ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ വിഭാഗങ്ങളിൽ ഒന്നാം സമ്മാനർഹരായ കുട്ടികളുടെ പേര് (ഓരോ വിഭാഗത്തിലും ഒരു കുട്ടിയുടെ പേരു മാത്രം) മാർച്ച് 6 നു മുമ്പായി അതിരൂപതാ ഓഫീസിൽ നൽകുകയും അവരോട് 12-ാം തീയതിയിലെ അതിരൂപതാതല മൽസരത്തിൽ പങ്കെടുക്കാൻ നിർദ്ദേശിക്കുകയും ചെയ്യേണ്ടതാണ്. നേരത്തെ അറിയിച്ചിരുന്ന അതിരൂപതാതല മത്സരങ്ങളുടെ സമ്മാനദാനം പ്ലാറ്റിനം ജൂബിലി സമാപനത്തോടനുബന്ധിച്ചായിരിക്കും നടത്തപ്പെടുക.

## കയ്യെഴുത്തുമാസിക

ഈ വർഷത്തിലെ കയ്യെഴുത്തുമാസിക അതിരൂപത മിഷൻലീഗ് ഓഫീസിൽ ഏൽപ്പിക്കേണ്ട അവസാന തീയതി ഏപ്രിൽ 15-നാണ് എന്നകാര്യം

മറക്കാതിരിക്കാം. വിശദവിവരങ്ങൾ ഡിസംബർ മാസത്തിലെ മധ്യസ്ഥനിൽ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ (പേജ് 29).

### ശാഖ–മേഖലാ അതിരൂപതാതല തിരഞ്ഞെടുപ്പ്

2022- 23 പ്രവർത്തനവർഷത്തിലേയ്ക്കുള്ള അതിരൂപതാ ഭാരവാഹികളുടെ (കുട്ടികളുടെ) തെരഞ്ഞെടുപ്പ് ഏപ്രിൽ 30 ശനിയാഴ്ച നടത്തപ്പെടുന്നു. (പ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ്, ജോ. സെക്രട്ടറി, ജൂണിയർ ഓർഗനൈസേഴ്സ്) രജി. ഫീസ് 100 രൂപ. അതിനുമുന്നോടിയായി മാർച്ച് 7 നു മുമ്പായി ശാഖാ ഇലക്ഷനും മാർച്ച് 31 നു മുമ്പായി മേഖലാ ഇലക്ഷനും നടത്തി മേഖലാ ഭാരവാഹികളുടെ പൂർണ്ണമായ ലിസ്റ്റ് 2022 ഏപ്രിൽ 5–ാം തീയതിക്കു മുമ്പ് അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്. മേഖലാ ഇലക്ഷനിൽ അതിരൂപതാ പ്രതിനിധി പങ്കെടുക്കുന്നതിനാൽ മേഖലാ ഇലക്ഷന്റെ തീയതി ഓഫീസിൽ അറിയിക്കേണ്ടതാണ്. മേഖലാ ഓർഗനൈസേഴ്സിൽ ഏതെങ്കിലും ഭാരവാഹി അസൗകര്യംമൂലം മാറിയിട്ടുണ്ടെങ്കിൽ വേറെ ഭാരവാഹിയെ തെരഞ്ഞെടുക്കുവാനും ശ്രദ്ധിക്കുമല്ലോ. ശാഖാ ഭാരവാഹികളെ തെരഞ്ഞെടുക്കുമ്പോൾ 2022 ഏപ്രിലിൽ സൺഡേസ്കൂൾ പഠനം തീരുന്നവരാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### വാർഷിക റിപ്പോർട്ട് (ശാഖ, മേഖല)

ബെസ്റ്റ് ശാഖ, മേഖലാ നിർണ്ണയം ഇല്ലെങ്കിലും ഈ വർഷത്തെ ശാഖാ – മേഖലാതല പ്രവർത്തനങ്ങളുടെ വാർഷിക റിപ്പോർട്ട് മെയ് 15 നു മുമ്പായി അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്. വാർഷിക റിപ്പോർട്ടിന്റെ ഫോറം പിഡിഎഫ് ആയി ഗ്രൂപ്പിലൂടെ നല്കുന്നതായിരിക്കും.

### മേഖലാ ഡയറക്ടേഴ്സിന് നന്ദി

മിഷൻലീഗ് മേഖലാ ഡയറക്ടർമാരായി നേതൃത്വം നല്കി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച റവ. ഫാ. ഏലിയാസ് കരിക്കണ്ടത്തിൽ (അമ്പൂരി), റവ. ഫാ. സാവിയോ കരീക്കാട് MCBS (ചമ്പക്കുളം), റവ. ഫാ. ജോസഫ് അപ്പശ്ശേരി CMI (കോട്ടയം), റവ. ഫാ. മാത്യു തടത്തിൽ (കുടമാളൂർ), റവ. ഫാ. ജോസഫ് ഈറ്റോലിൽ (കുറുമ്പനാടം), റവ. ഫാ. മാത്യു മൂന്നുപീടിയേക്കൽ MCBS (നെടുംകുന്നം), റവ. ഫാ. തോമസ് വേങ്ങാശ്ശേരി (തുരുത്തി) എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

### ആദരാഞ്ജലികൾ

അതിരൂപതാ ചെറുപുഷ്പമിഷൻലീഗ് മുൻ അസി.ഡയറക്ടറായിരുന്ന ബഹു. ജോസഫ് ചാലാശ്ശേരി അച്ചന്റെ മാതാവിന്റെ നിര്യാണത്തിൽ അതിരൂപതാ ചെറുപുഷ്പമിഷൻലീഗ് കുടുംബത്തിന്റെ സ്നേഹനിർഭരമായ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

വലിയനോമ്പുകാലത്തിലൂടെ നാം കടന്നുപോകുമ്പോൾ നമ്മുടെ ജീവിതങ്ങളെ പ്രാർത്ഥനയുടെയും, അനുരഞ്ജനത്തിന്റെയും, ആത്മപരിത്യാഗത്തിന്റെയും ദിനങ്ങളാക്കി നമുക്കു മാറ്റാം.

2022 ഫെബ്രു. 12 ന് നടത്തപ്പെട്ട ലിറ്റർജിക്കൽ ക്വിസ് മത്സര വിജയികൾക്കും 2021 ലെ ലോഗോസ്ക്വിസ് മത്സര വിജയികൾക്കും പ്രത്യേക അനുമോദനങ്ങൾ നേരുന്നു. പഞ്ചവത്സര അജപാലനപദ്ധതി അഞ്ചാംവർഷത്തെ പഠനവിഷയമായ **വിശ്വാസവും ക്രിസ്തീയധാർമിതയും** എന്ന പുസ്തകം ഉടൻതന്നെ പഠനത്തിനായി ഏവർക്കും ല ്യമാക്കുന്നതാണ്. ഈ വിഷയത്തെ ആസ്പദമാക്കി ഓരോ മാസവും ഓൺലൈനായി ക്രമീകരിക്കുന്ന സെമിനാറിൽ എല്ലാവരുടെയും പങ്കാളിത്തം ഉണ്ടാകുമല്ലോ.

കൂട്ടായ്മ ഫൊറോന സംഗമമായ **കെരിഗ്മ** ഫൊറോനകേന്ദ്രങ്ങളിലെത്തി നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. എല്ലാ സഹകരണങ്ങളും തുടർപ്രവർത്തനങ്ങളിൽ ഉണ്ടാകണമേ. ഏവർക്കും ദൈവാനുഗ്രഹം സ്നേഹപൂർവ്വം നേരുന്നു.

**ഫാ. ജെന്നി കായംകുളത്തുശേരി**
(ഡയറക്ടർ)

## വാർത്തകൾ – പ്രവർത്തനങ്ങൾ

### കെ.എൽ.റ്റി

ഫെബ്രു. 17, 19, 26 തീയതികളിൽ ബൈബിളിനൊരാമുഖം എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. ക്രിസ്റ്റി കൂട്ടുമ്മേൽ ക്ലാസ്സെടുത്തു. ബഹു. അച്ചനെ നന്ദിയോടെ ഓർക്കുന്നു.

### ബൈബിൾ കോഴ്സ്

ഫെബ്രു. 1, 8, 15, 22, 23, 24, 25 തീയതികളിൽ വി. യോഹന്നാന്റെ സുവിശേഷത്തെ ആസ്പദമാക്കി മൽപ്പാൻ ഫാ. മാത്യു വെള്ളാനിക്കലച്ചൻ ക്ലാസ്സ് നയിച്ചു. പെ. ബഹു. അച്ചനെ നന്ദിയോടെ ഓർക്കുന്നു.

### ബൈബിൾ കയ്യെഴുത്ത്

ബൈബിൾ കൈയെഴുത്ത് നന്നായി മുന്നോട്ടു പോകുന്നു. അർപ്പിത മനോ ാവത്തോടെ ഇതിൽ പങ്കെടുക്കുന്ന എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

### ലിറ്റർജിക്കൽ ക്വിസ്

2021- ലിറ്റർജിക്കൽ ക്വിസ് മത്സരം 2022 ഫെബ്രുവരി 12-ന് ശനിയാഴ്ച രാവിലെ 10.00 മണിക്ക് മാർ പവ്വത്തിൽ ലിറ്റർജിക്കൽ റിസേർച്ച് സെന്ററിൽവച്ച്

നടത്തി. റവ. ഫാ. ആകാശ് കീരംചിറ ക്വിസ് മാസ്റ്ററായിരുന്നു. വിവിധ ഇടവകകളിൽ നിന്നായി 25 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു. ആദ്യ 5 സ്ഥാനങ്ങൾ കരസ്ഥമാക്കിയ ടീമുകൾക്ക് യഥാക്രമം 5000, 4000, 3000 2000, 1000 എന്ന ക്രമത്തിൽ ക്യാഷ് അവാർഡുകളും ട്രോഫിയും ആർച്ചുബിഷപ്പ് ജോസഫ് പെരുംന്തോട്ടം നൽകി ആദരിച്ചു. പെരി. ബഹു. തോമസ് പാടിയത്തും സന്നിഹിതനായിരുന്നു. മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

**വിജയികൾ**

1. ഷൈനി ടോം, അയോണ ടോം, സെന്റ് മേരീസ് പുളിങ്കുന്ന്
2. മറിയമ്മ ദേവസ്യ, രാജി മാർട്ടിൻ, സിനിറ്റ സി. സിബി, സെന്റ് തോമസ് നാലുകോടി
3. ത്രേസ്യാമ്മ ജോർജ്ജ്, ജിസാ ജോർജ്ജ്, ജിനോ ജോർജ്ജ്, സെന്റ് ജോസഫ് ചമ്പക്കര
4. ഫിൽസി സനിൽ, റോസ് എസ്. ജോസ്, സെന്റ് ഗ്രിഗോറിയസ് കിടങ്ങറ
5. നിധി ആന്റൺ, റോംലിൻ ലൂർദ്ദ് മാതാ മാമ്മൂട്

**ലോഗോസ് 2021**

ലോഗോസ് 2021 മത്സരത്തിൽ വിജയികളായവർക്ക് ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും 2022 ഫെബ്രുവരി 12 തീയതി ആർച്ചുബിഷപ്പ് ജോസഫ് പെരുംന്തോട്ടം നൽകുകയുണ്ടായി. വിജയികൾക്ക് അനുമോദനങ്ങൾ

## അറിയിപ്പുകൾ

**പഠനസഹായികൾ തയ്യാറായിരിക്കുന്നു**

പഞ്ചവത്സരപഠനസഹായി വിശ്വാസവും ക്രൈസ്തവജീവിതവും എന്ന പുസ്തകവും ലോഗോസ് 2022 പഠനസഹായിയും തയ്യാറായിട്ടുണ്ട്. കൂട്ടായ്മ ഓഫിസിൽ മാർച്ച് 10 മുതൽ ലഭ്യമാണ്.

**വിശ്വാസവും ക്രിസ്തീയ ധാർമികതയും** (പഞ്ചവത്സര പഠനവിഷയം)

പഞ്ചവത്സര പഠന വിഷയത്തെ ആസ്പദമാക്കി ഓരോ മാസവും പ്രബോധനങ്ങൾ ഓൺലൈനായി നൽകുന്നതാണ്. എല്ലാവർക്കും ഈ പരിപാടിയിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കും. Zoom ID : 88302877319; Passcode: 830113 (എല്ലാമാസവും ഇതുതന്നെ ആയിരിക്കും)

**കെരിഗ്മ**

കൂട്ടായ്മ ലീഡേഴ്സിന്റെ ഫൊറോന സംഗമമായ കെരിഗ്മ-2022 മാർച്ചു മാസത്തിൽ ആരംഭിക്കുകയാണ്. ഓരോ ഇടവകയിലേയും കൂട്ടായ്മ ലീഡേഴ്സ് തങ്ങളുടെ ഫൊറോനയ്ക്കായി ക്രമീകരിക്കുന്ന കെരിഗ്മയിൽ പങ്കെടുക്കേണ്ടതാണ്. കോവിഡ് മഹാമാരിയാൽ നിശ്ചലമായ നമ്മുടെ കൂട്ടായ്മകൾ സജീവമാകേണ്ടതിനാൽ എല്ലാ ലീഡേഴ്സും മീറ്റിംഗിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കണമെ. ഈ മീറ്റിംഗിൽവച്ചാണ് അടുത്ത 3 വർഷത്തേയ്ക്കുള്ള ഫൊറോന സമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്.

**കെരിഗ്മ നടക്കുന്ന ഫൊറോനകളും തീയതികളും**

| | |
|---|---|
| മാർച്ച് 26 ശനി | - ആലപ്പുഴ |
| ഏപ്രിൽ 2 ശനി | - അതിരമ്പുഴ |
| ഏപ്രിൽ 9 ശനി | - ചമ്പക്കുളം |
| ഏപ്രിൽ 23 ശനി | - ചങ്ങനാശേരി |
| ഏപ്രിൽ 30 ശനി | - എടത്വാ |

## മാർത്തോമ്മാ വിദ്യാനികേതനിൽനിന്നും 59 അത്മായർക്ക് ദൈവശാസ്ത്ര ബിരുദം

ചങ്ങനാശേരി അതിരൂപതയിലെ അത്മായ ദൈവശാസ്ത്ര പഠനകേന്ദ്രമായ മാർത്തോമ്മാ വിദ്യാനികേതനിൽ 2022 ഫെബ്രുവരി 13 ന് ഉച്ചകഴിഞ്ഞ് 2.30 ന് 4 ബാച്ചുകളിലായി 59 പേർ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തായിൽനിന്നും ബിരുദവും (BA RSc) ബിരുദാനന്തര ബിരുദം (MA RSc) ഏറ്റുവാങ്ങി.

കൂടാതെ ഒരു വർഷത്തെ ദൈവശാസ്ത്രകോഴ്സ് പൂർത്തിയാക്കിയ 16 പേർക്ക് ഡിപ്ലോമയും വിതരണം ചെയ്തു. പ്രസ്തുത ചടങ്ങിൽ മാർത്തോമ്മാ വിദ്യാനികേതൻ ഡയറക്ടർ ബഹു. ഫാ. ഡോ. തോമസ് കറുകക്കളം ഏവർക്കും സ്വാഗതം ആശംസിക്കുകയും, കോട്ടയം പൗരസ്ത്യ വിദ്യാപീഠം പ്രസിഡന്റ് ബഹു. ഫാ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ സന്ദേശം നൽകുകയും വികാരി ജനറാൾ ബഹു. ഫാ. ഡോ. തോമസ് പാടിയത്ത്, മാർത്തോമ്മാ വിദ്യാനികേതൻ മുൻഡയറക്ടർ ബഹു. ഫാ. ഡോ. ജോസഫ് കൊല്ലാറ, പൂർവ്വ വിദ്യാർത്ഥി അഡ്വ. തോമസ് സെബാസ്റ്റ്യൻ വൈപ്പിശ്ശേരി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു. മാർത്തോമ്മാ വിദ്യാനികേതൻ ഡീൻ ഓഫ് സ്റ്റഡീസ് ബഹു. ഫാ. ജയിംസ് കൊക്കാവയലിൽ നന്ദി അറിയിച്ചു. പേപ്പൽ ആന്തത്തോടെ 5.30ന് സമ്മേളനം അവസാനിച്ചു. ഡോ. റെജിമോൾ ആലഞ്ചേരി, ജോസഫ് കെ. കുന്നത്ത്, റീജൻറ് ബ്രദർ എബിസൺ, ലൗലി ജോസഫ്, എനോഷ് ജോസഫ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# ഫാമിലി അപ്പോസ്തലേറ്റ്
## FAMILY APOSTOLATE

പ്രിയ കുടുംബപ്രേഷിതരേ,

ഈശോ മിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ. പ്രതിസന്ധികളെ അതിജീവിക്കുന്ന വിശ്വാസത്തിന്റെ പ്രസക്തി ഈ കാലയളവിൽ പ്രഘോഷിക്കുവാനുള്ള ദൈവവിളിയാണ് നമുക്കുള്ളത്. കുടുംബങ്ങളുടെ വിശുദ്ധീകരണം ലക്ഷ്യം വച്ചുകൊണ്ടുള്ള കർമ്മപരിപാടികളുടെ വിജയത്തിനായി നമുക്കു പ്രതിജ്ഞാബദ്ധരാകാം. 'കുടുംബം ഭൂമിയിലെ സ്വർഗ്ഗം' എന്ന പേരിൽ മാതൃവേദി - പിതൃവേദിയുടെ 2022-ലെ മാർഗ്ഗരേഖ പ്രകാശനം ചെയ്യപ്പെട്ടിട്ടുണ്ട്. അതിരൂപതയുടെ അജപാലന പഞ്ചവത്സര പദ്ധതിയുടെ അവസാനവർഷത്തിൽ നൽകപ്പെട്ടിരിക്കുന്ന 'വിശ്വാസവും ക്രിസ്തീയ ധാർമ്മികതയും' എന്ന പഠന വിഷയത്തിലൂന്നിയ പരിപാടികളാണ് മാർഗ്ഗരേഖയിൽ നൽകിയിരിക്കുന്നത്.

'വിളിച്ചു കൂട്ടപ്പെട്ട വിശ്വാസികളുടെ ഗണ'മായ സഭയ്ക്ക് ഈശോമിശിഹായുടെ ജീവിതത്തിലും സന്ദേശത്തിലും നങ്കൂരമുറപ്പിച്ചിരിക്കുന്ന വ്യക്തമായ ധാർമ്മികസംഹിതയുണ്ട്. സഭയുടെ ചെറുപതിപ്പായ കുടുംബങ്ങൾക്ക് തങ്ങളുടെ ജീവിതസാഹചര്യങ്ങളിൽ ഈശോയിൽ അടിയുറച്ച വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും സാക്ഷ്യമാകുവാനുള്ള കടമയുണ്ട്. വിശ്വാസവിരുദ്ധതയും അധാർമ്മികതയും വെല്ലുവിളി ഉയർത്തുമ്പോൾ നമ്മുടെ പ്രേഷിതചൈതന്യത്തെ തീക്ഷ്ണതയോടെ നമുക്കു ദീപ്തമാക്കാം.

ഫാമിലി അപ്പോസ്തലേറ്റിന്റെ വിവിധശുശ്രൂഷകളിൽ ഏവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
(ഡയറക്ടർ)

**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
**ഫാ. സോണി പള്ളിച്ചിറയിൽ**
(അസി. ഡയറക്ടർമാർ)

## റിപ്പോർട്ട്

### 1. പ്രവർത്തനവർഷ ഉദ്ഘാടനം 2022

മാതൃവേദി - പിതൃവേദി 2022 പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖാപ്രകാശനവും ജനുവരി 29 ശനിയാഴ്ച 9.30 ന് അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് എ.പി. തോമസ് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും നിർവഹിച്ചു. മാതൃവേദി - പിതൃവേദി പ്രവർത്തകർ വിശ്വാസത്തിന്റെയും ക്രൈസ്തവ ധാർമ്മികതയുടെയും കാവൽക്കാരാകണമെന്ന് മാർ ജോസഫ് പെരുന്തോട്ടം ഓർമ്മിപ്പിച്ചു. ക്രൈസ്തവരുടെ വളരെ പ്രധാനപ്പെട്ട ആരാധനാദിവസമായ ഞായറാഴ്ച മാത്രം കടുത്ത നിയന്ത്രണമേർപ്പെടുത്തിയ

സർക്കാർ നടപടിക്കെതിരെ അതിരൂപതാ സമിതിയുടെ പ്രതിഷേധപ്രമേയം അതിരൂപതാ ജനറൽ സെക്രട്ടറി ജോജൻ കൊച്ചുവീട്ടിൽ അവതരിപ്പിച്ചു. ഡയറക്ടർ ഫാ. ജോസ് മുകളേൽ, ഫാ. റ്റിജോ പുത്തൻപറമ്പിൽ, മാതൃവേദി പ്രസിഡന്റ് ആൻസി മാത്യു, ബിൻസി മാത്യു, ടെസി വർഗീസ്, ജോയി പാറപ്പുറം, ബ്രദർ നോബി പടമറ്റം എന്നിവർ പ്രസംഗിച്ചു.

## 2. അതിരൂപതാ എക്സിക്യൂട്ടീവ്

അതിരൂപത മാതൃവേദി-പിതൃവേദിയുടെ 2022 പ്രവർത്തനവർഷത്തെ രണ്ടാമത് എക്സിക്യൂട്ടീവ് യോഗം ഫെബ്രുവരി 8 ചൊവ്വാഴ്ച 8.00 p.m. ന് ഓൺലൈനായി നടത്തപ്പെട്ടു. കഴിഞ്ഞ അഞ്ചുവർഷക്കാലം കുടുംബപ്രേഷിത പ്രവർത്തനരംഗത്ത് കാതലായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് കാലഘട്ടത്തിനനുസരിച്ച് കുടുംബങ്ങളെ ദൈവാശ്രയബോധത്തിൽ ആഴപ്പെടുത്തുവാൻ മാതൃവേദി, പിതൃവേദി പ്രസ്ഥാനത്തിന് കരുത്തേകിയ അതിരൂപത ഡയറക്ടർ ഫാ. ജോസ് മുകളേലിന് അതിരൂപതാ കുടുംബം ഒന്നടങ്കം സ്നേഹനിർഭരമായ യാത്രയയപ്പ് നൽകുന്നതിന് തീരുമാനിച്ചു.

**3. യാത്രയയപ്പ് സമ്മേളനം** (12.02.22 ശനി 3.00 p.m.)

2017 മുതൽ 2022 വരെ അഞ്ചുവർഷക്കാലം ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടറായി സ്തുത്യർഹമായ സേവനത്തിനുശേഷം ഏറ്റുമാനൂർ ക്രിസ്തുരാജ ദൈവാലയ വികാരിയായി നിയമിതനായ ബഹു. ജോസ് മുകളേൽ അച്ചന് അതിരൂപത മാതൃവേദി-പിതൃവേദി കുടുംബം സ്നേഹോഷ്മളമായ യാത്രയയപ്പ് നൽകി. അതിരൂപതാ പ്രസിഡന്റ് എ.പി. തോമസ് അധ്യക്ഷത വഹിച്ച യോഗത്തിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹപ്രഭാഷണം നിർവഹിച്ചു. മുൻഭാരവാഹികളായ ശ്രീ. വർഗീസ് നെല്ലിക്കൽ, ലാലി ഇളപ്പുങ്കൽ, പ്രൊലൈഫ് അതിരൂപതാ കോർഡിനേറ്റർ ഏബ്രഹാം പുത്തൻകളം, മാതൃവേദി പ്രസിഡന്റ് ശ്രീമതി ആൻസി മാത്യു, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. റ്റിജോ പുത്തൻപറമ്പിൽ, ഫാ. സോണി പള്ളിച്ചിറയിൽ, ഫാ. ബിജോ ഇരുപ്പക്കാട്ട്, സി. ജോബിൻ F.C.C., ശ്രീമതി ലൂസി എം.ജെ., എന്നിവർ ആശംസകൾ നേർന്നു. അതിരൂപതാ സെക്രട്ടറിമാരായ ജോജൻ കൊച്ചുവീട്ടിൽ, റ്റെസി വർഗീസ്, ജോയി പാറപ്പുറം, ജോജോ എതിരേറ്റ്, കുടുംബപ്രേഷിതകേന്ദ്രം സ്റ്റാഫ് അംഗങ്ങൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**4.** ''എന്റെ ഇടവക ദൈവാലയം എന്റെ അഭിമാനം'' (ഇടവകയെപ്പറ്റിയും മാതൃവേദി-പിതൃവേദി പ്രവർത്തനങ്ങളെപ്പറ്റിയും യൂണിറ്റുകൾ പങ്കുവയ്ക്കുന്ന നൂതന കർമ്മപരിപാടി) പ്രോഗ്രാമിന്റെ പോസ്റ്റർ പ്രകാശനം അതിരൂപതാ ഡയറക്ടർ ഫാ. ജോസ് മുകളേൽ 2022 ഫെബ്രുവരി 12-ന് നിർവഹിച്ചു.

## അറിയിപ്പുകൾ

**വനിതാ ദിനാഘോഷം** (മാർച്ച് 8 ചൊവ്വാ, 10.00 a.m.)

ലോക വനിതാദിനത്തോടനുബന്ധിച്ച് മാതൃവേദി-പിതൃവേദി അതിരൂപതാ

സമിതിയുടെ നേതൃത്വത്തിൽ വനിതാദിനാഘോഷം 2022 മാർച്ച് 8-ന് 10.00ന് കത്തീഡ്രൽ പാരിഷ് ഹാളിൽവച്ച് നടത്തപ്പെടുന്നു. കോട്ടയം ജില്ലാ കളക്ടർ ഡോ. പി.കെ. ജയശ്രീ IAS ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ പാലാ രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ അനുഗ്രഹപ്രഭാഷണം നിർവഹിക്കും. പ്രൊഫ. ലീനാ ജോസ് റ്റി. വനിതാദിന സന്ദേശം നല്കും. പ്രസ്തുത വനിതാദിനാഘോഷത്തിൽ ജില്ലാ/സംസ്ഥാനതലം തുടങ്ങി വിവിധ മേഖലകളിൽ മികവു പുലർത്തിയ വനിതകളെ ആദരിക്കുകയും ചെയ്യും.

## നന്ദിയും സ്വാഗതവും

5 വർഷക്കാലം കുടുംബപ്രേഷിത ശുശ്രൂഷയ്ക്ക് ശക്തമായ നേതൃത്വം നൽകിയ ബഹു. ജോസ് മുകളേൽ അച്ചന് ഹൃദ്യമായ നന്ദി...

ചങ്ങനാശേരി അതിരൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ പുതിയ ഡയറക്ടറായി സ്ഥാനമേറ്റിരിക്കുന്ന ബഹു. സെബാസ്റ്റ്യൻ ചാമക്കാല അച്ചന് ഊഷ്മളമായ സ്വാഗതം...

## ONLINE PRE MARRIAGE COURSE

| മാർച്ച് | ഏപ്രിൽ | |
|---|---|---|
| 4, 5, 6 (Booking Date: Feb. 18)<br>11, 12, 13 ( " Feb. 28)<br>18, 19, 20 ( " Mar. 03)<br>25, 26, 27 ( " Mar. 07) | 1, 2, 3 (Booking Date: Mar. 21)<br>8, 9, 10 ( " Mar. 28) | **For Booking:**<br>www. familyapostolatechry.com<br>Mob: 9447030814, 9447016240<br>*Booking Starts at 11.00 am* |

### 1. ഞായറാഴ്ച ലോക്ക് ഡൗൺ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം നൽകി

ക്രൈസ്തവരുടെ ആരാധനാ സ്വാതന്ത്ര്യം പൂർണമായി നിഷേധിക്കുന്ന ഞായറാഴ്ചകളിലെ അശാസ്ത്രീയ ലോക്ഡൗൺ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് 2022 ഫെബ്രുവരി 4 ന് ജില്ലാ കലക്ടർമാർക്ക് നിവേദനം നൽകി. കോവിഡ് നിയന്ത്രണങ്ങൾ പാലിച്ച് ഞായറാഴ്ചകളിൽ ആരാധന നടത്താൻ അനുവാദം നൽകണമെന്ന് കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ കലക്ടർമാർക്ക് നൽകിയ പരാതിയിൽ ആവശ്യപ്പെട്ടു.

### 2. ഓറിയന്റേഷൻ പ്രോഗ്രാം

അതിരൂപതാ മീഡിയ അപ്പോസ്റ്റലേറ്റുമായി സഹകരിച്ച് മാക് റേഡിയോ, 90.8 റേഡിയോ മീഡിയ വില്ലേജ്, മാക് ടിവി, എംവി ടിവി എന്നിവയിൽ റേഡിയോ ജോക്കി, അവതാരകർ തുടങ്ങിയ നിലകളിൽ പ്രവർത്തിക്കാൻ തത്പരരായ യുവജനങ്ങൾക്കായി 2022 ഫെബ്രുവരി 15ന് ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം ക്രമീകരിച്ചു. ഫാ. ആന്റണി ഏത്തക്കാട്, ഫാ. ജോഫി പുതുപ്പറമ്പിൽ, ഫാ. ലൈജു കണിച്ചേരിൽ, അമല റേച്ചൽ ഷാജി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

### 3. പെൻഷൻ പ്രായം ഉയർത്താനുള്ള നീക്കത്തിനെതിരെ പ്രതിഷേധ റാലി

പെൻഷൻ പ്രായം ഉയർത്താനുള്ള സർക്കാർ നീക്കത്തിനെതിരെ യുവദീപ്തി എസ്.എം.വൈ.എം. ചങ്ങനാശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ 2022 ഫെബ്രുവരി 19ന് കോട്ടയം ആലപ്പുഴ ജില്ലകളിൽ യുവാക്കൾ കലക്ട്രേറ്റിലേക്ക് പിന്നോട്ട് നടക്കൽ സമരം നടത്തി പ്രതിഷേധിച്ചു. കോട്ടയം ലൂർദ്ദ് പള്ളി മുതൽ കലക്ട്രേറ്റ് വരെ നടന്ന റാലിയിൽ കോട്ടയം, അതിരമ്പുഴ, കുടമാളൂർ, നെടുംകുന്നം, കുറുമ്പനാടം ഫൊറോനാകളിലെ 60 യുവാക്കളും ആലപ്പുഴ ബീച്ച് മുതൽ കലക്ട്രേറ്റ് വരെ നടന്ന റാലിയിൽ ആലപ്പുഴ, എടത്വ, ചമ്പക്കുളം, പുളിങ്കുന്ന് ഫൊറോനകളിലെ 50 യുവാക്കളും പങ്കെടുത്തു. ഫാ. ജോബിൻ ആനക്കല്ലുങ്കൽ, ഫാ. തോമസുകുട്ടി താന്നിയത്ത്, ഫാ. ടോം കിഴക്കേത്തലക്കൽ, ഫാ. ബെന്നി വെട്ടിത്താനം, ജോർജ്ജ് ജോസഫ്, ജെയ്നെറ്റ് മാത്യൂ, റ്റോം തോമസ്, അലൻ ടോമി തുടങ്ങിയവർ നേതൃത്വം നൽകി. കോവിഡ് മാനദണ്ഡങ്ങൾ നിലനിൽക്കുന്നതിനാൽ രൂപതാ– ഫൊറോനാ ഭാരവാഹികൾ മാത്രമാണ് പ്രതിഷേധത്തിൽ പങ്കെടുത്തത്.

### Upcoming Events

| | | |
|---|---|---|
| ഫെബ്രുവരി 26 | : | മാർഗരേഖ പ്രകാശനം |
| ഫെബ്രുവരി 27 | : | കെസിവൈഎം പ്രവർത്തന വർഷ ഉദ്ഘാടനവും കർമ്മ പദ്ധതി പ്രകാശനവും |
| മാർച്ച് 1 | : | അഫിലിയേഷൻ ആരംഭം |
| മാർച്ച് 12 | : | വനിതാ ദിനാചരണം |
| മാർച്ച് 22 | : | ജല ദിനാചരണം |

ഈശോയിൽ സ്നേഹം നിറഞ്ഞ കെ.സി. എസ്. എൽ അംഗങ്ങളെ, വളരെ അനുഗ്രഹപ്രദമായി ഒരു മാസം കൂടെ കഴിയുന്നു. സ്കൂൾ ജീവിതത്തിലേക്കു നാം വീണ്ടും എത്തിയിരിക്കുകയാണ്. നിങ്ങൾ ഓരോരുത്തരും അതിന്റെ സന്തോഷത്തിലാണെന്ന് വിശ്വസിക്കുന്നു.

വിശുദ്ധ ചാവറ പിതാവിന്റെ 151–മത് ചരമ വാർഷികത്തോട് അനുബന്ധിച്ചു ചങ്ങനാശേരി സി. എം. സി. ഹോളിക്യൂൻസ് പ്രൊവിൻസിന്റെയും കെ സി എസ് എൽ ന്റെയും ആഭിമുഖ്യത്തിൽ അഖില കേരള ചാവറ പ്രസംഗ മത്സരം 2022 ഫെബ്രുവരി 15 തീയതി ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു.

ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും 41 കുട്ടികളും ഹയർ സെക്കന്ററി വിഭാഗത്തിൽ നിന്നും 16 കുട്ടികളും പങ്കെടുത്തു. ഹൈസ്കൂൾ വിഭാഗത്തിൽ ഒന്നാം സ്ഥാനം: മിൻസ റോസ് മാർട്ടിൻ എസ്.എച്ച് ഓഫ് മേരീസ് സി ജി എച്ച് എസ് എസ് തൃശൂർ; രണ്ടാം സ്ഥാനം: ബിലീന ആൻ ബെന്നി ഇൻഫെന്റ് ജീസസ് സ്കൂൾ താമരശ്ശേരി; മൂന്നാം സ്ഥാനം: റോൺ ജോജി വിമല പബ്ലിക് സ്കൂൾ തൊടുപുഴ.

ഹയർ സെക്കന്ററി വിഭാഗത്തിൽ ഒന്നാം സ്ഥാനം: ആഷ്‌ലി റോയ് സെന്റ് മേരീസ് എച്ച്.എസ്.എസ് ചമ്പക്കുളം; രണ്ടാം സ്ഥാനം: ജെയ്ക് ജേക്കബ് സിജോ സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് നെടുംകുന്നം; മൂന്നാം സ്ഥാനം: തുഷാര ജിൻസ് വിമല പബ്ലിക് സ്കൂൾ തൊടുപുഴ. പങ്കെടുത്തവർക്കും സമ്മാനാർ ഹരായവർക്കും എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.

സ്കൂളുകൾ തുറന്ന സാഹചര്യത്തിൽ നമ്മുടെ പ്രവർത്തനങ്ങൾ വളരെ ശക്ത മായി നടക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

ഫെബ്രുവരി മാസത്തിൽ കാർപ്പ് ഫൊറോനാതല മീറ്റിംഗുകൾ കോവിഡ് പ്രതിസന്ധിമൂലം നടത്താൻ സാധിച്ചില്ല.

**വെബിനാർ നടത്തപ്പെട്ടു**

ഫെബ്രുവരി 23 ബുധനാഴ്ച കാർപ്പിന്റെ സ്വർഗീയ മദ്ധ്യസ്ഥനായ വി. പോളികാർപ്പിന്റെ തിരുന്നാൾ ആചരിച്ചു. അന്നേദിവസം 7.00 pm ന് കേന്ദ്ര സർവകലാശാലകളിലെ അധ്യയന അവസരങ്ങളെക്കുറിച്ചുള്ള ക്ലാസ് വെബിനാറായി നടത്തപ്പെട്ടു. പ്രമുഖ കരിയർ കൗൺസിലർ ആയ ശ്രീ. ബാബു പള്ളിപ്പാട്ട് ക്ലാസ് നയിച്ചു. 250 തോളം പേർ പങ്കെടുത്തു.

**നാടാർ ക്രൈസ്തവ സംവരണത്തെ സ്വാഗതം ചെയ്തു**

നാടാർ ക്രൈസ്തവർ വളരെയധികം അനീതിയാണ് സംവരണവുമായി ബന്ധപ്പെട്ട് അനു വിച്ചിരുന്നത്. ലത്തീൻ സ യിൽ ഉൾപ്പെട്ട നാടാർ ക്രൈസ്തവ വി ാഗത്തിനും എസ്ഐയുസി നാടാർ എന്നപേരിൽ സിഎസ്ഐ - പ്രൊട്ടസ്റ്റൻറ് സ കളിലെ നാടാർ ക്രൈസ്തവ വി ാഗത്തിനും ഒബിസി സംവരണം ല ്യമാക്കുകയും സീറോമലബാർ, മലങ്കര, യാക്കോബായ തുടങ്ങിയ സുറിയാനി സ കളിലെ നാടാർ ക്രൈസ്തവ വി ാഗത്തിന് സംവരണം നിഷേധിക്കുകയുമാണ് സംസ്ഥാന സർക്കാർ നാളിതുവരെ ചെയ്തിരുന്നത്. ഇതുമായി ബന്ധപ്പെട്ട നിവേദനങ്ങൾ കാർപ്പ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. ഈ അനീതി അവസാനിപ്പിച്ച് എല്ലാ നാടാർ ക്രൈസ്തവ വി ാഗത്തിനും ഒബിസി സംവരണം അനുവദിച്ച സംസ്ഥാന സർക്കാർ നടപടി കാർപ്പ് അതിരൂപതാസമിതി സ്വാഗതം ചെയ്തു.

**ബേബി വട്ടക്കര**
(അതിരൂപതാ കോർഡിനേറ്റർ)
9142121717

**ഫാ. ജയിംസ് കൊക്കാവയലിൽ**
(അതിരൂപതാ ഡയറക്ടർ)
6238214912

# ചാസ്
## CHASS

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !**

ചാസിന്റെ സാമൂഹിക ഇടപെടലുകളിൽ ഏറ്റവും ശ്രദ്ധേയവും പ്രധാനപ്പെട്ടതുമായ ഒരു പ്രവർത്തന മേഖലയാണ് വനിതാ ശാക്തീകരണം. കുടുംബങ്ങളിലും സമൂഹത്തിലും സ്ത്രീകളെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുക എന്നതാണ് ചാസിന്റെ ഈ മേഖലയിലെ കാഴ്ച്ചപ്പാടും പ്രവർത്തനശൈലിയും. ഒപ്പം സാമ്പത്തിക മേഖലകളിൽ തീരുമാനമെടുക്കുന്നതിൽ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു വരുമാനം നേടാനുള്ള കഴിവിനും ചാസ് ശക്തമായ ഊന്നൽ നൽകുന്നു.

ചാസിന്റെ ആയിരത്തിലധികം വരുന്ന വനിതാ സ്വാശ്രയ സംഘങ്ങളും, മഹിളാ സമാജങ്ങളും ലക്ഷ്യം വയ്ക്കുന്നത് സ്ത്രീ ശാക്തീകരണത്തിലൂടെ സമൂഹത്തിന്റെ സുസ്ഥിര വികസനം സാധ്യമാക്കുക എന്നതാണ്. അതുകൊണ്ടു തന്നെ ചാസും അതിന്റെ പ്രാദേശിക യൂണിറ്റുകളും സ്ത്രീകളുടെ വിദ്യാഭ്യാസത്തിനും, നൈപുണ്യ-നേതൃത്വ പരിശീലനത്തിനും സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കാനുതകുന്ന വിവിധ വരുമാന വർദ്ധക പദ്ധതികൾക്കും പ്രാധാന്യം നൽകിവരുന്നു.

എന്നാൽ കോവിഡ് മഹാമാരിയും അനുബന്ധ പ്രതിസന്ധികളും കാരണം കഴിഞ്ഞ രണ്ടുവർഷക്കാലമായി നമുക്ക് ശരിയായ വിധം പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ സാധിച്ചിട്ടില്ല. തീർച്ചയായും അതു നമ്മുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ സ്ഥിതിക്ക് മാറ്റം വരുത്തിയേതീരൂ. കോവിഡ് പ്രതിസന്ധിക്ക് ഇപ്പോൾ ശമനം വന്നിട്ടുള്ളതിനാൽ എല്ലാവരും കഴിഞ്ഞ കാലഘട്ടങ്ങളിലെപ്പോലെ പ്രവർത്തനനിരതരാകുവാൻ തയ്യാറെടുപ്പുകൾ നടത്തണം. ഈ വരുന്ന മാർച്ച് 8-ാം തീയതിയാണ് ലോകമെങ്ങും വനിതാദിനമായി ആചരിക്കുന്നത്. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായ ഒരു വലിയ ദിനമാണ് അന്താരാഷ്ട്ര വനിതാദിനാചരണം. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, കുടുംബം തുടങ്ങിയ മേഖലകളിൽ വനിതകൾ നേടിയ വിജയത്തിന്റെ ഓർമ്മപ്പെടുത്തൽ ആണ് ഈ ദിവസം. നമ്മുടെ പ്രാദേശിക യൂണിറ്റുകളും മേഖലാ സംവിധാനങ്ങളും, സ്വാശ്രയസംഘങ്ങളും, മഹിളാ സമാജങ്ങളുമെല്ലാം ഉണർന്നു പ്രവർത്തിക്കേണ്ട സമയവുമാണ്. യൂണിറ്റുതലത്തിലും, മേഖലാതലത്തിലും വനിതാദിനം സമുന്നതമായി ആചരിക്കുവാൻ ഏവരും സഹകരിക്കുമല്ലോ. ചാസിന്റെ മേഖലാ കോർഡിനേറ്റർമാരുടെ സേവനം ഇക്കാര്യത്തിൽ നിങ്ങൾക്ക് തേടാവുന്നതാണ്. വനിതാദിനത്തിന്റെ ഭാവുകങ്ങൾ ഏവർക്കും നേരുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. തോമസ് കുളത്തുങ്കൽ**
(ഡയറക്ടർ)

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. ജോർജ്ജ് പനക്കേഴം**
**ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

**അതിരൂപതാ ഭവനനിർമ്മാണ പദ്ധതി (2022 ഫെബ്രുവരി)**

| ഇടവക | ഗുണഭോക്താവ് | ഗഡു | തുക |
|---|---|---|---|
| എഴുമറ്റൂർ | 1 | 2 | 1,00,000 |

## അറിയിപ്പുകൾ

### 1. വനിതാദിനാചരണം

| തീയതി | മേഖല |
|---|---|
| മാർച്ച് 05, 10.30 am | ചമ്പക്കുളം, പുളിംകുന്ന്, എടത്വാ |
| മാർച്ച് 05, 02.00 pm | ആലപ്പുഴ |
| മാർച്ച് 07, 02.30 pm | നെടുംകുന്നം, മണിമല |
| മാർച്ച് 08, 10.30 am | ചങ്ങനാശേരി, തുരുത്തി, കുറുമ്പനാടം |
| മാർച്ച് 10, 10.30 am | കുടമാളൂർ |
| മാർച്ച് 10, 02.30 pm | അതിരമ്പുഴ |

### 2. മേഖലാ PME

| തീയതി | മേഖല |
|---|---|
| മാർച്ച് 12, 02.30 pm | എടത്വാ |
| മാർച്ച് 13, 02.30 pm | തൃക്കൊടിത്താനം, കുറുമ്പനാടം |
| മാർച്ച് 15, 02.30 pm | മണിമല, നെടുംകുന്നം |
| മാർച്ച് 20, 02.30 pm | കുടമാളൂർ |
| മാർച്ച് 22, 10.30 am | കോട്ടയം |
| മാർച്ച് 22, 02.30 pm | അതിരമ്പുഴ |
| മാർച്ച് 25, 10.30 am | പുളിംകുന്ന് |
| മാർച്ച് 27, 02.30 pm | തുരുത്തി, ചങ്ങനാശേരി |

### 3. ഖാദി എക്സ്പോ

ദേശീയതല പി.എം.ഇ.ജി.പി. ഖാദി എക്സ്പോ, ദേശീയ ഖാദിഗ്രാമ വ്യവസായ കമ്മീഷന്റെ നേതൃത്വത്തിൽ ചങ്ങനാശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി, എസ്.ബി. കോളേജ് നാഷണൽ സർവ്വീസ് സ്കീം എന്നിവർ മുഖ്യസംഘാടകരായും മീഡിയാ വില്ലേജ്, അസംപ്ഷൻ കേളേജ്, ക്രിസ് കുട്ടനാട് തുടങ്ങിയവൻ സഹസംഘാടകരായും മാർച്ച് 7 മുതൽ 13 വരെ എസ്.ബി. കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്നു. എക്സ്പോ കേന്ദ്ര ഖാദി കമ്മീഷൻ ചെയർമാൻ ശ്രീ. വിനയക് സ്ക്സേന മാർച്ച് 8 ന് ഉദ്ഘാടനം ചെയ്യും. വനിതാദിനമായ അന്ന് ഖാദി ഫോർ നേഷൻ & ഫാഷൻ എന്ന മുദ്രാവാക്യവുമായി നാഷണൽ ലെവൽ ഖാദി ഫാഷൻ ഷോ മത്സരം സംഘടിപ്പിക്കും. വിവിധ സംസ്ഥാനങ്ങളിലെ ഖാദി സ്ഥാപനങ്ങൾ, ചെറുകിട വ്യവസായങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവർ മേളയിൽ പങ്കെടുക്കും. എല്ലാദിവസവും വൈകുന്നേരം തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ നിന്നുള്ള കലാസന്ധ്യയും ഫ്യൂഷൻ പ്രോഗ്രാമുകളും ഉണ്ടായിരിക്കും.

## കേന്ദ്രവാർത്തകൾ

### അവലോകന യോഗം – വെബ്ബിനാർ

UNICEF ന്റെ സഹായ സഹകരണത്തോടുകൂടി കോട്ടയം, പത്തനംതിട്ട ജില്ല കളിലെ പ്രളയദുരന്ത മേഖലകളിൽ ചാസ് നടത്തിവരുന്ന ദുരന്ത ആഘാത ലഘൂകരണ പദ്ധതിയുടെ ഭാഗമായി ജനുവരി 28 ന് വെബ്ബിനാർ സംഘടിപ്പിച്ചു. UNICEF പ്രോജക്ട് ഓഫീസർ ശ്രീ. മഹേന്ദ്ര, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു, പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. അരുൺ റ്റി., വോളണ്ടിയേഴ്സ് എന്നിവർ പങ്കെടുത്തു.

### പാലിയേറ്റീവ് കെയർ സർട്ടിഫിക്കറ്റ് വിതരണം

നബാർഡിന്റെ സഹകരണത്തോടെ കഴിഞ്ഞ 2 മാസക്കാലമായി ചാസ് ട്രെയിനിംഗ് സെന്ററിൽ നടത്തി വന്നിരുന്ന പാലീയേറ്റീവ് കെയർ & ഹോം നേഴ്സിംഗ് പരിശീലനം 2022 ജനുവരി 28 ന് സമാപിച്ചു. ചാസ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച യോഗത്തിൽ വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ പരിശീലനാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. നബാർഡ് കോട്ടയം ജില്ലാ വികസന മാനേജർ ശ്രീ. റെജി വർഗീസ്, ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ ക്ലിനിക്കൽ ഓങ്കോളജിസ്റ്റ് ഡോ. വർഗീസ് ആന്റണി, ചാസ് അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പ റമ്പിൽ, സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം, ശ്രീ. അരുൺ റ്റി. എന്നിവർ പ്രസംഗിച്ചു.

### WORLD CANCER DAY OBSERVATION - Webinar

ലോക കാൻസർദിനാചരണത്തോടനുബന്ധിച്ച് ചാസ് - ആശാകിരണം പദ്ധതിയുടെ ഭാഗമായി ഫെബ്രുവരി 3 ന് വെബ്ബിനാർ സംഘടിപ്പിച്ചു. ചെത്തി പ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ ക്ലിനിക്കൽ ഓങ്കോളജിസ്റ്റ് ഡോ. വർഗീസ് ആന്റണി ''കാൻസർ രോഗവും ചികിത്സാരീതികളും''എന്ന വിഷയത്തിലും ഡോ. പി.സി. ഷാഹുൽ അമീൻ (സൈക്കാട്രിസ്റ്റ്) ''മദ്യം-മയക്കുമരുന്ന് ഉപ യോഗവും കാൻസറും'' എന്നവിഷയത്തിലും ക്ലാസ് നയിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞി പ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. ചാസിന്റെ വിവിധ മേഖലകളിൽ നിന്നും 150 അംഗങ്ങൾ പങ്കെടുത്തു.

### SAFP Toilet Beneficiary Meet

SAFP ശൗചാലയ നിർമ്മാണ പദ്ധതിയുടെ ഭാഗമായി എടത്വാ, ചമ്പക്കുളം, പുളിംകുന്ന്, കിടങ്ങറ, മണിമല, കുളത്തൂർ, നെടുംകുന്നം, അയർക്കുന്നം, മല്ലപ്പ ള്ളി, കൂരോപ്പട എന്നിവിടങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താ ക്കളുടെ മീറ്റിംഗ് ഫെബ്രുവരി 7, 8, 9 തീയതികളിൽ സംഘടിപ്പിച്ചു. പ്രോജക്ട് അടിസ്ഥാനത്തിൽ ശൗചാലയം നിർമ്മിക്കേണ്ട അളവും പണിയേണ്ട രീതിയും ഫണ്ട് വിനിയോഗവും വിശദീകരിച്ചു. 200 കുടുംബങ്ങൾക്കാണ് ശൗചാലയം നിർമ്മിച്ചു നൽകുന്നത്.

## SAFP - IGP ധനസഹായം അനുവദിച്ചു

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ 54 കുടുംബങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ഫെബ്രുവരി 7, 9 തീയതികളിൽ സാമ്പത്തിക സഹായം അനുവദിച്ചു.

## ഫാർമർ പൊഡ്യൂസർ കമ്പനി രൂപീകരണം

ഫാർമർ പൊഡ്യൂസർ കമ്പനി രൂപീകരണവുമായി ബന്ധപ്പെട്ട് ചാസ് കേന്ദ്ര ഓഫീസിൽ ഫെബ്രുവരി 9 ന് മീറ്റിംഗ് സംഘടിപ്പിച്ചു. നബാർഡ് കോട്ടയം ജില്ലാ മാനേജർ ശ്രീ. റെജി വർഗീസ്, PDS പ്രോഗ്രാം ഓഫീസർമാരായ ശ്രീ. സെബിൻ, ശ്രീ. സബിൻ, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, ഡോ. ജോസഫ് എബ്രഹാം എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. പ്രസ്തുത യോഗത്തിൽ തൃക്കൊടിത്താനം, ചങ്ങനാശ്ശേരി, കുറുമ്പനാടം, തുരുത്തി മേഖലകളിൽ നിന്നും കർഷകർ പങ്കെടുത്തു.

## DRR – കർമ്മസേന പരിശീലനം

രാമങ്കരി ഗ്രാമപഞ്ചായത്തിലെ രാമങ്കരി, മണലാടി വാർഡുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 40 കർമ്മ സേനാംഗങ്ങൾക്ക് മാമ്പുഴക്കരി ക്രിസ് സെന്ററിൽ വച്ച് ഫെബ്രുവരി 11 ന് പരിശീലനം സംഘടിപ്പിച്ചു. പഞ്ചായത്ത് മെമ്പർ ശ്രീമതി സൂര്യ ജിജിമോൻ സുരക്ഷാ കിറ്റ് വിതരണം നടത്തി. കാരിത്താസ് ഇൻഡ്യ DRR പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. ജോബിൻ അങ്ങാടിശ്ശേരി ക്ലാസും, ചാസ് മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. ബേബി ജോസഫ് പദ്ധതി വിശദീകരണവും നടത്തി.

## വനിതാ ശാക്തീകരണത്തിലൂടെ ഊർജ്ജസംരക്ഷണം

എനർജി മാനേജ്മെന്റ് സെന്ററിന്റെയും ചാസിന്റെയും സംയുക്താഭിമുഖ്യത്തിൽ ഏകദിന ഊർജ്ജസംരക്ഷണ വനിതാ ശാക്തീകരണ ശില്പശാല മാമ്പുഴക്കരി ക്രിസ് സെന്ററിൽ വച്ച് ഫെബ്രുവരി 11 ന് സംഘടിപ്പിച്ചു. രാമങ്കരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ആർ രാജേന്ദ്രകുമാർ ഉദ്ഘാടനം നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. ഡോ. ജോസഫ് എബ്രഹാം ആമുഖസന്ദേശം നൽകി. ജനപ്രതിനിധികളായ ശ്രീമതി ആശാ ജോസഫ്, ശ്രീമതി സൂര്യ ജിജിമോൻ, ശ്രീമതി ബ്രിന്റാ ചാക്കോ, ശ്രീമതി സോളി ആന്റണി എന്നിവർ പ്രസംഗിച്ചു. അനർട്ട് ആലപ്പുഴ ജില്ല, എൻ.സി. എസ്. ടാറ്റാ, സോളാർ ലൈറ്റ് ടെക് സൊലൂഷൻസ്, കാരിത്താസ് ഇൻഡ്യാ ഡി.ആർ. ആർ. പ്രോജക്ട്സ് എന്നിവിടങ്ങളിൽ നിന്നും ബന്ധപ്പെട്ടവർ ക്ലാസുകളും പ്രദർശനങ്ങളും നടത്തി. മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. എൻ. ഐ. തോമസ്, ബ്രദർ മാർട്ടിൻ ജോയി എന്നിവർ നേതൃത്വം നൽകി.

## യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ്

ചാസ് യൂണിറ്റുതല പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് മീറ്റിംഗ് സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞി

പ്പറമ്പിൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ യൂണിറ്റുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ചാസ് നടപ്പിലാക്കിവരുന്ന വിവിധ വികസന പദ്ധതികളുടെ അവലോകനം നടത്തി പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

| **തീയതി** | **യൂണിറ്റ്** |
|---|---|
| ഫെബ്രുവരി 19 | പച്ച-ചെക്കിടിക്കാട് |
| ഫെബ്രുവരി 21 | ആർപ്പൂക്കര |

## റിട്രോഫിറ്റിംഗ്

UNICEF ന്റെ സഹായ സഹകരണത്തോടുകൂടി കോട്ടയം, പത്തനംതിട്ട ജില്ലകളിലെ പ്രളയദുരന്ത മേഖലകളിൽ ചാസ് നടത്തിവരുന്ന ദുരന്ത ആഘാത ലഘൂകരണ പദ്ധതിയുടെ ഭാഗമായി കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിലെ പ്രളയനാശം സംഭവിച്ച രണ്ട് അങ്കണവാടികളിൽ ഫെബ്രുവരി 12, 13 തീയതികളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി. കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സജിമോൻ പൂവത്തോട് സന്നിഹിതനായിരുന്നു. പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. അരുൺ റ്റി. യുടെ നേതൃത്വത്തിൽ ചാസ് ടീം അംഗങ്ങൾ അങ്കണവാടികൾ വൃത്തിയാക്കി പെയിന്റിംഗ് നടത്തുകയും ശുദ്ധജല സംവിധാനങ്ങൾ പുനർക്രമീകരിക്കുകയും ചെയ്തു.

## സുവർണ്ണ ജൂബിലി ആഘോഷം

സന്യസ്ത ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സി. ട്രീസാ SABS നെ ഫെബ്രുവരി 19 ന് ചാസ് കേന്ദ്ര ഓഫീസിൽ സംഘടിപ്പിച്ച ജൂബിലി മീറ്റിംഗിൽ ആദരിച്ചു. അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ പൊന്നാടയണിയിച്ചു. വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, ചാസിന്റെ മുൻ ഡയറക്ടർമ്മാരായ റവ. ഫാ. ഗ്രിഗറി ഓണംകുളം, റവ. ഫാ. ജേക്കബ് കാട്ടടി, റവ. ഫാ. ജോസഫ് കളരിക്കൽ, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർമ്മാരായ ഫാ. ജോർജ്ജ് മാന്തുരുത്തിൽ, ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, അസി. പ്രോവിൻഷ്യാൾ സിസ്റ്റർ സോഫി റോസ് CMC എന്നിവർ ആശംസകൾ അർപ്പിച്ചു.

## **SLCA** (State Level Co-ordinating Agency)
## Three Day Orientation Course for Nurses and Ward Boys

കേരളത്തിലെ ലഹരി ചികിത്സാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന നേഴ്സുമാർക്കും വാർഡ് ബോയിസിനുമായി ഫെബ്രുവരി 23 മുതൽ 25 വരെ ത്രിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേറ്റിംഗ് ഏജൻസിയായ ചാസിന്റെ നേതൃത്വത്തിൽ നടത്തിയ പരിശീലന പരിപാടി ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഡോ. പി.സി. ഷാഹുൽ അമീൻ (സൈക്കാട്രിസ്റ്റ്) ശ്രീ. എൻ.എം. സെബാസ്റ്റ്യൻ, ശ്രീ. മാർട്ടിൻ ജോസഫ്, ശ്രീ. ഷാഹിദ്, ശ്രീ. മാത്യു ടി.എം. എന്നിവർ ക്ലാസ് നയിച്ചു.

## മേഖലാ വാർത്തകൾ

### സംഘ രൂപീകരണം

| തീയതി | യൂണിറ്റ് | സംഘം | അംഗങ്ങൾ |
|---|---|---|---|
| 22.02.22 | സെന്റ് തെരേസാസ്, കാവാലം | സ്നേഹദീപം | 19 |
| 22.02.22 | സെന്റ് തെരേസാസ്, കാവാലം | കൊച്ചുത്രേസ്യാ | 11 |

### തയ്യൽ പരിശീലനം ആരംഭിച്ചു

കുടമാളൂർ-യൂണിറ്റിൽ മൂന്നുമാസം നീണ്ടു നിൽക്കുന്ന തയ്യൽ പരിശീലനം ഫെബ്രുവരി 14 ന് ഫൊറോനാ ഡയറക്ടർ വെരി റവ. ഫാ. മാണി പുതിയിടം ഉദ്ഘാടനം ചെയ്തു. 17 വനിതകൾ പങ്കെടുക്കുന്ന പരിശീലന പരിപാടിക്ക് അസി. വികാരി റവ. ഫാ. ആന്റണി തറക്കുന്നേൽ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി വരുന്നു.

പച്ച ചെക്കിടിക്കാട്-യൂണിറ്റിൽ മൂന്നുമാസം നീണ്ടു നിൽക്കുന്ന തയ്യൽ പരിശീലനം ഫെബ്രുവരി 19 ന് ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് മാളിയേക്കൽ അദ്ധ്യക്ഷത വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ എന്നിവർ ആശംസകൾ നേർന്നു. 22 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

### തയ്യൽ പരിശീലന സമാപനം

കുറുമ്പനാടം അസംപ്ഷൻ യൂണിറ്റിൽ കഴിഞ്ഞ മൂന്ന് മാസക്കാലമായി നടത്തിവന്നിരുന്ന തയ്യൽ പരിശീലനം ഫെബ്രുവരി 22 ന് സമാപിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ബിനീഷ് ഏറത്തേടത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ 18 പരിശീലനാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

### ജനറൽ ബോഡി മീറ്റിംഗ്

കാവാലം ലിസ്യൂ യൂണിറ്റിലെ ചാസിന്റെ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്ന ഭാരവാഹികളുടെ മീറ്റിംഗ് ഫെബ്രുവരി 20 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അലക്സ് പാറപ്പുറം അദ്ധ്യക്ഷതവഹിച്ചു. മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം, സ്വാശ്രയസംഘം, ഫാർമേഴ്സ് ക്ലബ് തുടങ്ങി ചാസിന്റെ എല്ലാ പ്രവർത്തനങ്ങളും മേഖലാ കോ-ഓർഡിനേറ്റർ വിശദീകരിച്ചു.

### ഫാർമേഴ്സ് ക്ലബ് മീറ്റിംഗ്

വെരൂർ യൂണിറ്റിൽ ഫെബ്രുവരി 21 ന് ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോം പുത്തൻകളം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ഫാർമേഴ്സ് ക്ലബിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

## കളർ എ ഹോം ഭവന നിർമ്മാണ പദ്ധതി

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2021 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും 2022 ഫെബ്രുവരി 23 വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) തുടർച്ച

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപത യിൽ ലഭിച്ച തുക |
|---|---|---|---|
| 23. | ചമ്പക്കുളം | 474680 | 189872 |
| 24 | കുറിച്ചി | 187500 | 75000 |
| 25. | അറുനൂറ്റുംപാടം | 74880 | 29953 |
| 26. | കാവാലം – നോർത്ത് | 175300 | 70120 |
| 27. | പഴവങ്ങാടി | 345613 | 138245 |
| 28. | രാജമറ്റം | 48240 | 19296 |
| 29. | കടയനിക്കാട് | 77620 | 31048 |
| 30. | ഫിൽഗിരി | 39480 | 15792 |
| 31. | വെട്ടിമുകൾ | 240000 | 96000 |
| 32. | നിർമലപുരം | 5800 | 2320 |
| 33. | തെക്കേക്കര – സെന്റ് ജോൺസ് | 95000 | 38000 |
| 34. | തിരുവനന്തപുരം | 1002260 | 400904 |
| 35. | താഴത്തുവടകര | 17950 | 7180 |
| 36. | പുളിങ്കുന്ന് | 305607 | 122300 |
| 37. | ഐക്കരച്ചിറ | 142000 | 129600 |
| 38. | വെള്ളായണി | 30000 | 12000 |
| 39. | തത്തംപള്ളി | 408700 | 163480 |
| 40. | ചെത്തിപ്പുഴ | 720495 | 288195 |
| 41. | വെളിയനാട് | 45310 | 18124 |
| 42. | വേഴപ്രാ | 54760 | 21904 |
| 43. | ചാത്തനാട് | 41700 | 16680 |
| 44. | പായിപ്പാട് | 211021 | 84408 |
| 45. | കുറുമ്പനാടം | 573100 | 229240 |
| 46. | പുല്ലങ്ങടി | 40500 | 16200 |
| 47. | പുന്നക്കുന്നത്തുശ്ശേരി | 62150 | 24860 |
| 48. | മരിയാപുരം | 77720 | 31090 |
| 49. | അമ്പൂരി | 107500 | 43000 |
| 50. | വാവോട് | 52700 | 21070 |
| 51. | കൈനകരി | 75000 | 30000 |
| 52. | തൃക്കൊടിത്താനം | 422700 | 169082 |
| 53. | ചേന്നങ്കരി | 118940 | 47576 |
| 54. | മുണ്ടുപാലം | 157710 | 63084 |
| 55. | ചെങ്കുളം | 19800 | 7920 |
| 56. | ചെറുകടവ് | 7650 | 7650 |
| 57. | ആറുമാനൂർ | 70500 | 28200 |
| 58. | പങ്ങട | 37315 | 15025 |
| 59. | ഫാത്തിമാപുരം | 141560 | 56624 |
| 60. | മുട്ടാർ ഇമ്മാക്കുലേറ്റ് | 28100 | 11240 |


| | | | |
|---|---|---|---|
| 61. | മണ്ണാർകുന്ന് | 111790 | 44716 |
| 62. | രാമങ്കരി | 70740 | 28296 |
| 63. | ഏറ്റുമാനൂർ | 392343 | 156938 |
| 64. | തോട്ടക്കാട് | 178820 | 71528 |
| 65. | പടഹാരം | 42800 | 17120 |
| 66. | താഴത്തങ്ങാടി | 84700 | 33880 |
| 67. | പൊടിപ്പാറ | 161450 | 64580 |
| 68. | കിഴക്കെ മിത്രക്കരി | 40030 | 16000 |
| 69. | നെടുങ്കുന്നം | 176826 | 70680 |
| 70. | തിരുവല്ലം | 58952 | 23580 |
| 71. | മഹേന്ദ്രപുരം | 12750 | 5100 |
| 72. | വൈശ്യംഭാഗം | 88000 | 35200 |
| 73. | മണ്ണന്തല | 266800 | 106720 |
| 74. | മുഹമ്മ | 151125 | 60450 |
| 75. | കോട്ടക്കപ്പുറം | 224090 | 89636 |
| 76. | വില്ലുന്നി | 265100 | 106040 |
| 77. | കായൽപ്പുറം - സെന്റ് ആന്റണീസ് | 14525 | 5800 |
| 78. | അസംപ്ഷൻ - കുറുമ്പനാടം | 56125 | 22450 |
| 79. | കേശവദാസപുരം | 160000 | 64000 |
| 80. | പുന്നമട | 92950 | 37180 |
| 81. | വിതുര | 22400 | 9000 |
| 82. | വട്ടിയൂർക്കാവ് | 50200 | 20080 |
| 83. | വടക്കെ അമിച്ചകരി | 43000 | 17200 |
| 84. | പള്ളാത്തുരുത്തി | 41550 | 16620 |
| 85. | പച്ച - ചെക്കിടിക്കാട് | 176300 | 70520 |
| 86. | കാവാലം | 167261 | 66910 |
| 87. | കട്ടച്ചിറ | 54310 | 21724 |
| 88. | കൊണ്ടാക്കൽ | 77400 | 30960 |
| 89. | കൈതവന | 136700 | 54670 |
| 90. | ചാഞ്ഞോടി | 206615 | 82646 |
| 91. | കരിമ്പനക്കുളം | 124750 | 49902 |
| 92. | മങ്കൊമ്പ് | 47900 | 19160 |
| 93. | കേളമങ്കലം | 26480 | 10592 |
| 94. | കരിക്കാട്ടൂർ | 62310 | 24500 |

(തുടരും...)

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസ പദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്ക് 2022- ജനുവരി മുതൽ വിവിധ ഇടവകകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| നം. | ഇടവക | തുക |
|---|---|---|
| 1. | ചമ്പക്കുളം - സെന്റ് മേരീസ് ബസലിക്ക | 174460 |
| 2. | ചമ്പക്കര - സെന്റ് ജോസഫ്സ് ചർച്ച് | 30000 |
| 3. | കുത്രപ്പള്ളി - സെന്റ് മേരീസ് ചർച്ച് | 10000 |
| 4. | പുളിങ്കുന്ന് - സെന്റ് മേരീസ് ഫൊറോനാ ചർച്ച് | 252100 |
| 5. | പുത്തനങ്ങാടി - സെന്റ് ജോർജ് ചർച്ച് | 125000 |
| 6. | ഇരവുചിറ - സെന്റ് മേരീസ് ചർച്ച് | 14000 |
| 7. | മുണ്ടുപാലം - സെന്റ് മേരീസ് ചർച്ച് | 65771 |
| 8. | പാറമ്പുഴ - ബെത്‌ലഹേം ചർച്ച് | 100000 |
| 9. | കൈനടി - സെന്റ് മേരീസ് ചർച്ച് | 100000 |



ഈശോയിൽ പ്രിയ അച്ചന്മാരേ, സിസ്റ്റേഴ്സ്, DFC  ാരവാഹികളേ, സഹോദ രങ്ങളേ,

നാമെല്ലാം ഏറെ ഉണർവ്വോടെ നോമ്പുകാലത്തിലേയ്ക്ക് പ്രവേശിക്കുകയാണല്ലോ? നോമ്പിന്റെയും ഉപവാസത്തിന്റെയും ഈ സ ാ നവീകരണ കാലഘട്ടത്തിൽ സ യുടെ ജിഹ്വയായ ദീപികയുടെ പ്രചാരണത്തിനുവേണ്ടി ത്യാഗപൂർവ്വം പ്രവർത്തിക്കാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

## 1. ദീപിക തീവ്രപ്രചാരണ യജ്ഞം

ഡിസംബർ മാസം അ ിവന്ദ്യ പെരുന്തോട്ടം പിതാവ് ഓരോ ഇടവകയ്ക്കും നൽകിയ ടാർജറ്റ് നേടിയെടുക്കുന്നതിൽ എല്ലാ ഫൊറോനകളിലും വലിയ മുന്നേറ്റം ഉണ്ടായി എന്നത് ആവേശകരമാണ്. കേരളത്തിൽ സർക്കുലേഷൻ തലത്തിൽ നമ്മുടെ അതിരൂപത ഒന്നാമതെത്തി എന്നത് കൂട്ടായ പ്രവർത്തനത്തിന്റെ വലിയ അംഗീകാരമാണ്. അ ിവന്ദ്യ പിതാവ് നൽകിയ ടാർജറ്റ് കോവിഡിന്റെയും മറ്റും സാഹചര്യങ്ങൾ മൂലം 40% മാത്രമെ നേടിയെടുക്കുവാൻ നമുക്ക് കഴിഞ്ഞുള്ളൂ. ഈ നോമ്പുകാലത്ത് അത് 100% നേടിയെടുക്കാൻ നമുക്ക് ഉത്സാഹിക്കാം. ബഹു. വൈദികരുടെ വീട് വെഞ്ചരിപ്പ്,  വന സന്ദർശനങ്ങൾ, കൂട്ടായ്മ ലീഡേഴ്സ് – DFC പ്രവർത്തകർ എന്നിവരുടെ പ്രവർത്തനങ്ങൾ വഴി അ ിവന്ദ്യ പിതാവ് ഓരോ ഇടവകയ്ക്കും നൽകിയ ടാർജറ്റ് 100% നേടിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം.

| | ഫൊറോന | ടാർജറ്റ് നേടിയെടുത്തത് ശതമാനത്തിൽ | | ഫൊറോന | ടാർജറ്റ് നേടിയെടുത്തത് ശതമാനത്തിൽ |
|---|---|---|---|---|---|
| 1 | ചങ്ങനാശേരി | 27% | 9 | പുളിംകുന്ന് | 15% |
| 2 | തുരുത്തി | 71% | 10 | എടത്വാ | 32% |
| 3 | തൃക്കൊടിത്താനം | 38% | 11 | അതിരമ്പുഴ | 30% |
| 4 | കുറുമ്പനാടം | 60% | 12 | കോട്ടയം | 42% |
| 5 | നെടുംകുന്നം | 29% | 13 | കുടമാളൂർ | 30% |
| 6 | മണിമല | 24% | 14 | കൊല്ലം-ആയൂർ | 30% |
| 7 | ആലപ്പുഴ | 60% | 15 | തിരുവനന്തപുരം | 40% |
| 8 | ചമ്പക്കുളം | 42% | 16 | അമ്പൂരി | 30% |

## 2 ഫൊറോനാതല / ഇടവകതല സ്ക്വാഡ് രൂപീകരണം

ഓരോ ഇടവകയിലും അ ിവന്ദ്യപിതാവ് നൽകിയ ടാർജറ്റ് നേടിയെടുക്കുവാൻ  വനസന്ദർശനത്തിനായി DFC യുടെയും വിവിധ സംഘടനകളുടെയും കുടുംബകൂട്ടായ്മ ലീഡേഴ്സിന്റെയും നേതൃത്വത്തിൽ  വനസന്ദർശനങ്ങൾ നടത്തി മുന്നേറുവാൻ അടിയന്തിരമായി സ്ക്വാഡ് രൂപീകരിക്കുക.

ഫൊറോനാതലത്തിൽ ഓരോ ഇടവകകളിൽ നിന്നുമുള്ള പ്രൊമോട്ടേഴ്സിനെ ചേർത്ത് DFC സ്ക്വാഡ് രൂപീകരിക്കുക. ദീപിക പ്രചരണത്തിന് സേവനം ആവശ്യപ്പെടുന്ന ഇടവകകളിൽ DFC സ്ക്വാഡ് പ്രവർത്തകർ കൂടി നേതൃത്വമെടുത്ത് ഭവനസന്ദർശനങ്ങൾ നടത്തി ടാർജറ്റ് പൂർത്തിയാക്കുക.

DFC ഫൊറോന/അതിരൂപത സ്ക്വാഡ് സമിതിയിൽ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവർ അതിരൂപതാ പ്രസിഡന്റ് ശ്രീ. ആന്റണി മലയിൽ സാറിനെ എത്രയുംവേഗം വിവരം അറിയിക്കുക.

### 3 ദീപിക സ്പോൺസർ ചെയ്യുക

അമ്പതു നോമ്പാചരണത്തോടനുബന്ധിച്ച് തങ്ങളുടെ ഉപവാസത്തിന്റെയും പരിത്യാഗത്തിന്റെയും നിശ്ചിത ശതമാനം ദീപിക ദിനപത്രത്തിന് വരിക്കാരാകുന്നതിന് സാമ്പത്തികമില്ലാത്ത കുടുംബങ്ങൾക്ക് സ്പോൺസർ ചെയ്യുന്നത് അഭിലഷണീയമാണ്.

ബഹു. വികാരിയച്ചന്മാരും DFC ഫൊറോന ഡയറക്ടറച്ചന്മാരും അത് പ്രോത്സാഹിപ്പിക്കുന്നത് നല്ലതാണ്.

### 4 ഫൊറോന ഡയറക്ടറച്ചന്മാരുടെയും ഫൊറോന സമിതി അംഗങ്ങളുടെയും നേതൃത്വത്തിൽ യൂണിറ്റ് സന്ദർശനങ്ങൾ:

നോമ്പുകാലത്ത് ഇടവകകളേയും ദീപിക ഫ്രണ്ട്സ് ക്ലബ്ബ് ഭാരവാഹികളേയും നേരത്തേ അറിയിച്ച് യൂണിറ്റ് സന്ദർശനങ്ങൾ നടത്തേണ്ടതും പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കേണ്ടതുമാണ്. DFC ഇല്ലാത്ത ഇടവകകൾ ഉണ്ടെങ്കിൽ അവിടെ അടിയന്തിരമായി അത് രൂപീകരിക്കാൻ നേതൃത്വമെടുക്കേണ്ടതാണ്.

### ഉപസംഹാരം

നോമ്പുകാലം നവീകരണകാലഘട്ടമാണല്ലോ. നവീകരണം ഉണ്ടാകുന്നത് പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ഈശോയുടെ പെസഹാ രഹസ്യങ്ങളിൽ പങ്കുചേരുമ്പോഴാണ്. സഭയുടെ മനസ്സറിഞ്ഞ് നമ്മുടെ മനസ്സിനെ അതോട് ചേർത്ത് മിശിഹായുടെ ശരീരമായ സഭയെ ശക്തിപ്പെടുത്താൻ നമുക്ക് കൂടുതൽ ആവേശത്തോടെ ഈ നോമ്പുകാലത്ത് നമ്മെ സമർപ്പിക്കാം. ദീപിക ദിനപത്രത്തിന്റെ വളർച്ചയ്ക്ക് നേതൃത്വമെടുക്കുകയും അതിൽ സന്തോഷിക്കുകയും ചെയ്യാം.

സ്നേഹപൂർവ്വം,


**ആന്റണി തോമസ് മലയിൽ**
*ഫോൺ: 9446342561*
**ആൻസി മാത്യു ചേന്നോത്ത്**
*ഫോൺ: 9447390669*
(പ്രസിഡന്റുമാർ)

**സണ്ണി പുളിങ്കാലായിൽ**
*ഫോൺ: 9539125164*
**പരിമൾ ആന്റണി അറയ്ക്കത്തറ**
*ഫോൺ: 9495393890*
(ജന:സെക്രട്ടറിമാർ)

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
(അതിരൂപത ഡയറക്ടർ)
*ഫോൺ: 9447432531*


---

ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **വർഗീസ് ഡൊമിനിക് - 9400390539**
**കോര സി. - 9495445827, വർക്കി ഇ.വി. - 9349599028**

---

## സെന്റ് തോമസ് ഹോസ്പിറ്റൽ

### ഗുരുതരാവസ്ഥയിലെത്തിയ യുവാവിന് അടിയന്തിര ശസ്ത്രക്രിയയിലൂടെ പുതു ജീവൻ

ചങ്ങനാശേരി സ്വദേശി മുപ്പത്തഞ്ച് വയസുകാരനാണ് ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ നടത്തിയ കോയിലിങ് ശസ്ത്രക്രിയയിലൂടെ ജീവിതത്തിലേയ്ക്ക് തിരിച്ചു വന്നത്. കോവിഡ് കാലമായിരുന്നതിനാലും കോട്ടയത്ത് അത്യപൂർവ്വമായി നടക്കുന്ന ശസ്ത്രക്രിയയായതിനാലും പല ആശുപത്രികളും ശസ്ത്രക്രിയക്ക് സമ്മതം നൽകിയില്ല. ബാംഗ്ലൂരിൽ ജോലി ചെയ്തു വരികയായിരുന്ന യുവാവ് തലവേദനയെ തുടർന്നാണ് ആശുപത്രിയിൽ ചികിത്സ തേടിയത്. പരിശോധനയിൽ തലച്ചോറിലെ ഞരമ്പുകളിൽ കുമിളകൾ ഉണ്ടാവുന്ന അന്യൂറിസം എന്ന രോഗമാണന്ന് കണ്ടെത്തി. ഇന്റർവെൻഷനൽ റേഡിയോളജിസ്റ്റ് ഡോ. അശ്വിൻ പത്മനാ ന്റെ സഹകരണത്തോടെ ന്യൂറോ സർജറി വി ാഗം ശസ്ത്രക്രിയ ചെയ്തു. രോഗം ബാധിച്ച ഞരമ്പിൽ കോയിൽ എന്ന ഉപകരണം സ്ഥാപിക്കുകയാണ് ചെയ്തത്. സങ്കീർണ്ണമായ ശസ്ത്രക്രിയക്കുശേഷം മൂന്നാം ദിവസം രോഗിയെ ഡിസ്ചാർജ് ചെയ്തു. പരിശോധനകൾ പൂർത്തിയാക്കി ദിവസങ്ങൾക്കുള്ളിൽ സാധാരണ ജീവിതത്തിലേയ്ക്ക് മടങ്ങി. ശസ്ത്രക്രിയയിൽ ന്യൂറോ സർജന്മാരായ ഡോ. അനീസ് മുസ്തഫ, ഡോ. സാജൻ ജോർജ്ജ്, ന്യൂറോളജിസ്റ്റ് ഡോ. സ്വരൂപ് കെ. രാജ്, അനസ്തേഷ്യ വി ാഗം ഡോ. കുക്കു ജോൺ, ഡോ. അനു അമ്പൂക്കൻ, ഡോ. മനു എസ്. എന്നിവർ ചികിത്സയ്ക്കു നേതൃത്വം നൽകി.

### ലോക രോഗീദിനാചരണം

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ ഫെബ്രുവരി 11 ന് ലോക രോഗീദിനാചരണ പരിപാടികൾ സംഘടിപ്പിച്ചു. രാവിലെ എഴിന് ഹോസ്പിറ്റൽ ഡയറക്ടറുമാർ ഹോസ്പിറ്റൽ ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. രാവിലെ പതിനൊന്നിന് രോഗികൾക്കായി പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷ സംഘടിപ്പിച്ചു. ചങ്ങനാശേരി അതിരൂപത സഹായ മെത്രാൻ മാർ തോമസ് തറയിൽ ശുശ്രൂഷകൾക്ക് നേതൃത്വവും സന്ദേശവും നൽകി. തുടർന്ന് ആശുപത്രിയിൽ സേവനം ചെയ്യുന്ന വൈദികർ സമ്പൂർണ്ണരോഗീ സന്ദർശനം പൂർത്തിയാക്കി.

### ലോക ക്യാൻസർ ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചു

ലോക ക്യാൻസർ ദിനാചരണ പരിപാടികൾ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ സംഘടിപ്പിച്ചു. രാവിലെ 11.00 ന് ഓ.പി. ഹാളിൽ പരിപാടികൾ ചങ്ങനാശേരി ഡി.വൈ.എസ്.പി. ആർ. ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. ഹോസ്പിറ്റൽ ഡയറക്ടർ ഫാ. തോമസ് മംഗലത്ത് അധ്യക്ഷത വഹിച്ചു. ഡോ. വർഗീസ് ബോധവത്ക്കരണ ക്ലാസ്സ് നയിച്ചു. സെന്റ് തോമസ് നഴ്സിങ് കോളേജിലെ വിദ്യാർത്ഥിനികൾ നാടകം അവതരിപ്പിച്ചു. വൈകുന്നേരം ഏഴിന് സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷനുമായി ചേർന്ന് ക്യാൻസർ പ്രതിരോധ മാർഗ്ഗങ്ങൾ എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. പ്രസ്തുത വെബിനാർ അതിരൂപത വികാരി ജനറാൾ മോൺ ജോസഫ് വാണിയപ്പുര

യ്ക്കൽ ഉദ്ഘാടനം ചെയ്തു. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ സമ്പൂർണ്ണ ക്യാൻസർ പരിശോധനയും കൺസൾട്ടേഷനും ചികിത്സയും ലഭ്യമാണെന്ന് ഹോസ്പിറ്റൽ ഡയറക്ടർ ഫാ. തോമസ് മംഗലത്ത് അറിയിച്ചു.

### മണിമല സെന്റ് തോമസ് ഹെൽത്ത് കെയറിൽ രണ്ട് ഗൈനക്കോളിസ്റ്റുകൾ

ഡോ. റോസ് ജോൺ കാട്ടൂർ MBBS, DGO യുടെയും ഡോ. മഞ്ചു എലിസബത്ത് സെബാസ്റ്റ്യൻ MBBS, DGO, DNB യുടെയും സേവനം മണിമല സെന്റ് തോമസ് ഹെൽത്ത് കെയറിൽ ലഭ്യമാണ്. ഡോ. റോസ് ജോൺ കാട്ടൂർ ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെയും ഡോ. മഞ്ചു എലിസബത്ത് സെബാസ്റ്റ്യൻ എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 9 മുതൽ 12 വരെയും രോഗികളെ പരിശോധിക്കും. ബുക്കിങ്ങിനും കൂടുതൽ വിവരങ്ങൾക്കും 8606910659.

### പുതിയ ഡോക്ടറുമാർ ചുമതലയേറ്റു

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ കൺസൾട്ടന്റ് പൾമനോളജിസ്റ്റായി ഡോ. ജെയിൻ ജോർജ്ജ് MDയും കൺസൾട്ടന്റ് പതോളജിസ്റ്റായി ഡോ. ഹന്ന അബ്ദുൾ കരിം MDയും ചുമതലയേറ്റു.

**ഫാ. ജയിംസ് പി. കുന്നത്ത്**
(അസി. ഡയറക്ടർ)

**ഫാ. തോമസ് മംഗലത്ത്**
(ഡയറക്ടർ)

## സഹൃദയ ഹോസ്പിറ്റൽ

### സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ സായാഹ്ന ഓ.പി തുടങ്ങി

ആലപ്പുഴ സഹൃദയ ഹോസ്പിറ്റൽ സൂപ്പർ സ്പെഷ്യലിറ്റി ഡിപ്പാർട്ടുമെന്റുകളടക്കം സായാഹ്ന ഓ.പികൾ ആരംഭിച്ചു. അനവധി ഡിപ്പാർട്ടുമെന്റുകളിലായി വിപുലമായ സായാഹ്ന ഓ.പി ക്രമീകരിച്ചിരിക്കുന്ന ആലപ്പുഴയിലെ പ്രഥമ ആശുപത്രിയാണിത്. വൈകുന്നേരം 4 മണി മുതൽ 8 മണി വരെയാണ് സായാഹ്ന ഓ.പികൾ പ്രവർത്തിക്കുന്നത്. അപ്പോയിൻമെന്റുകൾക്ക് 9400997772 എന്ന നമ്പറിൽ ബന്ധപ്പെടണം.

### സമഗ്ര ആരോഗ്യ സുരക്ഷാ പാക്കേജുകൾ

കോവിഡ് മുക്തരായവർക്കായി ക്രമീകരിച്ചിരിക്കുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പാക്കേജുകൾക്ക് ഏറെ സ്വീകാര്യത ലഭിച്ചിട്ടുണ്ട്. 30% മുതൽ ഡിസ്കൗണ്ടോടെ ബേസിക്, പ്രീമിയം പാക്കേജുകൾ പൊതുജനങ്ങൾക്കായി ക്രമീകരിച്ചിട്ടുണ്ട്. പോസ്റ്റ്കോവിഡ് ക്ലിനിക്കും സഹൃദയ ഹോസ്പിറ്റലിൽ ആരംഭിച്ചിട്ടുണ്ട്.

### നവീകരിച്ച വെബ്സൈറ്റ്

സഹൃദയ ഹോസ്പിറ്റലിന്റെ വെബ്സൈറ്റ് നവീകരിച്ചു. www.sahrudayahospital.com എന്ന വെബ്സൈറ്റിൽ നിന്ന് ആശുപത്രിയെ സംബന്ധിച്ച സമഗ്രമായ അറിവ് ലഭിക്കും. സേവനങ്ങൾ, ജോലി സാധ്യതകൾ, ആരോഗ്യപ്രവർത്തകരെക്കുറിച്ചുള്ള അറിവ് എന്നിങ്ങനെ ആശുപത്രി സംബന്ധമായ സമ്പൂർണ്ണ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. സഹൃദയ ഹോസ്പിറ്റലിൽ ഓൺലൈൻ ബുക്കിങ് സൗകര്യവും ക്രമീകരിച്ചിട്ടുണ്ട്.

**ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ**
(അസി. ഡയറക്ടർ)

**ഫാ. തോമസ് മാളിയേക്കൽ**
(ഡയറക്ടർ)

ഈശോയിൽ ഏറ്റം സ്നേഹം നിറഞ്ഞ പ്രവാസി സഹോദരങ്ങളെ,

പ്രവാസി അപ്പോസ്തലേറ്റിൽനിന്നും പ്രാർത്ഥനകളും ആശംസകളും. നാം വലിയ നോമ്പിലേക്കു പ്രവേശിക്കുകയാണല്ലോ. പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ചൈതന്യത്തിൽ ജീവിക്കുവാൻ ഈ നോമ്പുകാലത്തിലൂടെ ദൈവം നമ്മെ സഹായിക്കട്ടെ.

അ വിവന്ദ്യ മാർ തോമസ് തറയിൽ പിതാവിനും, അ ി. മാർ ജോർജ്ജ് കോച്ചേരി പിതാവിനും പ്രവാസി അപ്പോസ്തലേറ്റിലെ എല്ലാ പ്രവാസികളും ഹൃദയംനിറഞ്ഞ ജന്മദിനാശംസകൾ അറിയിച്ചു. പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾ ഇന്ത്യയിൽ സജീവമാക്കുന്നതിന്റെ ാഗമായി സംസ്ഥാനത്തിനു പുറത്തു താമസിക്കുന്ന ചങ്ങനാശേരി അതിരൂപതാംഗങ്ങളായ പ്രവാസികളിൽ നിന്നും തിരഞ്ഞെടുത്ത കോർഡിനേറ്റേഴ്സിന്റെ മീറ്റിംഗ് നടത്തുകയുണ്ടായി. നിലവിൽ കേരളത്തിനു പുറത്ത് ഇന്ത്യയിൽ ജോലിയിലായിരിക്കുന്നവർക്ക് നോർക്കയുടെ സേവനങ്ങൾ ല ്യമാക്കുന്നതിനും അതിരൂപതാംഗങ്ങളെ ചേർത്തുനിർത്തുന്നതിനുംവേണ്ടിയാണ് മീറ്റിംഗ് നടത്തിയത്.

അറിയുന്തോറും ആഴങ്ങളിലേക്ക് ഇറങ്ങാൻ തോന്നുന്ന മനസിലാകുന്തോറും വിസ്മയം തീർക്കുന്ന മഹാരഹസ്യമാണ് പരി. കുർബാന. പ്രവാസി അപ്പോസ്തലേറ്റ് സ്റ്റഡി സർക്കിളിന്റെ നേതൃത്വത്തിൽ റവ. ഫാ. ജിജോ മാറാട്ടുകളം നയിക്കുന്ന വി. കുർബാനയുടെ ക്ലാസ് എല്ലാ മാസവും രണ്ടാം വെള്ളിയാഴ്ചകളിൽ ഓൺലൈനിൽ നടത്തുന്നു.

അ ി. മാർ ജോസഫ് പവ്വത്തിൽ പിതാവിന് മെത്രാ ിഷേക സുവർണ്ണജൂബിലിയുടെ ആശംസകളും പ്രാർത്ഥനകളും അറിയിച്ചു.

### വീഡിയോ കോൺഫറൻസ്

ജനുവരി 29-ാം തീയതി ഗ്ലോബൽ കോർഡിനേഷൻ ടീം അംഗങ്ങളുടെ മീറ്റിംഗ് നടത്തി.

ബഹറിൻ, ഖത്തർ, യു.എ.ഇ., കുവൈറ്റ് എന്നീ രാജ്യങ്ങളുടെ ഫാമിലി മീറ്റിംഗും എക്സിക്യൂട്ടീവ് മീറ്റിംഗും നടത്തി.

**ഫാ. ജിജോ മാറാട്ടുകളം**
(അസി. ഡയറക്ടർ)

**ഫാ. റെജി പുതുവീട്ടിൽക്കളം**
(ഡയറക്ടർ)

NB: **ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ. വിളിക്കേണ്ട നമ്പർ 9207470117, 8089920614 (നോർക്ക ഹെൽപ്പ് ഡസ്ക്)**

# കേരള ലേബർ മൂവ്മെന്റ്
## K.L.M

ഈശോയിൽ പ്രിയപ്പെട്ടവരെ,

വലിയ നോമ്പുകാലത്തേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നീ സുകൃതങ്ങളാൽ നമ്മുടെ ജീവിതം ധന്യമാകുന്നവേളയാണല്ലോ നോമ്പുകാലം. നമ്മുടെ കർമ്മരംഗങ്ങളിൽ ഉണർവോടെ അധ്വാനിക്കുവാൻ നേമ്പിന്റെ ചൈതന്യം പ്രേരണയാകണം. എല്ലാവിധ ദുശീലങ്ങളിൽനിന്നും ഒഴിവായി നല്ല ശീലങ്ങളുടെ ഉടമയാകുവാൻ നോമ്പുകാലം സഹായകരമാണ്. അധ്വാനത്തിന്റെ പ്രതിഫലമായ വേതനം ധൂർത്തടിക്കാതെ സമ്പാദ്യശീലം സ്വന്തമാക്കാനും, ഉള്ളത് വേണ്ട സമയത്ത് പങ്കുവയ്ക്കുന്ന നല്ല സമറായൻ ആകാനും നോമ്പുകാലം സഹായകരമാകട്ടെ. എല്ലാ കെ.എൽ.എം സുഹൃത്തുകൾക്കും ദൈവാനുഗ്രഹം നേരുന്നു.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

### കെ.എൽ.എം. സംസ്ഥാന സമ്മേളനം

കെ.എൽ.എം സംസ്ഥാന സമ്മേളനം ഓൺലൈനായി ഫെബ്രുവരി 12-ാം തീയതി നടത്തപ്പെട്ടു. കെ.സി.ബി.സി ലേബർ കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. അലക്സ് വടക്കുംതല ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ബാബു തണ്ണിക്കോട് അധ്യക്ഷതവഹിച്ചു, വിവിധ രൂപതാ പ്രതിനിധികൾ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

### യൂണിറ്റ് സന്ദർശനം


ഫെബ്രുവരി 27 ഞായറാഴ്ച മുതൽ അതിരൂപത ഡയറക്ടറുടെ യൂണിറ്റ് സന്ദർശനം പുനരാരംഭിക്കുന്നു. യൂണിറ്റ് സന്ദർശന വിവരങ്ങൾ ഓഫീസിൽ നിന്നും അറിയിക്കുന്നതാണ്. യൂണിറ്റ് സന്ദർശന അവസരത്തിൽ റിപ്പോർട്ട്, മിനിറ്റ്സ്, അക്കൗണ്ട് ബുക്ക്, പാസ്സ് ബുക്ക് എന്നിവ പരിശോധനയ്ക്കായി തയ്യാറാക്കി വയ്ക്കേണ്ടതാണ്.

### വനിതാദിനാചരണം മാർച്ച് 8 ന്

കോവിഡിന്റെ ഈ സാഹചര്യത്തിൽ ആളുകൾ ഒത്തുചേരുന്നതിന്റെ എണ്ണം പരിമിതമായതിനാൽ ഈ വർഷം യൂണിറ്റ് തലത്തിൽ വനിതാദിനാചരണം സമുചിതമായി ആഘോഷിക്കുവാൻ നിർദ്ദേശിക്കുന്നു. ബോധവത്ക്കരണ ക്ലാസ്സുകൾ, വനിതകളെ ആദരിക്കൽ തുടങ്ങിയ ഉചിതമായ കർമ്മപരിപാടികളോടെ വനിതാദിനാചരണം നടത്തേണ്ടതാണ്. യൂണിറ്റ് തലത്തിൽ നടത്തപ്പെടുന്ന പരിപാടികളുടെ രണ്ടു ഫോട്ടോകൾ ഓഫീസ് വാട്സ്ആപ് നമ്പരിൽ അയച്ചു നല്കേണ്ടതാണ്.

### ആദരാഞ്ജലികൾ

കെ.എൽ.എം. പൊടിപ്പാറ സെന്റ് ജോസഫ് സംഘാംഗം ശ്രീ. ഔസേപ്പ് പീറ്റർ (49/വയസ്സ്) പാട്ടത്തിൽ 02.02.2022-ൽ നിര്യാതനായി. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം. കെ.എൽ.എം. കുടുംബത്തിന്റെ ആദരാഞ്ജലികൾ.



# ആത്മതാകേന്ദ്രം
## ATMATAKENDRAM

ഈശോയിൽ പ്രിയപ്പെട്ടവരെ,

വലിയനോമ്പിന്റെ പുണ്യദിനങ്ങളിലൂടെ നാം കടന്നു പോവുകയാണല്ലോ. പ്രാർത്ഥനയും ഉപവാസവും ദാനധർമ്മവും നാം ഹൃദയത്തോട് ചേർത്തു വയ്ക്കുന്ന ദിനങ്ങളാണല്ലോ ഇത്.

ഈ മാർച്ച് മാസം 20-ാം തീയതി മദ്യവിരുദ്ധ ഞായറായി കേരള കത്തോലിക്കാ സഭ ഒന്നടങ്കം ആചരിക്കുകയാണ്. മദ്യം എന്ന സാമൂഹ്യവിപത്തിൽ നിന്ന് നമ്മുടെ സഹോദരങ്ങളെ ബോധവാന്മാരാക്കാൻ ഈ ദിനാചരണം പ്രയോജനകരമാക്കണം. റവന്യൂ മാത്രം ലക്ഷ്യമിട്ട് ഈ സംസ്ഥാനത്തെ മുഴുക്കുടിയന്മാരുടെ നാടാക്കി മാറ്റുവാനുള്ള സർക്കാർ നയം കടുത്ത ആശങ്ക ഉളവാക്കുന്നു. ഒരു വശത്ത് സർക്കാർ റവന്യൂ ഈ വികല മദ്യനയത്തിലൂടെ കുമിഞ്ഞു കൂടുമ്പോൾ മറുവശത്ത് ആത്മഹത്യാനിരക്കും, റോഡ് അപകടങ്ങളും, അക്രമങ്ങളും, വിവാഹമോചനങ്ങളും, ഗാർഹിക പീഡനങ്ങൾ തുടങ്ങിയ വിപത്തുകളുടെ പരമ്പര ഈ നാടിനെയാകെ കാർന്നു തിന്നുകയാണ്. ഈ സാമൂഹ്യതിന്മയ്ക്കതിരെയുള്ള നമ്മുടെ പോരാട്ടം നമുക്ക് ശക്തിപ്പെടുത്താം.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

### ഹോമിയോ ചികിത്സാ പദ്ധതി

ഓരോ ആഴ്ചയിലും വിവിധ ദിവസങ്ങളിലായി വിവിധ സ്ഥലങ്ങളിൽ ലഹരി വസ്തു ദുരുപയോഗത്തിനെതിരായ ഹോമിയോ ചികിത്സ നിർവ്വഹിച്ചു വരുന്നു ചൊവ്വാഴ്ച തത്തംപള്ളിയിലും, ബുധനാഴ്ച ഇരവുചിറയിലും, വ്യാഴാഴ്ച അതിരമ്പുഴയിലും, വെള്ളിയാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലും ആണ് ചികിത്സ നല്കി വരുന്നത്. വിദഗ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ ആണ് ചികിത്സ മിതമായ നിരക്കിൽ നടത്തുന്നത്. ഏവർക്കും പരമാവധി പ്രയോജനം എടുക്കുവാൻ ഉള്ള അവസരമാണിത്.

### മദ്യവിരുദ്ധ ഞായർ ആചരണം

ഇടവകാതലത്തിൽ പതാക ഉയർത്തുകയും ലഹരി വിരുദ്ധ പ്രതിജ്ഞയെടുക്കുകയും ചെയ്യുന്നു. ആവശ്യമായ ഇടവകകളിൽ ബോധവത്ക്കരണം നടത്തുന്നതിന് ആത്മതാകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

## അതിരൂപതാസമിതി നിവേദനം സമർപ്പിച്ചു

ദളിത് ക്രൈസ്തവ പ്രശ്നങ്ങളിൽ അടിയന്തിര പരിഹാര നടപടികൾ ആവശ്യപ്പെട്ടുകൊണ്ട് അതിരൂപതാ പരിധിയിലുള്ള നിയമസഭാംഗങ്ങൾക്ക് നിവേദനം സമർപ്പിക്കുന്നതിന്റെ ആദ്യഘട്ടം ഫെബ്രുവരിമാസം നടന്നു. ദളിത് ക്രൈസ്തവ സംവരണവിഷയത്തിൽ സർക്കാർ അനുകൂല നിലപാടെടുക്കണമെന്നും, കഴിഞ്ഞ 3 വർഷമായി മുടങ്ങിക്കിടക്കുന്ന പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന്റെ വിദ്യാർത്ഥി സ്കോളർഷിപ്പുകൾ പുനരാരംഭിക്കണമെന്നും മറ്റുമുള്ള ആവശ്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഫെബ്രുവരി 12-ന് ഏറ്റുമാനൂർ എം.എൽ.എ യും സഹകരണവകുപ്പ് മന്ത്രിയുമായ ശ്രീ. വി.എൻ. വാസവനെ ചങ്ങനാശേരി അതിരൂപതാ DCMS ഡയറക്ടർ ഫാ. ജോൺസൺ ചാലയ്ക്കൽ, പ്രസിഡന്റ് ഡോ. സിജോ ജേക്കബ്, സെക്രട്ടറി ഷൈജു ജോസഫ്, അതിരൂപതാ സമിതിയംഗം N.J. റോസമ്മ, കുടമാളൂർ ഫൊറോനാ പ്രസിഡന്റ് ജോയി മാത്യു എന്നിവർ ചേർന്ന് സന്ദർശിച്ച് നിവേദനം സമർപ്പിച്ചു.

ദളിത് ക്രൈസ്തവ വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫെബ്രുവരി 20-ന് പുതുപ്പള്ളി MLA യും മുൻ മുഖ്യമന്ത്രിയുമായ ശ്രീ. ഉമ്മൻ ചാണ്ടിയെ അദ്ദേഹത്തിന്റെ വസതിയിലെത്തി അതിരൂപതാ സമിതി സന്ദർശിച്ച് നിവേദനം നല്കി. പ്രസിഡന്റ് ഡോ. സിജോ ജേക്കബ്, വൈസ് പ്രസിഡന്റ് ലാസർ ജോൺ, ഓർഗനൈസർ മാത്യു ജോസഫ് തുടങ്ങിയവർ സംഘത്തിലുണ്ടായിരുന്നു.

## അതിരൂപതാ കൗൺസിൽ

ചങ്ങനാശേരി അതിരൂപതാ ഡി.സി.എം.എസ് 2021-24 സമിതിയുടെ പ്രഥമ കൗൺസിൽ യോഗം ഫെബ്രുവരി 13-ന് ചേർന്നു. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ ഓൺലൈനായി ചേർന്ന യോഗത്തിൽ യൂണിറ്റ്-ഫൊറോന ഭാരവാഹികൾ, അതിരൂപതാ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ആരംഭിച്ച യോഗത്തിന് സെക്രട്ടറി ഷൈജു ജോസഫ്, സ്വാഗതം ആശംസിച്ചു. ഡയറക്ടർ ഫാ. ജോൺസൺ ചാലയ്ക്കൽ യോഗം ഉദ്ഘാടനം നിർവഹിച്ച് സംസാരിച്ചു. 'കാലഘട്ടത്തിനനുസരിച്ച് പ്രവർത്തനരീതികളിലും മനോഭാവത്തിലു മാറ്റം വരുത്തേണ്ടത് അനിവാര്യമാണെന്ന്' അദ്ദേഹം ഓർമ്മിപ്പിച്ചു. തുടർന്ന് യോഗ അദ്ധ്യക്ഷൻ കൂടിയായ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് 2022 വർഷത്തേയ്ക്കുള്ള പ്രവർത്തനരൂപരേഖ കൗൺസിലിന് മുൻപിൽ അവതരിപ്പിച്ചു. ഓർഗനൈസർ മാത്യു ജോസഫ് ആശംസയറിയിച്ച് സംസാരിച്ചു. ദളിത് ക്രൈസ്തവർക്ക് പട്ടികജാതി സംവരണം ലഭ്യമാക്കാനുള്ള കേന്ദ്രസർക്കാർ നടപടിയെ അതിരൂപതാ കൗൺസിൽ സ്വാഗതം ചെയ്തു. ചർച്ചകൾക്കുശേഷം പ്രവർത്തനരൂപരേഖ കൗൺസിൽ

അംഗീകരിച്ച് പാസ്സാക്കി. തുടർന്ന് സമാപന പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

## കെ.സി.ബി.സി SC/ST/BC കമ്മീഷൻ യോഗം

കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ SC/ST/BC കമ്മീഷന്റെ യോഗം കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ നടന്നു. കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ കമ്മീഷൻ ചെയർമാൻ മാർ ജേക്കബ് മുരിക്കൻ അദ്ധ്യക്ഷതവഹിച്ചു. DCMS സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, അതിരൂപതാ ഡയറക്ടർമാർ എന്നിവർ പങ്കെടുത്ത യോഗത്തിൽ ചങ്ങനാശേരി അതിരൂപതാ ഡയറക്ടർ ഫാ. ജോൺസൺ ചാലയ്ക്കൽ പങ്കെടുക്കുകയും രൂപതാതല പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും കമ്മീഷനു മുന്നിൽ അവതരിപ്പിക്കുകയും ചെയ്തു.

**മാർച്ചുമാസത്തെ പ്രധാന പരിപാടികൾ**

മാർച്ച് 6 – DCMS, DCVS സംയുക്താഭിമുഖ്യത്തിൽ വനിതാ ദിനാചരണം
,, 13 – ഫൊറോനാ കൗൺസിലുകൾ
,, 20 – പ്രവർത്തനവർഷ ഉദ്ഘാടനം

**ഫാ. ജോൺസൺ ചാലക്കൽ**
(ഡയറക്ടർ)

**ഷൈജു ജോസഫ്**
(സെക്രട്ടറി)

# ഫ്രാൻസിസ്കൻ അല്മായസഭ
## FRANCISCAN ALMAYA SABHA

*(Secular Franciscan Order - SFO)*
''സമാധാനം - സൗഭാഗ്യം''

പ്രിയ സഹോദരീ സഹോദരന്മാരേ,

ഈശോയിൽ പ്രിയ ഫ്രാൻസിസ്കൻ സഭാംഗങ്ങളെ, ഫ്രാൻസിസ്കൻ ചൈതന്യത്തിൽ വളരുവാനായി ഈ നോമ്പുകാലത്ത് അസ്സീസ്സിയിലെ വിശുദ്ധ ഫ്രാൻസിസിന്റേയും വി. ക്ലാരയുടേയും ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റേയും ജീവിതക്രമങ്ങളേയും നിയമാവലിയേയും നാം ആഴമായി പഠിക്കേണ്ടതിന്റെ ആവശ്യകത ഞങ്ങൾ പറയാതെ തന്നെ നിങ്ങൾക്കെല്ലാവർക്കും അറിവുള്ളതാണല്ലോ? ചങ്ങനാശേരി അതിരൂപതയിലെ എല്ലാ ഭ്രാതൃത്വാംഗങ്ങളുടെ പഠനത്തിനും ധ്യാനത്തിനും സഭാംഗങ്ങൾക്കായി നല്കപ്പെട്ടിരിക്കുന്ന ഔദ്യോഗിക 'ജീവിതക്രമവും'' ''നിയമാവലിയും'' തുടർച്ചയായി തുടർപ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നു. ഇതുവഴി നമ്മുടെ എല്ലാ ഫ്രാൻസിസ്കൻ ജീവിതചൈതന്യത്തിന്, ഇടവകതലത്തിലുള്ള പ്രവർത്തനങ്ങൾക്ക്, ഈ പംക്തിയിലൂടെ ഊർജ്ജവും ഉണർവ്വും ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

കർത്താവിന്റെ നാമത്തിൽ തപശ്ചര്യയുടെ സഹോദരീ സഹോദരന്മാർക്ക് വി. ഫ്രാൻസിസ് നല്കുന്ന ഉദ്ബോധനം.

### തപശ്ചര്യ അനുഷ്ഠിക്കുന്നവർ

കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടുംകൂടെ സ്നേഹിക്കുകയും (മർക്കോ 12:30) അയൽക്കാരെ തങ്ങളെപ്പോലെതന്നെ സ്നേഹിക്കുകയും (മത്താ 22:29) തങ്ങളുടെ ശരീരങ്ങളെ അവയുടെ ദുർഗുണങ്ങളോടും പാപങ്ങളോടും കൂടെ വെറുക്കുകയും നമ്മുടെ കർത്താവായ ഈശോമിശിഹായുടെ തിരുശരീരവും തിരുരക്തവും സ്വീകരിക്കുകയും പശ്ചാത്താപത്തിനു യോഗ്യമായ ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്ന എല്ലാവർക്കും: ഇവ എല്ലാം അനുഷ്ഠിക്കുന്നവരും അതിൽ സ്ഥിരതയോടെ നിലനില്ക്കുന്നവരുമായ സ്ത്രീപുരുഷന്മാർ എത്രയോ സന്തോഷമുള്ളവരും അനുഗ്രഹീതരുമാകുന്നു! എന്തുകൊണ്ടെന്നാൽ, കർത്താവിന്റെ ആത്മാവ് അവരുടെമേൽ ആവസിക്കുകയും (ഏശ 11:2) അവിടുന്ന് അവരുടെയിടയിൽ വന്ന് വാസമുറപ്പിക്കുകയും ചെയ്യും (യോഹ 14:23). അവരാണ് സ്വർഗ്ഗസ്ഥനായ പിതാവിന്റെ ജോലികൾ നിർവഹിക്കുന്ന അവിടുത്തെ മക്കൾ (മത്താ 5:45) അവരാണ് നമ്മുടെ കർത്താവായ ഈശോമിശിഹായുടെ മണവാട്ടികളും, സഹോദരന്മാരും, അമ്മമാരും (മത്താ 12:50), വിശ്വസ്തതയുള്ള ആത്മാവ് പരിശുദ്ധാരൂപിയാൽ നമ്മുടെ കർത്താവായ ഈശോമിശിഹായോടു

ഐക്യപ്പെട്ടിരിക്കുമ്പോൾ നാം അവിടുത്തെ മണവാട്ടികളാണ്, സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഹിതം നിർവഹിക്കുമ്പോൾ (മത്താ 12:50) നമ്മൾ അവിടുത്തേയ്ക്ക് സഹോദരന്മാരാണ്, ദിവ്യസ്നേഹത്തിലൂടെയും പരിശുദ്ധാത്മാവും നിഷ്കപടവുമായ മനഃസാക്ഷിയിലൂടെയും അവിടുത്തെ നമ്മുടെ ഹൃദയത്തിലും ശരീരത്തിലും വഹിക്കുകയും (1 കൊറി 6:20) അവിടുത്തെ വിശുദ്ധമായ പ്രവർത്തനരീതിയിലൂടെ അവിടുത്തേയ്ക്ക് ജന്മം നല്കുകയും ചെയ്യുമ്പോൾ നാം അവിടുത്തെ അമ്മമാരാവുന്നു, ഇത് മറ്റുള്ളവർക്ക് ഒരു മാതൃകയായി പ്രകാശിക്കണം (മത്താ 5:16).

കടപ്പാട് : നിയമാവലിയും ജീവിതക്രമവും
(സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ)

എല്ലാവർക്കും സമാധാനവും സൗഭാഗ്യവും ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**ബ്ര. വി.സി. അലക്സ് വലിയപറമ്പിൽ**
(അതിരൂപത പ്രസിഡന്റ്)

**ഫാ. മൈക്കിൾ പറുശ്ശേരിൽ** OFM Cap.
(SFO അതിരൂപത സ്പിരിച്വൽ അസിസ്റ്റന്റ്)

*ദയാദൃഷ്ടിയുള്ളവൻ അനുഗ്രഹീതനാകും എന്തെന്നാൽ അവൻ തന്റെ ആഹാരം ദരിദ്രരുമായി പങ്കുവയ്ക്കുന്നു (സുഭാ. 22:9)*

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളെ,

വിശ്വാസത്തിൽ ബലപ്പെടുവാനും, വിശുദ്ധിയിൽ വളരുവാനുമുള്ള അവസരമായ വലിയ നോമ്പിന്റെ ആചരണത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. പരിവർത്തനത്തിനു വിധേയരാകാനുള്ള സന്നദ്ധത പ്രഖ്യാപിച്ചുകൊണ്ട് അനുതാപത്തിന്റെ അടയാളമായി ചാരം പൂശിയാണല്ലോ നാം നോമ്പ് ആരംഭിച്ചിരിക്കുന്നത്. മനുഷ്യൻ പൊടിയും ചാരവുമാണെന്നും വളരെ പരിമിതമായ കാലയളവാണ് നമുക്കു ഭൂമിയിലുള്ളതെന്നും വിഭൂതിയാചരണം നമ്മെ ഓർമ്മപ്പെടുത്തുന്നു. മിശിഹായോടുകൂടി മരിക്കുന്നവൻ മിശിഹായോടുകൂടി ഉയിർക്കും എന്നു വി. പൗലോസ് നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈ പ്രത്യാശയാണല്ലോ സന്തോഷത്തോടെ മരണത്തെ സ്വാഗതം ചെയ്യാൻ നമ്മെ പ്രാപ്തരാക്കുന്നത്. ത്യാഗമനോഭാവത്തോടെ നാം സ്വീകരിക്കുന്ന കുരിശിന്റെ വഴിയാണ് നിത്യജീവനിലേക്കു നമ്മെ നയിക്കുന്നത്. ഉപവാസവും പ്രാർത്ഥനയും പരിത്യാഗപ്രവൃത്തികളും ജീവിതത്തിലുണ്ടാകുന്ന കുരിശുകളെ ക്ഷമയോടെ വഹിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. മാതൃകാപരമായ ക്രൈസ്തവജീവിതം നയിക്കുവാൻ പ്രത്യേകമായി ചുമതലപ്പെട്ടവരാണല്ലോ നാമോരോരുത്തരും. ആധുനികതയുടെ അതിപ്രസരത്തിലും ജീവിതവ്യഗ്രതയിലും വിശുദ്ധമായി നാം ആചരിച്ചുപോന്ന പല സുകൃതങ്ങളും നമുക്കു നഷ്ടമാവുകയാണ്. നമ്മുടെ താത്പര്യങ്ങൾക്കും സാഹചര്യങ്ങൾക്കുമനുസരിച്ച് നമ്മുടെ ഭക്താനുഷ്ഠാനങ്ങൾക്ക് മാറ്റം വരുത്തുക എന്നതു സാധാരണമാവുകയാണ്. ഇവിടെ മാതൃകയാവുക എന്നത് ഒരു വെല്ലുവിളിയായി ഏറ്റെടുക്കാൻ നമുക്കു സാധിക്കണം. വിശുദ്ധമായ പാരമ്പര്യങ്ങൾ കൈവിടാതെ സൂക്ഷിക്കാനും പാലിക്കാനുമുള്ള പ്രചോദനം വളരുന്ന തലമുറയ്ക്കു നല്കുവാൻ നമുക്കു കടമയുണ്ട്. ജീവിതവ്യഗ്രതകളെല്ലാം മാറ്റിവച്ച് ഒരു മണിക്കൂർ നേരമെങ്കിലും ഉണർന്നിരുന്നു പ്രാർത്ഥിക്കുവാൻ ഈ നോമ്പുകാലത്തു സാധിക്കണം.

കോവിഡ് ഭയത്തിൽനിന്നും മുക്തമായി നമ്മുടെ ദേശം സാധാരണ നിലയിലേക്ക് വന്നു കഴിഞ്ഞു. നമ്മുടെ പ്രവർത്തനങ്ങളിൽ ഇനിയും മന്ദത പാടില്ല. ജീവകാരുണ്യപ്രവർത്തനങ്ങളിൽ വളരെ താത്പര്യമുള്ള അനേകംപേർ നമ്മുടെ ചുറ്റുമുണ്ട്. അവരെ കണ്ടെത്തി അംഗങ്ങളായും സഹായകാംഗങ്ങളുമായി നമ്മുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുവാൻ നമുക്കു സാധിക്കണം. ചിലയിടങ്ങളിലെങ്കിലും സംഘടനയും നേതൃത്വവും ഏതാനും പേരുടെ കയ്യിലേക്കു ചുരുങ്ങുന്നതായി കാണപ്പെടുന്നുണ്ട്. അതുപോലെതന്നെ സംഘടനാ

പ്രവർത്തനം എന്നത് ടിന്നേജിന്റെ വിതരണം മാത്രമായി പരിമിതപ്പെടുത്തുന്ന പ്രവണതയും ചിലയിടങ്ങളിൽ കാണപ്പെടുന്നുണ്ട്. ഭവനസന്ദർശനത്തിലൂടെ നമുക്കനുയോജ്യരായവരെ കണ്ടെത്തി അംഗങ്ങളും സഹായകാംഗങ്ങളുമാക്കുക, നമ്മുടെ സഹായം അർഹിക്കുന്നവരെ കണ്ടെത്തി സഹായിക്കുക എന്നത് നമ്മുടെ പ്രാഥമിക കർത്തവ്യമാണ്. ടിന്നേജ്, സ്കോളർഷിപ്പ് തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ ആദ്യഗഡു എത്തിയിട്ടുണ്ടല്ലോ. ഇവയുടെ രസീതുകൾ ശേഖരിച്ച് യഥാസമയം സി.സി. വഴി നാഷണൽ കൗൺസിലിൽ എത്തിയാൽ മാത്രമേ അടുത്ത ഗഡു നമുക്കു ലഭ്യമാവുകയുള്ളു. കോൺഫറൻസ് / ഏരിയാ കൗൺസിൽ പ്രസിഡന്റുമാർ ഇക്കാര്യത്തിൽ വേണ്ട ജാഗ്രത പുലർത്തുമല്ലോ. സി.സി യിൽനിന്നും നല്കുന്ന നിർദ്ദേശങ്ങൾക്ക് ചില കോൺഫറൻസുകൾ ഉചിതമായ പരിഗണന നല്കുന്നില്ല എന്നത് ഈ അവസരത്തിൽ വേദനയോടെ സൂചിപ്പിക്കട്ടെ. നമ്മുടെ വാർഷിക കണക്കുകൾ ഏപ്രിൽ 9-ന് ഏരിയാ കൗൺസിലുകളിൽ ക്രോഡീകരിച്ച് അവ ഏപ്രിൽ 11നു മുമ്പ് സെൻട്രൽ കൗൺസിലിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മാർച്ച് 8 നാം അന്തർദേശീയ വനിതാദിനമായി ആചരിക്കുകയാണല്ലോ. എല്ലാ വനിതാ അംഗങ്ങളെയും ഈ അവസരത്തിൽ അഭിവാദനം ചെയ്യുന്നു. ഒപ്പം വനിതകളെ കൂടുതലായി നമ്മുടെ സംഘടനയിലേക്ക് കൊണ്ടുവരാനും നമുക്കു പരിശ്രമിക്കാം. മാർച്ച് 19, നാം മാർ യൗസേപ്പിന്റെ മരണത്തിരുനാൾ ആചരിക്കുകയാണല്ലോ. ഈ പുണ്യപിതാവിൽ വിളങ്ങിയിരുന്ന സുകൃതങ്ങളെപ്പറ്റി കഴിഞ്ഞവർഷം നാം ഏറെ പഠിക്കുകയും ധ്യാനിക്കുകയും ചെയ്തതാണല്ലോ. ആ പുണ്യമാതൃക നമ്മുടെ കുടുംബജീവിതങ്ങളെ അനുഗ്രഹീതമാക്കുവാൻ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. എല്ലാ ജോസഫ് നാമധാരികൾക്കും തിരുനാൾ ആശംസകൾ നേർന്നുകൊണ്ട്

ഈശോയിൽ സ്നേഹപൂർവം,

**ബ്ര. തോമസ് ടി. മൂലയിൽ**
(സി.സി. പ്രസിഡന്റ്)


# കരിസ്മാറ്റിക് നവീകരണം
## CHARISMATIC RENEWAL

ചങ്ങനാശേരി കരിസ്മാറ്റിക് സോണൽ സർവ്വീസ് ഓഫ് കമ്മ്യൂണിയന്റെ സേവന സമിതി അംഗങ്ങളുടെ യോഗം 2022 ജനുവരി 19-ന് നടന്നു. സോണൽ ഡയറക്ടർ ബഹു. മാത്യു താന്നിയത്ത് അച്ചനും കോർഡിനേറ്റർ ശ്രീ. മോൻ ചെത്തിമറ്റവും നേതൃത്വം നൽകിയ കൂട്ടായ്മയിൽ സോണിന്റെ പ്രവർത്തനങ്ങളെ ഊർജ്ജസ്വലമാക്കാൻ തീരുമാനങ്ങൾ കൈക്കൊണ്ടു. യുവജനങ്ങൾക്കായി മാത്രം ഒരു LSS യൂത്ത് വിംഗ് രൂപീകരിക്കുന്നത് നന്നായിരിക്കുന്നുവെന്ന് പല അംഗങ്ങളും അഭിപ്രായപ്പെടുകയും അതിന് തുടക്കം കുറിക്കുകയും ചെയ്തു. LSS ന്റെ രണ്ടാംബാച്ച് ഈ മാസം പൂർത്തിയാകും. മൂന്നാംബാച്ച് മാർച്ചിൽ തന്നെ ആരംഭിക്കുന്നതിനായി പ്രാർത്ഥിച്ച് ഒരുങ്ങുന്നു. നാലാം വെള്ളിയാഴ്ച സോൺ ഉപവാസദിനമായി ആചരിക്കുന്നു. KCSC ആഹ്വാനം ചെയ്ത ഉപവാസപ്രാർത്ഥനാദിനത്തിലും അംഗങ്ങൾ സജീവമായിരുന്നു. തുവാനിസ മിനിസ്ട്രി മാസാദ്യ ശനിയാഴ്ചകളിൽ നടത്തുന്ന അഖണ്ഡജപമാല പ്രാർത്ഥനയിൽ മിനിസ്ട്രി അംഗങ്ങൾ പങ്കുചേരുന്നു. എല്ലാ ശനിയാഴ്ചയും 7.30 p.m. മുതൽ 9.00 p.m. വരെ നടത്തുന്ന മദ്ധ്യസ്ഥപ്രാർത്ഥനയിലും വചനശുശ്രൂഷയിലും സഹോദരങ്ങൾ തീഷ്ണതയോടെ പങ്കെടുക്കുന്നു.

**മോൻ ചെത്തിമറ്റം**
(കോ-ഓർഡിനേറ്റർ)

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



174

# വിശ്വാസവും അനുസരണവും

(തിരുവചനഭാഗം: റോമാ 1,1–32)

പൗലോസ്ശ്ലീഹാ റോമിലെ സഭാസമൂഹത്തിന് അഭിവാദനം നൽകി അവരോടുള്ള സ്നേഹം പ്രകടമാക്കിയതിനുശേഷം അവരുടെയിടയിലുള്ള വിശ്വാസക്കുറവിനെ പരാമർശിക്കുകയും വിശ്വാസത്തിലൂടെയാണ് നീതീകരണവും രക്ഷയുമെന്ന് അവരെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ഈ തിരുവചനഭാഗം ഇപ്രകാരം വിഭജിക്കാം.

1. പൗലോസിന്റെ അഭിവാദനം (1,1–7)
2. വിശ്വാസത്തിനു പ്രോത്സാഹനം (1,8–15)
3. സുവിശേഷവും രക്ഷയും (1,16–17)
4. ദൈവജ്ഞാനവും ദൈവമഹത്ത്വവും (1,18–23)
5. അശുദ്ധിക്ക് വിട്ടുകൊടുക്കപ്പെട്ടവർ (1,24–32)

ഈ ലേഖനഭാഗം അജപാലകർക്കു നല്കുന്ന സന്ദേശമെന്തെന്നു പരിശോധിക്കാം.

## 1. പൗലോസിന്റെ അഭിവാദനം

*''ഈശോമിശിഹായുടെ ദാസനും ശ്ലീഹായായിരിക്കാൻ വിളിക്കപ്പെട്ടവനും ദൈവത്തിന്റെ സുവിശേഷത്തിനായി പ്രത്യേകം നിയോഗിക്കപ്പെട്ടവനുമായ പൗലോസ് എഴുതുന്നത്. ഈ സുവിശേഷം വിശുദ്ധ ലിഖിതങ്ങളിൽ പ്രവാചകന്മാർ മുഖേന ദൈവം മുൻകൂട്ടി വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. ഇത് അവിടുത്തെ പുത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹായെ സംബന്ധിച്ചുള്ളതാണ്. അവൻ, ജഡപ്രകാരം ദാവീദിന്റെ സന്തതിയിൽനിന്നു ജനിച്ചവനും മരിച്ചവരിൽനിന്നുള്ള ഉത്ഥാനംവഴി വിശുദ്ധിയുടെ ആത്മാവിനു ചേർന്നവിധം ശക്തിയിൽ ദൈവപുത്രനായി നിശ്ചയിക്കപ്പെട്ടവനുമാണ്''* (1,1–4).

പൗലോസ്ശ്ലീഹാ റോമായിലെ സഭയ്ക്കു തന്നെത്തന്നെ പരിചയപ്പെടുത്തി അവരെ അഭിവാദനം ചെയ്യുന്നു. മൂന്നുവിധത്തിലാണ് ശ്ലീഹാ സ്വയം പരിചയപ്പെടുത്തുന്നത്. ഈശോമിശിഹായുടെ ദാസൻ, ശ്ലീഹാ ആയിരിക്കാൻ വിളിക്കപ്പെ

ട്ടവൻ, ദൈവത്തിന്റെ സുവിശേഷത്തിനായി പ്രത്യേകം നിയോഗിക്കപ്പെട്ടവൻ. ഈശോയെ കർത്താവായി സ്വീകരിച്ചവരെന്നനിലയിൽ ക്രൈസ്തവരെല്ലാം ഈശോമിശിഹായുടെ ദാസരാണ്. 'ഈശോ കർത്താവാണെ'ന്നുള്ളതാണ് ആദിമസഭയുടെ വിശ്വാസപ്രഖ്യാപനം (1 കൊറി 12,3). അതുപോലെതന്നെ 'ശ്ലീഹാ' അഥവാ 'അയയ്ക്കപ്പെട്ടവൻ' ആയിരിക്കാനുള്ള പ്രത്യേക വിളിയും ലഭിച്ചിട്ടുള്ളവനായിരുന്നു പൗലോസ്. 'ശ്ലീഹാ' ആയിരിക്കുന്നതിന്റെ ലക്ഷ്യം ദൈവത്തിന്റെ സുവിശേഷം പ്രഘോഷിക്കുവാനായി പ്രത്യേകം നിയോഗിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. ക്രൈസ്തവരെല്ലാവരും ഇപ്രകാരം പ്രേഷിതദൗത്യമുള്ളവരാണ്. അജപാലകർക്ക് അതിനുള്ള പ്രത്യേക ദൗത്യവുമുണ്ട്.

മിശിഹായിലുള്ള വിശ്വാസം എപ്രകാരമുള്ളതാണ് എന്നു വിശദീകരിക്കുന്നതോടൊപ്പം അതിന്റെ ലക്ഷ്യവും എന്താണെന്നു ശ്ലീഹാ എടുത്തുപറയുന്നു. മിശിഹാ മരണോത്ഥാനത്തിലൂടെ ശക്തിയിൽ ദൈവപുത്രനായി നിശ്ചയിക്കപ്പെട്ടവനാണ്. അതു വിശുദ്ധിയുടെ ആത്മാവിനു ചേർന്നവിധവുമാണ്. ദൈവപുത്രത്വവും പരിശുദ്ധിയും ഒന്നാണെന്നും സഭാംഗങ്ങൾ ഇപ്രകാരം ദൈവപുത്രരുടെയും പരിശുദ്ധരുടെയും സമൂഹമാകുവാൻ വിളിക്കപ്പെട്ടവരാണെന്നും ഇവിടെ സൂചനയുണ്ട്. ഈ അവബോധത്തോടെ ജീവിക്കാൻ ക്രൈസ്തവർക്കു കഴിയണം. അതുപോലെതന്നെ സുവിശേഷപ്രഘോഷണത്തിന്റെ ലക്ഷ്യം വിശ്വാസത്തിന്റെ വിധേയത്വം സകലജാതികളുടെയിടയിലും ഉണ്ടാകേണ്ടതിനാണെന്നും ശ്ലീഹാ എടുത്തുപറയുന്നു. വിശ്വാസത്തിനനുസൃതമായ ജീവിതമാണ് 'വിശ്വാസത്തിന്റെ അനുസരണം' എന്ന് ഇവിടെ വിശേഷിപ്പിക്കപ്പെടുന്നത്. ഇപ്രകാരം വിശ്വസിക്കുന്ന ഒരു സമൂഹമായി അജഗണങ്ങളെ കെട്ടിപ്പടുക്കുവാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

## 2. വിശ്വാസത്തിനു പ്രോത്സാഹനം

*''നിങ്ങളുടെ വിശ്വാസം ഭൂമിയിൽ എല്ലായിടത്തും പ്രകീർത്തിക്കപ്പെടുന്നതിനാൽ, നിങ്ങൾക്കെല്ലാവർക്കും വേണ്ടി ആദ്യമേ ഞാൻ ഈശോമിശിഹാവഴി എന്റെ ദൈവത്തിനു നന്ദി പറയുന്നു. ഞാൻ നിങ്ങളെ ഇടവിടാതെ പ്രാർത്ഥനയിൽ സ്മരിക്കുന്നു എന്നതിന്, അവിടുത്തെ പുത്രനെക്കുറിച്ചുള്ള സുവിശേഷംവഴി ഞാൻ ആത്മനാ ശുശ്രൂഷിക്കുന്ന ദൈവമാണ് എനിക്കു സാക്ഷി. ദൈവേഷ്ടത്താൽ എങ്ങനെയെങ്കിലും നിങ്ങളുടെ അടുത്തു വന്നുചേരാൻ ഇപ്പോഴെങ്കിലും സാധിച്ചിരുന്നെങ്കിൽ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങളെ സ്ഥൈര്യപ്പെടുത്താൻ എന്തെങ്കിലും ആത്മീയവരം നിങ്ങൾക്കു നൽകേണ്ടതിനു നിങ്ങളെക്കാണാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. എന്റെയും നിങ്ങളുടെയും വിശ്വാസം നമ്മെ പരസ്പരം പ്രോത്സാഹിപ്പിക്കുമല്ലോ''* (1,8-12).

റോമിലെ ക്രൈസ്തവരുടെ വിശ്വാസത്തെ പൗലോസ്ശ്ലീഹാ പ്രോത്സാഹിപ്പിക്കുന്നു. അവരെ ശ്ലീഹായ്ക്കു പരിചയമില്ലെങ്കിലും അവർ ഉത്തമക്രൈസ്തവജീവിതം നയിക്കുന്നുണ്ടെന്നും അവരെ കാണാൻ തനിക്ക് ആഗ്രഹമുണ്ടെന്നും പറയുന്നു. മാത്രമല്ല, അവരെ തന്റെ പ്രാർത്ഥനയിൽ നിരന്തരം ഓർക്കുന്നുണ്ടെന്ന് എടുത്തുപറയുകയും ചെയ്യുന്നു. അവിടെ ചെല്ലുന്നതിനുമുൻപ് അവരുമായുള്ള സ്നേഹബന്ധം ഊട്ടിയുറപ്പിക്കുന്നതിനു വേണ്ടിയായിരിക്കാം ഇപ്രകാരം അവരെ വിശ്വാസത്തിൽ പ്രോത്സാഹിപ്പിക്കുന്നത്. സഭ വിശ്വാസി

കളുടെ സമൂഹമാണ്. വിശ്വാസജീവിതം സാധാരണമനുഷ്യജീവിതം പോലെ യല്ലാത്തതുകൊണ്ട് പരസ്പരം പ്രോത്സാഹിപ്പിക്കേണ്ട ഒന്നാണെന്ന് ഇതു സൂചിപ്പിക്കുന്നു. സ്വാഭാവികമായ മാനുഷികകഴിവുകൾകൊണ്ട് ക്രിസ്തീയജീ വിതം സാധ്യമല്ല, കാരണം, പാപബദ്ധമായ മനുഷ്യപ്രകൃതിയ്ക്ക് സ്വന്തം കഴി വുകൊണ്ട് ക്രിസ്തീയവിശ്വാസം ജീവിക്കുക അസാദ്ധ്യമാണ്. അതുകൊണ്ട് വിശ്വാസികൾ പരസ്പരം പ്രോത്സാഹിപ്പിച്ച് വിശ്വാസത്തിൽ നിലനിൽക്കുവാൻ ശ്രദ്ധിക്കണം.

പൗലോസ്ശ്ലീഹാ റോമിൽ പോയിട്ടില്ലെങ്കിലും, റോമിലെ ക്രിസ്ത്യാനികളെ ആരെയും അറിഞ്ഞിട്ടില്ലെങ്കിലും അവർക്കുവേണ്ടി നിരന്തരം പ്രാർത്ഥിച്ചിരുന്ന തായിട്ടു പറയുന്നു (1,8-9). വിശ്വാസത്തിൽ പങ്കുചേരുന്ന എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുക എന്നത് ഒരു ക്രിസ്തീയപുണ്യവും നേട്ടവുമാണ്. കർതൃ പ്രാർത്ഥനയെക്കുറിച്ചുള്ള ഒരു പ്രസംഗത്തിൽ നീസായിലെ വിശുദ്ധ ഗ്രിഗറി ഇപ്രകാരം പറയുന്നു: ''പ്രാർത്ഥയുടെ ഫലം ദൈവൈക്യമാണ്. ദൈവത്തോ ടുകൂടെ ആയിരിക്കുന്നവൻ ശത്രുവിൽനിന്നും വേർപ്പെട്ടവനാണ്. പ്രാർത്ഥ നയിലൂടെ നമുക്ക് ശാരീരികവും ആത്മീയവുമായ സുസ്ഥിതി ലഭിക്കുന്നു. സൗഭാഗ്യകരമായ കുടുംബജീവിതവും സമൂഹജീവിതവും ഉറപ്പാക്കുന്നു. ബുദ്ധിമുട്ടുകളിൽ ആശ്വാസം ലഭിക്കുന്നു''. മറ്റുള്ളവരുമായി സ്നേഹത്തിൽ വളരാനുള്ള മാർഗ്ഗം അവർക്കുവേണ്ടി പ്രാർത്ഥിക്കുകയാണ്. അതുകൊണ്ട് വിശ്വാസികളുടെ സമൂഹം പ്രാർത്ഥനയിലൂടെ പരസ്പരം സ്നേഹിക്കുന്നവരും പ്രോത്സാഹിപ്പിക്കുന്നവരുമായിരിക്കണം. അജപാലകർ അപ്രകാരം അജഗണ ങ്ങളെ പരിശീലിപ്പിക്കുകയും വേണം.

### 3. സുവിശേഷവും രക്ഷയും

*''സുവിശേഷത്തെപ്പറ്റി ഞാൻ ലജ്ജിക്കുന്നില്ല. എന്തെന്നാൽ, വിശ്വസിക്കുന്ന ഏവർക്കും, ആദ്യം യഹൂദർക്കും പിന്നീട് ഗ്രീക്കുകാർക്കും, അതു രക്ഷയി ലേക്കു നയിക്കുന്ന ദൈവശക്തിയാണ്. അതിൽ, വിശ്വാസത്തിൽനിന്നു വിശ്വാ സത്തിലേക്കു നയിക്കുന്ന ദൈവത്തിന്റെ നീതി വെളിപ്പെട്ടിരിക്കുന്നു. നീതിമാൻ വിശ്വാസം വഴി ജീവിക്കും എന്നു എഴുതപ്പെട്ടിരിക്കുന്നുവല്ലോ''* (1,16-17).

ഈശോമിശിഹായുടെ ശ്ലീഹായായ പൗലോസിനു സുവിശേഷത്തെപ്പറ്റി ലജ്ജയില്ല (2 തിമോ 1,8; മർക്കോ 8,38). ആ സുവിശേഷത്തിനുവേണ്ടി അദ്ദേഹം അചഞ്ചലമായി നിലകൊള്ളും. തന്നെയും താൻ പ്രസംഗിക്കുന്ന സുവിശേഷ ത്തെയുംപറ്റി ഉയർന്നുവന്ന വിമർശനങ്ങൾ പൗലോസിന്റെ മനസ്സിൽ അലയടി ക്കുന്നുണ്ടാവും (റോമാ 3,8). തന്റെ ബോദ്ധ്യങ്ങളിൽ മാറ്റം വരുത്തുകയില്ല എന്ന നിലപാട് ഈ വാക്കുകളിലൂടെ പൗലോസ് വ്യക്തമാക്കുന്നുണ്ട്. സുവിശേഷം ''ആദ്യം യഹൂദർക്കും പിന്നീട് ഗ്രീക്കുകാർക്കും രക്ഷയിലേയ്ക്കു നയിക്കുന്ന ദൈവശക്തിയാണ്''. തെരഞ്ഞെടുപ്പുവഴിയായി യഹൂദർക്ക് മുൻഗണന ലഭി ച്ചിട്ടുണ്ട് എന്നതു ശരിയാണ് (റോമാ 3,2; 9,4-5). പഴയനിയമങ്ങളിലൂടെ സൂചി പ്പിക്കപ്പെട്ട മിശിഹാ ഈശോ തന്നെയാണെന്നു യഹൂദർ മനസ്സിലാക്കണം (റോമാ 9,5; 11,26). അതുപോലെ വിജാതീയരും മിശിഹായിൽ രക്ഷകനെ കണ്ടെത്തേണ്ടിയിരിക്കുന്നു (റോമാ 15,9-13). ഇങ്ങനെ ഇരുകൂട്ടരും സുവിശേ ഷംവഴി കരഗതമാകുന്ന ദൈവകൃപവഴി ജീവിക്കും.

സുവിശേഷം സ്വീകരിക്കുന്ന വ്യക്തി നീതീകരിക്കപ്പെടുന്നത് അവന്റെ വിശ്വാസം മൂലമാണ്. ''നീതിമാൻ വിശ്വാസം വഴി ജീവിക്കും'' എന്ന പ്രവാചകവചനം (ഹബ 2,4) ഉദ്ധരിച്ചുകൊണ്ടാണ് പൗലോസ് ഇപ്രകാരം പറയുക. ഈശോയിൽ വിശ്വസിക്കുന്നവന് ദൈവനീതിയിൽ പങ്കാളിയാകുവാൻ കഴിയും എന്നാണ് പൗലോസിന്റെ വിശ്വാസം. അവന് സന്തോഷപുരസ്സരം ജീവിക്കാൻ കഴിയും. ഈ വാഗ്ദാനം ഈശോമിശിഹായുടെ മനുഷ്യാവതാരംവഴി ഇപ്പോൾ സകലർക്കും ലഭ്യമായിത്തീരുന്ന സുവിശേഷമായി ഭവിച്ചിരിക്കുന്നു. ഹബക്കുക്കിന്റെ രണ്ടാം അദ്ധ്യായം നാലാം വാക്യത്തിന്റെ യഹൂദവാഖ്യാനമനുസരിച്ച് നീതിമാൻ ജീവിക്കുന്നത് നിയമത്തോടുള്ള അവന്റെ പ്രതിബദ്ധതയനുസരിച്ചാണ്. എന്നാൽ പാപിയെ ശകാരിക്കുന്നതിന് നിയമത്തോടുള്ള അവിശ്വസ്തത മതിയാകും. പക്ഷേ, ദൈവം പാപിയെയും നിയമത്തിന്റെ വ്യവസ്ഥകൾ കൂടാതെതന്നെ രക്ഷിക്കും (റോമാ 3,21) എന്നാണ് പൗലോസ് പറയുന്നത്. കാരണം ഈശോമിശിഹായുടെ രക്ഷാകരപ്രവൃത്തിയിൽ വിശ്വസിക്കുന്നവൻ ദൈവത്തിന്റെ ദൃഷ്ടിയിൽ നീതിമാനാണ്. ഈ നീതി അഥവാ വിശുദ്ധിയാണ് ദൈവജനത്തിന്റെ ജീവിതലക്ഷ്യമാകേണ്ടതെന്ന് അജപാലകർ ഓർത്തിരിക്കണം.

### 4. ദൈവജ്ഞാനവും ദൈവമഹത്ത്വവും

*''ദൈവത്തെക്കുറിച്ച് അറിയാൻ കഴിയുന്നതൊക്കെ അവർക്കു വ്യക്തമായി അറിയാം. ദൈവം അവയെല്ലാം അവർക്കു വെളിപ്പെടുത്തിയിട്ടുണ്ട്. ലോകസൃഷ്ടിമുതൽ ദൈവത്തിന്റെ അദൃശ്യപ്രകൃതി, അതായത് അവിടുത്തെ അനന്തശക്തിയും ദൈവത്വവും, സൃഷ്ടവസ്തുക്കളിലൂടെ സ്പഷ്ടമായി അറിഞ്ഞിട്ടുണ്ട്. അതുകൊണ്ട് അവർക്ക് ഒഴികഴിവില്ല. അവർ ദൈവത്തെ അറിഞ്ഞിരുന്നെങ്കിലും അവിടുത്തെ ദൈവമായി മഹത്ത്വപ്പെടുത്തുകയോ അവിടുത്തേക്കു നന്ദി പ്രകാശിപ്പിക്കുകയോ ചെയ്തില്ല, മറിച്ച്, അവരുടെ യുക്തിവിചാരങ്ങൾ നിഷ്ഫലമായിത്തീരുകയും വിവേകരഹിതമായ ഹൃദയം അന്ധകാരത്തിലാണ്ടുപോവുകയും ചെയ്തു''* (1,19-21).

'രക്ഷ നൽകാൻ ശക്തമായ ദൈവനീതി പ്രത്യക്ഷപ്പെട്ടു. വിശ്വാസി അതു സ്വന്തമാക്കുന്നു' എന്നു പറഞ്ഞ പൗലോസ്ശ്ലീഹാ പാപത്തിനുമേലുള്ള ദൈവനീതിയുടെ പ്രകാശനമായ ക്രോധവും പ്രത്യക്ഷമായെന്നു പറയുന്നു. രക്ഷയും സുസ്ഥിതിയും സ്ഥാപിക്കുന്ന ദൈവംതന്നെ പാപത്തിനും ശിക്ഷ നൽകും (സങ്കീ 90,9; ഏശ 66,15-16). ദൈവത്തിന്റെ ന്യായവിധി ഉണ്ടാവുകതന്നെ ചെയ്യും (ദാനി 7,26-27). ദൈവത്തെക്കുറിച്ചു വ്യക്തമായി അറിയാൻ കഴിയുമായിരുന്നിട്ടും അവർ അതിനു തുനിയുന്നില്ല. അനീതിപരമായ പ്രവൃത്തികളിലൂടെ അവർ സത്യത്തെ ബന്ധിച്ചിട്ടിരിക്കുന്നു. പ്രപഞ്ചം ദൈവത്തിന്റെ കരവേലയാണല്ലോ. അവനിലൂടെ ദൈവത്തെ അറിയാവുന്നതാണ് (ജ്ഞാനം 13,5). പക്ഷേ, പാപികൾ ഈ സത്യത്തിനുനേരെ മുഖം തിരിക്കുന്നില്ല. അതുകൊണ്ട് അവർ ശിക്ഷിക്കപ്പെടും. പ്രപഞ്ചത്തിലും സൃഷ്ടികളിലും ദൈവത്തിന്റെ കരവേല ദർശിക്കുവാൻ വിശ്വാസികൾക്കു കഴിയണം. അപ്രകാരം അവർ ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന ജീവിതം നയിക്കുവാൻ അജപാലകർ വിശ്വാസികളെ പരിശീലിപ്പിക്കണം.

ദൈവത്തെ മഹത്ത്വപ്പെടുത്തുകയോ അവിടുത്തേയ്ക്ക് നന്ദി പ്രകാശിപ്പിക്കുകയോ ചെയ്യാത്തതുകൊണ്ട് ദൈവം അവരെ നിഷ്ഫലമായ യുക്തിവിചാരങ്ങൾക്കും വിവേകരാഹിത്യത്തിനും വിട്ടുകൊടുക്കുകയും ചെയ്തു. ദൈവം ശിക്ഷാവിധി നടപ്പിലാക്കിത്തുടങ്ങി എന്നാണ് പൗലോസ്ശ്ലീഹാ പറയുക. ബുദ്ധിമാന്മാരും ബുദ്ധിമതികളുമെന്നു നടിച്ച അവർ ദൈവത്തിന്റെ സ്ഥാനം സൃഷ്ടവസ്തുക്കൾക്കു നൽകി. അവരാണു യഥാർത്ഥ ഭോഷന്മാർ. കാരണം, ഭൂമിയിലുള്ള വസ്തുക്കളുടെ രൂപങ്ങൾ നിർമ്മിച്ച്, അവയാണു ദൈവം എന്നു സങ്കല്പിച്ച് അവർ സൃഷ്ടികളെ ആരാധിക്കാൻ തുടങ്ങി. വിഗ്രഹാരാധനയുടെ മൂഢത്വമാണ് പൗലോസ് ഇവിടെ സൂചിപ്പിക്കുക. സൃഷ്ടവസ്തുക്കളോടുള്ള സമീപനത്തിലും അവയെ ഉപയോഗപ്പെടുത്തുന്നതിലും ദൈവവിശ്വാസത്തിന്റെ സ്വാധീനമില്ലെങ്കിൽ, അത് വിഗ്രഹാരാധനയ്ക്കു തുല്യമായ പാപമായിരിക്കുമെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു. ഇപ്രകാരം വേണ്ടവിധത്തിൽ സൃഷ്ടവസ്തുക്കളെ കൈകാര്യം ചെയ്യുവാൻ അജപാലകർ അജഗണങ്ങളെ ബോധവത്ക്കരിക്കണം.

### 5. അശുദ്ധിക്ക് വിട്ടുകൊടുക്കപ്പെട്ടവർ

*''അതുകൊണ്ട് ദൈവം, അവരെ തങ്ങളുടെ ഭോഗാസക്തികളോടുകൂടെ, ശരീരങ്ങൾ പരസ്പരം അവമാനിതമാക്കുന്നതിന്, അശുദ്ധിക്ക് വിട്ടുകൊടുത്തു. എന്തെന്നാൽ, അവർ ദൈവത്തിന്റെ സത്യം ഉപേക്ഷിച്ച് വ്യാജം സ്വീകരിച്ചു. അവർ സ്രഷ്ടാവിലുമുപരി സൃഷ്ടിയെ ആരാധിക്കുകയും സേവിക്കുകയും ചെയ്തു. അവിടുന്ന് എന്നേക്കും വാഴ്ത്തപ്പെട്ടവനാണ്, ആമേൻ. അക്കാരണത്താൽ ദൈവം അവരെ നിന്ദ്യമായ വികാരങ്ങൾക്കു വിട്ടുകൊടുത്തു. അവരുടെ സ്ത്രീകൾ സ്വാഭാവികബന്ധങ്ങൾക്കു പകരം പ്രകൃതിവിരുദ്ധബന്ധങ്ങളിലേർപ്പെട്ടു. അതുപോലെ പുരുഷന്മാർ സ്ത്രീകളുമായുള്ള സ്വാഭാവികബന്ധം ഉപേക്ഷിക്കുകയും പരസ്പരാസക്തിയാൽ ജ്വലിച്ച് അന്യോന്യം ലജ്ജാകരകൃത്യങ്ങളിൽ ഏർപ്പെടുകയും ചെയ്തു. തങ്ങളുടെ തെറ്റിന് അർഹമായ ശിക്ഷ അവർക്കു ലഭിച്ചു''* (1,24-27).

ദൈവഹിതം തിരസ്ക്കരിച്ചവർ ദൈവത്തിന്റെ വിധിയിൽനിന്ന് ഒഴിഞ്ഞുമാറാമെന്നു കരുതേണ്ട. ദൈവം അവരെ കൈവിട്ടിരിക്കുകയാണ്. ദൈവമഹത്ത്വത്തിനു പകരമായി ആസക്തികൾക്കായി അവർ സ്വയം വിട്ടുകൊടുത്തു. അതിന്റെ ഉദാഹരണമാണ് പുരുഷന്മാരുടെയും സ്ത്രീകളുടെയും സ്വവർഗാനുരാഗം. ദൈവരാഹിത്യം മുഖമുദ്രയായിട്ടുള്ള ജീവിതത്തിന്റെ പല പതനങ്ങളിലൊന്നാണിത്. ദൈവം നിർദ്ദേശിച്ചിട്ടുള്ള ക്രമത്തിനു വിരുദ്ധമായ പാപമായിട്ടാണ് യഹൂദർ വിജാതീയരുടെ ഇത്തരം ബന്ധങ്ങളെ കണ്ടിരുന്നത്. മനുഷ്യശരീരത്തെ ആരാധനാപാത്രമായിക്കാണുന്ന ഈ മനോഭാവങ്ങൾ പാപമായി പൗലോസ് വിശേഷിപ്പിക്കുന്നു.

ഇക്കാര്യങ്ങൾതന്നെ ഒന്നുകൂടി വ്യക്തമാക്കിക്കൊണ്ട് ശ്ലീഹാ തുടർന്നു ദൈവനിഷേധത്തെക്കുറിച്ചു പറയുന്നു. മനുഷ്യന്റെ ദൈവനിഷേധം താത്വികമായി മാത്രം ഒതുങ്ങി നിൽക്കാതെ, തിന്മപ്രവൃത്തികളായി മാറുന്നു. പ്രകൃതിയിൽനിന്ന് തിരിച്ചറിയാവുന്ന ദൈവികപ്രാഭവം തിരസ്കരിക്കുന്നവർ പ്രകൃതിദത്തമായ വസ്തുക്കളിൽ കുടുങ്ങുന്നു. പാപങ്ങളുടെ ഒരു പട്ടികതന്നെ

പൗലോസ് നൽകുന്നുണ്ട്. പ്രകൃതിയിൽനിന്ന് ദൈവത്തിൽ എത്തിച്ചേരാമെന്നുള്ളത് സഭയുടെ ഔദ്യോഗികപ്രബോധനമാണ്. പാപത്തിൽ നിപതിക്കാത്ത ആദിമമനുഷ്യന് ദൈവമഹത്ത്വം നേരിട്ടുകാണാമായിരുന്നു. എന്നാൽ പാപം മനുഷ്യന്റെ കണ്ണുകൾക്കുമേൽ ഒരു ആവരണമായി നിൽക്കുന്നു. ദൈവത്തെ അറിഞ്ഞ് കൃതജ്ഞത പറയാൻ കഴിയാത്തവൻ ഇല്ലായ്മയിലും അന്യതാബോധ്യത്തിലും ഉഴലും. പ്രകൃതിയിലൂടെ ദൈവത്തെ കണ്ടെത്താനും, പ്രകൃതിയിൽ ദൈവം സ്ഥാപിച്ച ക്രമത്തിലൂടെ അവിടുത്തെ പദ്ധതികളെ കണ്ടെത്താനും നാം ശ്രമിക്കണം. ഇതേപ്പറ്റിയുള്ള ബോധവത്ക്കരണം സഭയിൽ ജനങ്ങൾക്കും അജപാലകർക്കും ഉണ്ടാവണം.

## ജീവിതസൂചിക

1. വിശുദ്ധരുടെയും ദൈവപുത്രരുടെയും സമൂഹമായി വിശ്വാസികളുടെ സമൂഹത്തെ കെട്ടിപ്പടുക്കുവാൻ ഞാൻ എത്രമാത്രം ശ്രദ്ധിക്കുന്നുണ്ട്?
2. പ്രാർത്ഥനയിലൂടെ പരസ്പരം സ്നേഹിക്കുന്നവരും പ്രോത്സാഹിപ്പിക്കുന്നവരുമായി സഭാസമൂഹത്തെ രൂപപ്പെടുത്തുവാൻ ഞാൻ എപ്രകാരം ശ്രമിക്കുന്നു?
3. ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിൽ വിശ്വസിക്കാൻ ഞാൻ ജനങ്ങളെ പഠിപ്പിക്കുന്നുണ്ടോ?
4. സൃഷ്ടപ്രപഞ്ചത്തിൽ ദൈവമഹത്ത്വം ദർശിക്കുവാനും അപ്രകാരം ദൈവത്തെ മഹത്ത്വപ്പെടുത്തുവാനും വിശ്വാസികളെ എപ്രകാരം പരിശീലിപ്പിക്കണം?
5. ദൈവനിഷേധത്തിന്റെയും തിന്മപ്രവൃത്തികളുടെയും സാന്നിദ്ധ്യം ഇന്നത്തെ സമൂഹത്തിൽ കാണപ്പെടുന്നുണ്ടോ?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**മാർച്ച് 2022**

25 രാവിലെ ചങ്ങനാശേരി കത്തീഡ്രൽ ദൈവാലയത്തിൽ വി. സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ ചെത്തിക്കളം ബഹു. മാത്യു സി.എം.ഐ അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ മണ്ണാർകുന്ന് മാർ ഗ്രിഗോറിയോസ് ഇടവകാംഗമായ ബെസ്റ്റി ജോജി സംവിധാനം ചെയ്ത *'മനസ്സ് നിറയെ* എന്ന ആൽബത്തിന്റെ പ്രകാശനകർമ്മം നിർവഹിച്ചു.

26 രാവിലെ കൂത്രപ്പള്ളി എസ്.എ.ബി.എസ് പ്രൊവിൻഷ്യൽ ഹൗസിൽ സിനാക്സിസിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ചു സിനാക്സിസ് അംഗങ്ങൾക്ക് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് പഴവങ്ങാടി മാർ സ്ലീവ ഇടവകദൈവാലയത്തിൽ ചാത്തനാട് സെന്റ് അൽഫോൻസാ ഇടവകാംഗമായ സ്രാമ്പിക്കൽ തങ്കച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ചമ്പക്കുളം ഗാഗുൽത്താ സി.എം.ഐ ആശ്രമ ദൈവാലയത്തിൽ സി.എം.ഐ സന്യാസസ ാംഗമായ ചെത്തിക്കളം ബഹു. മാത്യു അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

28 വൈകുന്നേരം യാമപ്രാർത്ഥനയുമായി ബന്ധപ്പെട്ട ലിറ്റർജി കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു.

29 രാവിലെ അതിരൂപതാ മാതൃ-പിതൃവേദിയുടെ പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനവും മാർഗരേഖയുടെ പ്രകാശനകർമ്മവും നിർവഹിച്ചു. ഇത്തിത്താനം എസ്.ഡി പ്രൊവിൻഷ്യൽ ഹൗസിൽ എസ്.ഡി ചങ്ങനാശേരി പ്രൊവിൻസ് അംഗങ്ങളായ സന്യാസിനികളുടെ പ്രഥമവ്രതവാഗ്ദാന കർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം ഫൊറോന കൗൺസിൽ സെക്രട്ടറിമാരുടെയും പാസ്റ്ററൽ കൗൺസിൽ കമ്മിറ്റി കൺവീനിയേഴ്സിന്റെയും സംയുക്തമായി നടത്തിയ ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ചു.

31 കുറിച്ചി മൈനർ സെമിനാരിയിൽ ഹോം ഡേ ആഘോഷങ്ങളിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് ആർച്ച്ഡയോസിഷൻ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

**ഫെബ്രുവരി 2022**

02 പങ്ങട സേക്രഡ് ഹാർട്ട് ഇടവകാംഗമായ വാവാനിക്കുന്നേൽ വി.വി ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം സമർപ്പിതദിനത്തോടനുബന്ധിച്ച് അതിരൂപതയിലെ സന്യാസിനികൾക്കായി നടത്തപ്പെട്ട ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ച് സമർപ്പിതരുമായി സംവദിച്ചു.

03 വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിങ്ങിൽ സംബന്ധിച്ചു.

10 വൈകുന്നേരം പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ബോർഡ് അംഗങ്ങളുടെ ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ചു.

11 രാവിലെ പായിപ്പാട് ലൂർദ് ഇടവകയിൽ പുതുതായി പണികഴിപ്പിച്ച സെമിത്തേരിയുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

12 അതിരൂപത കുടുംബക്കൂട്ടായ്മ-ബൈബിൾ അപ്പോസ്തലേറ്റ് സംഘടിപ്പിച്ച 11-ാമത് ലിറ്റർജിക്കൽ ക്വിസിന്റെയും 2021 ലോഗോസ് ക്വിസ് മത്സരത്തിന്റെയും സമ്മാനദാനം നടത്തുകയും പഞ്ചവത്സര അജപാലനപദ്ധതി 5-ാം വർഷത്തെ പഠനവിഷയമായ വിശ്വാസവും ക്രിസ്തീയ ധാർമ്മികതയും എന്ന പുസ്തകവും കുടുംബക്കൂട്ടായ്മ മാർഗ്ഗരേഖയും സിനഡൽ മാർഗ്ഗരേഖയും ലോഗോസ് ക്വിസ് പഠനസഹായി എന്നിവയുടെ പ്രകാശനകർമ്മം നിർവഹിക്കുകയും ചെയ്തു.

13 രാവിലെ നെടുമുടി നസ്രത്ത് ഇടവക ദൈവാലയത്തിൽ പുതുതായി പണികഴിപ്പിച്ച കുരിശടിയുടെയും സെമിത്തേരിയുടെയും ആശീർവാദകർമ്മം നിർവഹിച്ചു. തുടർന്ന് പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന അഭിവന്ദ്യ ജോസഫ് പവ്വത്തിൽ പിതാവിന്റെ മെത്രാഭിഷേക സുവർണ ജൂബിലി ആഘോഷ സമ്മേളനത്തിന് സ്വാഗതം ആശംസിച്ചു. ഉച്ചകഴിഞ്ഞ് മാർത്തോമ്മാ വിദ്യാനികേതന്റെ കോൺവൊക്കേഷനിൽ സംബന്ധിച്ച് വിവിധ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

14 അതിരൂപതാകേന്ദ്രത്തിൽ നടന്ന ഇന്റർഡിപ്പാർട്ട്മെന്റ് മീറ്റിംഗിൽ സംബന്ധിച്ചു.

15 രാവിലെ നാലുകോടി സെന്റ് തോമസ് ഇടവകയിൽ അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ മെത്രാഭിഷേക സുവർണ്ണജൂബിലിയോടനുബന്ധിച്ച് പണികഴിപ്പിച്ച സ്നേഹവീടിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

16 വൈകുന്നേരം നിരണം മാർത്തോമ്മാശ്ലീഹാ സെമിനാരിയിൽ ഹോം ഡേ ആഘോഷങ്ങളിൽ സംബന്ധിച്ചു.

17 രാവിലെ പുന്നപ്ര ദനഹാലയുടെ ഹോം ഡേയുടെ ആഘോഷങ്ങളിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ നടന്ന ഫൊറോനാ വികാരിമാരുടെ സമ്മേളനത്തിൽ സംബന്ധിച്ചു. തിരുവനന്തപുരം ലൂർദ് മാതാ എൻജിനീയറിങ് കോളേജിന്റെ ജനറൽ ബോഡി മീറ്റിംഗിൽ സംബന്ധിച്ചു.

18 ഉച്ചയ്ക്ക് ഷംഷാബാദ് രൂപത ആസ്ഥാനം സന്ദർശിച്ചു. അവിടെ നടന്ന ഷംഷാബാദ് രൂപതയിലെ വിവിധ സ്ഥലങ്ങളിൽ ad gentes മിഷന് നേതൃത്വം നൽകുന്ന മിഷണറിമാരുടെ സംഗമത്തിന് സമാപനസന്ദേശം നൽകി. അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവുമായി ചർച്ചകൾ നടത്തി.

19 രാവിലെ ഷംഷാബാദ് രൂപതാകേന്ദ്രത്തിൽ പരി. കുർബാനയർപ്പിച്ചു. അതിനുശേഷം ജയ്പൂർ മിഷനിലേക്ക് യാത്രതിരിച്ചു. ഉച്ചകഴിഞ്ഞു ജയ്പൂരിൽ പള്ളിയുടെ ഭാഗമായി പുതുതായി പണികഴിപ്പിക്കപ്പെട്ട വൈദിക മന്ദിരത്തിന്റെ ആശീർവാദകർമം നിർവഹിച്ചു സന്ദേശം നൽകി.

20 രാവിലെ ജോട്വാര ഇടവക ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു. ഉച്ചകഴിഞ്ഞു പുതുതായി പണികഴിപ്പിച്ച ജയ്പൂർ ഹോളി ഫാമിലി ഇടവക ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവഹിച്ചു. തുടർന്നുനടന്ന സമ്മേളനത്തിൽ സംബന്ധിച്ച് പള്ളിയുടെ നിർമാണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ പീടിയേക്കൽ ബഹു. പോൾ അച്ചനേയും ഇടവകക്കാരെയും അഭിനന്ദിക്കുകയും ചെയ്തു.

21 രാവിലെ ജയ്പൂർ ഹോളിഫാമിലി ഇടവക ദൈവാലയത്തിൽ പരിശുദ്ധ കുർബാനയർപ്പിക്കുകയും ആറാമത്തെ കുഞ്ഞിന് മാമോദീസാ നൽകുകയും ചെയ്തു. അതിനുശേഷം ജയ്പൂർ ലത്തീൻ രൂപതാകേന്ദ്രത്തിൽ ജയ്പൂർ രൂപതാധ്യക്ഷൻ മോസ്റ്റ് റവ. ഓസ്വാൾഡ് ലേവീസിനെ സന്ദർശിച്ച് മിഷനെക്കുറിച്ചും അജപാലനപരമായ ധാരണകളെക്കുറിച്ചും അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന്റെ സാന്നിധ്യത്തിൽ ചർച്ചകൾ നടത്തി. വൈകുന്നേരം ജോട്വാരാ സെന്റ് തോമസ് ഇടവക സന്ദർശിച്ചു. അവിടെ പുതുതായി ആരംഭിച്ച പ്ലേ സ്കൂളിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. തുടർന്ന് ഇടവകാംഗങ്ങളുമായി സംവദിച്ചു.

22 വാർദ്ധക്യസഹജമായ രോഗാവസ്ഥയിലിരിക്കുന്ന ഉദയ്പൂർ മുൻ രൂപതാധ്യക്ഷൻ അഭിവന്ദ്യ പതാലിൽ പിതാവിനെ രൂപതാകേന്ദ്രത്തിൽ എത്തി സന്ദർശിച്ചു പ്രാർത്ഥിച്ചു. ഷംഷാബാദ് രൂപതയുടെ ഉദയ്പൂർ മിഷൻ സെന്ററിൽ എത്തി വിശ്വാസികളോടൊപ്പം അഭിവന്ദ്യ തട്ടിൽ പിതാവിന്റെ സാന്നിധ്യത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. വിശ്വാസിസമൂഹവുമായി സംവദിച്ചു.

23 ഗുഡ്ഗാവിലുള്ള സെന്റ് മേരീസ് മലങ്കര കാത്തോലിക്ക കത്തീഡ്രൽ ദൈവലയം സന്ദർശിക്കുകയും അഭിവന്ദ്യ ബർണബാസ് തിരുമേനിയുടെ കബറിടത്തിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. അതിനുശേഷം ഗുഡ്ഗവിലെ ഹോളി ഫാമിലി സീറോമലബാർ ദൈവാലയം സന്ദർശിച്ചു. ബിവാഡി സെന്റ് ജോസഫ് ഇടവക ദൈവാലയം സന്ദർശിച്ചു പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് ഇടവകാംഗങ്ങളുമായി സംവദിച്ചു.

## മാർ തോമസ് തറയിൽ

**ജനുവരി 2022**

29 കോതമംഗലം രൂപത പൈങ്ങോട്ടൂർ സെന്റ് ആന്റണീസ് ഫൊറോന ഇടവകയിലെ സൺഡേസ്കൂൾ കുട്ടികളുടെ മാതാപിതാക്കൾക്ക് ഓൺലൈനിലൂടെ നടത്തിയ പി.ടി.എ. സെമിനാർ 'കരുതൽ' എന്ന പ്രോഗ്രാമിൽ സംസാരിച്ചു.

30 തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ഇടവകയുടെ നേതൃത്വത്തിൽ നടത്തിയ ഓൺലൈൻ കരിയർ ഗൈഡൻസ് സെഷനിൽ സംസാരിച്ചു.

31 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിലെ ഹോം ഡേ ആഘോഷത്തിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ CAHRD (Changanacherry Archdiocese Human Resource Development) ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

**ഫെബ്രുവരി 2022**

1 പുന്നപ്ര ദനഹാലയായിൽ ക്ലാസെടുത്തു. എസ്.ഡി ഡൽഹി പുഷ്പാദാം പ്രൊവിൻസിലെ സിസ്റ്റേഴ്സിന് ഓൺലൈനിലൂടെ ധ്യാനചിന്തകൾ നൽകി.

2 ചങ്ങനാശേരി അൽഫോൻസാ ബാലികാഭവനിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

3 കായൽപ്പുറം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. പുന്നപ്ര ദനഹാലയായിൽ ക്ലാസെടുത്തു.

4 അതിരൂപതാകേന്ദ്രത്തിൽവെച്ച് അതിരൂപതയിലെ നവവൈദികരുമായി സംസാരിച്ചു.

5 കുറിച്ചി ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ എം.എൽ.എഫ് ചങ്ങനാശേരി പ്രൊവിൻസിലെ സന്യാസാർത്ഥിനികളുടെ സന്യാസവസ്ത്രസ്വീകരണത്തിനും പ്രഥമവ്രതവാഗ്ദാനത്തിനും മുഖ്യകാർമ്മികത്വം വഹിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗം സണ്ണി ജെ. അക്കരയുടെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. ചങ്ങനാശേരി അതിരൂപത യുവദീപ്തി എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ഓൺലൈൻ യൂത്ത് ട്രെയിനിങ് പ്രോഗ്രാമിൽ യുവജനങ്ങളുമായി സംവദിച്ചു.

6 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി.

7 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗം അലക്സ് ഉള്ളാഹയിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. പാലാ രൂപത പൈക സെന്റ് തോമസ് ദൈവാലയത്തിൽ വിവാഹവാഗ്ദാന കർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. പുന്നത്തുറ സെന്റ് തോമസ്

ഇടവകാംഗം പുതുമനമൂഴിയിൽ ബഹു. ജോർജ്ജ് അച്ചന്റെ പിതാവ് പി.ജെ അഗസ്റ്റിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. ചങ്ങനാശേരി അതിരൂപത പാസ്റ്ററൽ കൗൺസിലിന്റെ ഓൺലൈൻ അജണ്ട കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ ഒന്നാംവർഷ വൈദിക വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഇംഗ്ലീഷ് നാടക പ്രദർശനത്തിൽ പങ്കെടുത്തു.

8 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ ക്ലാസെടുത്തു.

9 ചങ്ങനാശേരി എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. സിസ്റ്റർ ജമാലിറ്റ് പാലാക്കുന്നേൽ എസ്.എച്ച് ന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ച് ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ നേതൃത്വത്തിൽ എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റേഴ്സിനായ് നടത്തിയ വെബ്ബിനാറിൽ പങ്കെടുത്തു. മീൻകുളം ലൂർദ്ദ്മാതാ ദൈവാലയത്തിൽ പുതിയതായി നിർമ്മിച്ച വൈദിക മന്ദിരം വെഞ്ചെരിച്ചു.

10 പച്ച-ചെക്കിടിക്കാട് ലൂർദ്ദ്മാതാ ദൈവാലയത്തിൽ ഇടവകതിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. അതിരമ്പുഴ സെന്റ് മേരീസ് ഫൊറോന ഇടവകാംഗം ചാലാശ്ശേരി ബഹു. ജോസഫ് അച്ചന്റെ മാതാവ് മറിയക്കുട്ടി ചാക്കോയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വംവഹിച്ചു.

11 മനയ്ക്കച്ചിറ സെന്റ് ജോസഫ്സ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് പുതിയതായി നിർമ്മിച്ച വൈദികമന്ദിരം വെഞ്ചെരിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ലോക രോഗീദിനത്തോടനുബന്ധിച്ച് നടത്തിയ മീറ്റിംഗിൽ സന്ദേശം നൽകി. വടക്കേക്കര സെന്റ് മേരീസ് ദൈവാലയത്തിൽ ഇടവകതിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

12 പരുമല പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ദൈവാലയത്തിൽ നടന്ന ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ ബസേലിയോസ് മാർത്തോമാ മാത്യൂസ് ത്രിതീയൻ ബാവായുടെ ജന്മദിനാഘോഷത്തിൽ ആശംസകൾ അറിയിച്ചു. അമ്പൂരി സെന്റ് ജോർജ്ജ് ഇടവകാംഗം മുള്ളംപാറയ്ക്കൽ ബഹു. ജോൺ അച്ചന്റെ മാതാവ് ത്രേസ്യാമ്മ ജോസഫിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

13 ചെറിയവെളിനല്ലൂർ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിന് മുഖ്യകാർമ്മികത്വംവഹിച്ചു. സന്ദേശനിലയം ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന അഭിവന്ദ്യ ജോസഫ് പവ്വത്തിൽ പിതാവിന്റെ മെത്രാഭിഷേക സുവർണ്ണജൂബിലി ആഘോഷത്തിൽ പങ്കെടുത്തവർക്ക് നന്ദി അറിയിച്ചു.

14 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗം പി.ജെ. ത്രേസ്യാമ്മ മണ്ണാകുന്നേലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. പറാൽ സെന്റ് ആന്റണീസ് ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു. കിഴക്കേ മിത്രക്കരി ഹോളിഫാമിലി ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടന്ന ഇന്റർഡിപ്പാർട്ടുമെന്റൽ മീറ്റിംഗിൽ പങ്കെടുത്തു.

15 പുന്നപ്ര ദനഹാലയായിൽ ക്ലാസെടുത്തു.

16 അതിരൂപതാകേന്ദ്രത്തിൽ നടന്ന *'കരുതൽ 2022'* കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു. നിരണം മാർത്തോമ്മാശ്ലീഹാ സെന്റർ സെമിനാരിയിലെ ഹോം ഡേ ആഘോഷത്തിൽ പങ്കെടുത്തു.

17 ചമ്പക്കുളം സെന്റ് മേരീസ് ബസലിക്കാ ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ നടന്ന ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ നടന്ന ലൂർദ്ദ്മാതാ കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ സബർമതി ഗാന്ധിനഗർ ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന അത്താഴവിതരണത്തിന്റെ 265-ാം ദിവസം അനുഗ്രഹപ്രഭാഷണം നടത്തി.

18 പുന്നപ്ര ദനഹാലയായിൽ ക്ലാസെടുത്തു. അതിരൂപതയിലെ വൈദികർക്ക് വലിയനോമ്പിനൊരുക്കമായി നടത്തിയ ഓൺലൈൻ മാസധ്യാനത്തിൽ പങ്കെടുത്തു.

19 എസ്.ഡി ജനറലേറ്റിന്റെ ആഭിമുഖ്യത്തിൽ *'മാനസിക-വൈകാരിക പക്വതയും സന്യാസജീവിതവും'* എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ വെബ്ബിനാറിൽ മുഖ്യപ്രഭാഷണം നടത്തി. ഫാത്തിമാപുരം ഫാത്തിമാമാതാ ഇടവകാംഗം ഫിലോമിനാ ജോസഫ് ഇളപ്പുങ്കലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗം തങ്കച്ചൻ മാത്യു മാറാട്ടുകളത്തിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശേരി ചാസ്സിന്റെ ഓഫീസിൽ ബഹു. ട്രീസാ രണ്ടുപ്ലാക്കൽ എസ്.എ.ബി.എസ് ന്റെ സന്യാസജീവിതത്തിന്റെ സുവർണ്ണജൂബിലി ആഘോഷത്തോടനനുബന്ധിച്ചു നടത്തിയ മീറ്റിംഗിൽ ആശംസകളറിയിച്ചു സംസാരിച്ചു.

20 മാമ്മൂട് സെന്റ് ജോസഫ് നൊവിഷ്യേറ്റ് ഹൗസിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. എസ്.ബി കോളേജിലെ കല്ലറയ്ക്കൽ ഹാളിൽ ശ്രീമതി ഡെയിസമ്മ ജെയിംസ് രചിച്ച 'കാത്തിരിപ്പ്' എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം നിർവ്വഹിച്ചു. തൃശൂർ അതിരൂപതാകേന്ദ്രം സന്ദർശിച്ചു.

21 താമരശ്ശേരി രൂപത തിരുവമ്പാടി തിരുഹൃദയ ഫൊറോന ദൈവാലയത്തിൽ മ്ശംശാന ജോർജ്ജ് കയത്തിങ്കലിന് പൗരോഹിത്യപട്ടം നൽകി. കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികളെ സന്ദർശിച്ചു. തലശ്ശേരി അതിരൂപതാകേന്ദ്രം സന്ദർശിച്ചു.

23 വായ്പൂരിൽ എഫ്.സി.സി സന്യാസസമൂഹത്തിന്റെ പുതിയതായി നിർമ്മിച്ച സെന്റ് ആന്റണീസ് കോൺവെന്റിന്റെ ചാപ്പൽ കൂദാശ ചെയ്ത് പരിശുദ്ധ കുർബാന അർപ്പിച്ചു തുടർന്ന് കോൺവെന്റ് വെഞ്ചെരിച്ചു. നിരണം മാർത്തോമ്മാശ്ലീഹാ സെന്ററിൽ വൈദികവിദ്യാർത്ഥികൾക്ക് ക്ലാസെടുത്തു.

24 തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന ദൈവാലയത്തിൽ പ്ലാപ്പള്ളിൽ ബഹു. ജോർജ്ജ് അച്ചന്റെ ചരമവാർഷികദിനത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. വാഴപ്പള്ളിമഠം ചാപ്പലിൽ ബഹു. സൈമൺ വടക്കേടം എസ്.എ.ബി.എസ് ന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വംവഹിച്ചു. പായിപ്പാട് ലൂർദ്ദ്മാതാ ദൈവാലയത്തിൽ ഇടവകതിരുനാളിനോടനുബന്ധിച്ച് ആഘോഷമായ പരിശുദ്ധ കുർബാനയർപ്പിച്ചു.

25 തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ സ്വരാജ് ജോൺ തോമസിന്റെ ഏഴാം ചരമദിനത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. രാമങ്കരി സെന്റ് ജോസഫ് ഇടവകാംഗങ്ങളായ ചേന്നാട്ടുശ്ശേരി ബഹു. ജോസ് CMI അച്ചന്റെയും ബഹു. തോമസ് CMI അച്ചന്റെയും പിതാവ് സി.വി. ചാക്കോയുടെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വംവഹിച്ചു.

## 22-ാം ചരമവാർഷികം




ചങ്ങനാശേരി അതിരൂപത മുൻ മെത്രാപ്പോലീത്തായും
സീറോമലബാർ സഭയുടെ പ്രഥമ മേജർആർച്ചുബിഷപ്പുമായ
**മാർ ആന്റണി പടിയറ പിതാവിന്റെ സ്മരണയ്ക്ക്** മുമ്പിൽ
**പ്രണാമം...**

**VEDAPRACHARA MADHYASTAN VOL.94 No.09 March 2022**
Date of Publication : 28-02-2022
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month



സാർവ്വത്രികസഭയുടെ സംരക്ഷകനും
നമ്മുടെ അതിരൂപതയുടെ മദ്ധ്യസ്ഥനുമായ
**മാർ യൗസേപ്പ് പിതാവിന്റെ**
തിരുനാളാശംസകൾ

Estd. 1928 Phone 2410101
Printed & Published by Fr Mathew Padinjarekuttu on behalf of Archbishop's House Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. Kerala - 686 101 from Archbishop's House, P.B. No. 20, Changanacherry, Kottayam Dist. Kerala - 686 101
Editor: Fr Issac Alencherry, Exe. Editor: Fr Jenny Kayamkulathusserry
E-mail: sjopresschry@gmail.com | Website: www.archdiocesechanganacherry.org